Specimen Copy.

സാമൂഹ്യപാഠങ്ങൾ.

(6-ാം ക്ലാസ്സിലേക്ക്)

By

കെ. മുഹമ്മദലി ബി. എ., എൽ. റ്റി.

[*Price Re. 1-*

സാമൂഹ്യപാഠങ്ങൾ.

(6–ാം ക്ലാസ്സിലേക്ക്)

പബ്ലിഷേഴ്സ്

എം. എസ്സ്. ബുക്കുഡിപ്പോ,

കവിയൂർ.

(പ്രസിദ്ധീകരണാവകാശം

എം. എസ്സ്. ബുക്കുഡിപ്പോയിക്ക്)

Printed at the
St. Joseph's Printing House,
Tiruvalla.

സാമൂഹ്യപാഠങ്ങൾ.

അദ്ധ്യായം 1.

കേരളം.

പ്രാരംഭം.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീപ്രദേശങ്ങൾ ഉൾപ്പെട്ടതാണു കേരളം. സാമാന്യമായി മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ താമസിക്കുന്ന ഭാഗമാണു ഇതു്. എങ്കിലും, കേരളത്തിന്റെ തെക്കുഭാഗത്തു തമിഴ് ഭാഷ സംസാരിക്കുന്നവരും വടക്കു കണ്ണാടക ജില്ലയോടു സമീപിച്ചു കണ്ണാടകം സംസാരിക്കുന്നവരും ഉണ്ടു്. വടക്കു ഗോകർണ്ണംമുതൽ തെക്കു കന്യാകുമാരിവരെ പശ്ചിമഘട്ടത്തിനു് പടിഞ്ഞാറും അറേബ്യൻ കടലിനു് കിഴക്കും ആയി ഈ ഭൂവിഭാഗം സ്ഥിതിചെയ്യുന്നു.

ഇന്ത്യാ ഭൂഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറെ ക്കോണിൽ, കിഴക്കുനിന്നു പടിഞ്ഞാറോട്ടു് ക്രമേണ ചരിഞ്ഞുകിടക്കുന്ന ഭൂപ്രകൃതിയാണു് കേരളത്തിനുള്ളതു്.


ഭൂപ്രകൃതി.

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായിതിരംതിരിക്കാം. മലനാട്—ഇടനാട്—തീരപ്രദേശം.

തീരപ്രദേശം.

കടലിനോടും കായലിനോടും തൊട്ടുകിടക്കുന്ന പ്രദേശമാണു തീരഭൂമി. കേരവൃക്ഷങ്ങളെക്കൊണ്ടു നിബിഡമാണു് ഈ പ്രദേശം. ഫലഭൂയിഷ്ഠമായ ഈ ഭാഗം നെൽകൃഷിക്കും പറ്റിയതാണു്. കേരളത്തിന്റെ തെക്കുഭാഗം ഉപ്പളങ്ങൾക്കു പ്രസിദ്ധമായിരിക്കുന്നു. കന്യാകുമാരിയിലേയും ചവറയിലേയും തീരപ്രദേശത്തുള്ള മണൽ ലോകപ്രസിദ്ധമായിത്തീർന്നിട്ടുണ്ടു്. ചകരി വ്യവസായശാലകളാലും പ്രസിദ്ധപ്പെട്ട തുറമുഖങ്ങളാലും കച്ചവടകേന്ദ്രങ്ങളാലും പ്രാധാന്യമർഹിക്കുന്ന ഒരു പ്രദേശമാണു തീരഭൂമി.

സമുദ്രത്തോടു സമീപിച്ചു് ഉടനീളമായി അനേകം കായലുകൾ ഈ പ്രദേശത്തുണ്ടു്. ഇവ തെക്കുവടക്കു നീണ്ടുകിടക്കുന്നു. ഇവയിൽ ഏറ്റവും വലുതു്, വേമ്പനാട്ടുകായൽ ആണു്. ഇതിനു തെക്കുവടക്കു 120 മൈൽ നീളമുണ്ടു്. വേമ്പനാട്ടുകായലിനു വടക്കു കൊടുങ്ങല്ലൂർ കായലും, തെക്കു കൊല്ലത്തുള്ള അഷ്ടമുടിക്കായലും പ്രസിദ്ധപ്പെട്ടവയാണു്. ഈ കായലുകളും സമുദ്രവുമായി ബന്ധിക്കുന്ന അഴികളും പ്രാധാന്യമർഹിക്കുന്നവയാണു്. മിക്കവാറും


കേരളം
തെക്കൻ കന്നഡ
ചന്ദ്രഗിരിനദി
12° N
മൈസൂർ
നീലഗിരി
കോയമ്പത്തൂർ
മധുര
രാമനാഥപുരം
ചെങ്കോട്ട
തിരുനൽവേലി
കന്യാകുമാരി
8° N
SCALE 1" = 60 MILES

ഈ കായലുകളും നദികളും തോടുകളും വഴിയായി കേരളത്തിന്റെ തെക്കെ അറ്റംമുതൽ വടക്കെ അറ്റംവരെ വള്ളത്തിൽ യാത്രചെയ്യാം.

ഇടനാട്.

മലനാട്ടിനും തീരപ്രദേശത്തിനും മധ്യേ സ്ഥിതിചെയ്യുന്നു. പൊതുവിൽ ചെങ്കൽപ്രദേശമാണിതു്. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തു മാവു്, പ്ലാവു് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളമായുണ്ടു്. കുരുമുളകു്, ഇഞ്ചി, ഇഞ്ചിപ്പുല്ലു്, പയറുവർഗ്ഗങ്ങൾ, നെല്ലു് കരിമ്പു് മുതലായവ ഈ പ്രദേശങ്ങളിൽ കൃഷിചെയ്യുവരുന്നു. കേരളത്തിന്റെ തെക്കുനിന്നും വടക്കോട്ടുള്ള പ്രധാന റോഡു് ഈ പ്രദേശത്തുക്കൂടെയാണു് പോകുന്നതു്. കന്യാകുമാരി മുതൽ കാസർകോടുവരെ യാത്രചെയ്യത്തക്ക റോഡു് ഈ പ്രദേശത്തു നെടുനീളെ കിടക്കുന്നു. ശാഖോപശാഖകളായി അനേകം റോഡുകളും തീരപ്രദേശത്തേയും മലനാട്ടിനേയും ബന്ധിപ്പിക്കുന്നുണ്ടു്.

മലനാടു്.

പർവ്വതങ്ങളോടു തൊട്ടുകിടക്കുന്ന പ്രദേശമാണിതു്. പർവ്വതങ്ങളുടെ പടിഞ്ഞാറോട്ടു് ചരിഞ്ഞുകിടക്കുന്ന മലകളും മറ്റുപ്പെട്ട പ്രദേശമാണിതു്. സാമ്പത്തികമായി ഈ പ്രദേശത്തിനു് വളരെ പ്രാധാന്യമുണ്ടു്. റബ്ബർ, തേയില, ഏലം, കാപ്പി തുടങ്ങിയവ


കൃഷിചെയ്യുന്ന തോട്ടങ്ങളും ഇവിടെയാണ്. ക്രൂരമായ ഈട്ടി, തേക്ക് ആദിയായ വൻമരങ്ങളും ഇവിടെയുള്ള വനങ്ങളിൽ സമൃദ്ധിയായി വളരുന്നു. മലബാറിൽ നിലമ്പൂരിലുള്ള തേക്കിൻതോട്ടം പ്രസിദ്ധപ്പെട്ടതാണ്.

നമ്മുടെ പർവ്വതങ്ങളിൽ ആന, കാട്ടുപോത്ത്, പുലി, കരടി, മാൻ, മ്ലാവ് മുതലായ മൃഗങ്ങളും ഉണ്ട്.

പർവ്വതങ്ങൾ.

തിരുവിതാംകൂറിന്റെ കിഴക്കുഭാഗത്ത് കിടക്കുന്ന സഹ്യപർവ്വതം, വടക്കോട്ട് തുടർന്ന് 1000 മൈൽ ദൂരത്തോളം വിന്ധ്യാപർവ്വതംവരെ എത്തിച്ചേരുന്നു. ഈ പർവ്വതനിരയ്ക്കു പൊതുവെ പശ്ചിമഘട്ടം എന്നാണ് പേർ. പശ്ചിമഘട്ടത്തിന്റെ തെക്കേ അറ്റത്തിനെ സഹ്യപർവ്വതം എന്നു പറയുന്നു. അതിൽ "ആനമല" എന്നു പേരുള്ള ഒരുകൂട്ടം മലക്കെട്ടുകളും ഉണ്ട്. ആനമുടിയാണ് ഇതിൽ ഏറ്റവും ഉയർന്ന കൊടുമുടി. ഇതിന് 8840 അടിഉയരമുണ്ട്.

പശ്ചിമപർവ്വതം കേരളത്തിന്റെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഇതിന്റെ ശാഖകളും ഉപശാഖകളുമായി മറ്റനേകം പർവ്വതങ്ങളുണ്ട്. 3000 മുതൽ 5000 അടിവരെ ഉയരമുള്ള പർവ്വതങ്ങളും ഇക്കൂട്ടത്തിലുൾപ്പെടുന്നു. മലബാറിലെ വയനാട് പർവ്വതങ്ങളും പ്രസിദ്ധങ്ങളാണ്. അതിനുതെക്കുവശത്തായി മദ്രാസ് പ്രസിഡൻസിയി


കേരളം
ശരാശരി ചൂട് 80°
പാലക്കാട് പാത
തെക്കുപടിഞ്ഞാറൻ കാറ്റുകൾ (ഇടവംമുതൽ ചിങ്ങംവരെ)
കിഴക്കുപടിഞ്ഞാറൻ കാറ്റുകൾ
മലമടക്കുകൾ
120" മഴ
80" മഴ
40" മഴ
ചെങ്കോട്ടപാത
തിരുവനന്തപുരം പാത
പ്രകൃതിവിഭാഗങ്ങളും കാലാവസ്ഥയും.
SCALE 1" = 60 MILES

ലേക്കു ഉന്തിനില്ക്കുന്ന നീലഗിരിപർവ്വതങ്ങൾക്കു തെക്കു് 'പാലക്കാട്ടുപാത' എന്നറിയപ്പെടുന്ന ഒരു പാതയുണ്ടു്. ഇതിന്റെ വീതി 25 മൈൽ ആണു്. പശ്ചിമതീരവും പൂർവ്വതീരവും തമ്മിൽ സംഘടിപ്പിക്കുന്ന ഒരു റയിൽപാത ഈ മലയിടുക്കുവഴി കടന്നുപോകുന്നു. ഇതിനു തെക്കാണു് ആനമല.

സഹ്യപർവ്വതത്തിന്റെ ഓരോ ഭാഗവും ഓരോ പ്രത്യേകപേരുകളാൽ അറിയപ്പെടുന്നു. മലബാറിലുള്ള വയനാടുമല, നീലഗിരിമല, നിലമ്പൂർമല, ചിറ്റൂർതാലൂക്കിലുള്ള പരമ്പതാനിമല, പറമ്പിക്കുളംനിര, തലപ്പള്ളിതാലൂക്കിലുള്ള മച്ചാട്ടുമല, തൃശ്ശൂർതാലൂക്കിലുള്ള നെല്ലിയാംപതിമല, പോത്തുണ്ടിമല, മുകുന്ദപുരംതാലൂക്കിലെ അതിരപ്പള്ളിമല, പാലപ്പിള്ളിമല, കോടശേരിമല, ദേവികുളത്തുള്ള ആനമല (8837 അടി ഉയരം) ഇരവിമല, കുട്ടമല, ദേവിമല, പീരുമേട്ടുതാലൂക്കിലെ ഏലമല, പീരുമേട്ടുമല, പത്തനാപുരം താലൂക്കിലെ കുളത്തൂപ്പുഴമല, ആര്യങ്കാവുമല, അച്ചൻകോവിൽമല, നെടുമങ്ങാട്ടുതാലൂക്കിലെ പൊന്മുടി, അഗസ്ത്യക്കൂടം, നെയ്യാറിൻകരയിലെ മുക്കുന്നിമല, കൽക്കുളം താലൂക്കിലെ വേളിമല, അഗസ്തീശ്വരംതാലൂക്കിലെ മരുത്വാമല, തോവാളതാലൂക്കിലെ അശമ്പുമല, മഹേന്ദ്രഗിരി ഇവ പ്രധാനപ്പെട്ടവയാണു്.

മലമ്പാതകൾ.

ഉന്നതങ്ങളായ പർവ്വതങ്ങൾ കിടക്കുന്നതുകൊണ്ടു കേരളവും തെക്കേ ഇൻഡ്യയിലെ ഇതരഭാഗങ്ങളുമായി ഗതാഗതസൗകര്യം ഇല്ലെന്നു ധരിക്കേണ്ടതില്ല. മലകൾതന്നെ പല നിരകളായി, ഇടയ്ക്കു താഴ്വരകളോടും സമതലപ്രദേശങ്ങളോടും ക്രമീയവയാണെല്ലോ. ഇങ്ങനെയുള്ള താഴ്വരപ്രദേശങ്ങളിൽക്കൂടി പണ്ടുകാലം മുതൽക്കുതന്നെ വ്യാപാരികൾ കേരളത്തിൽ പ്രവേശിക്കയും മലയാളനാടും തമിഴ്നാടും തമ്മിൽ കച്ചവടബന്ധം പുലർത്തിവരികയും ചെയ്തിരുന്നു. ഇങ്ങനെയുള്ള മലയിടുക്കുകളെ മലമ്പാതകൾ എന്നു് പറഞ്ഞുവരുന്നു.

കേരളത്തിന്റെ തെക്കേ അറ്റത്തു് ആരുവാമൊഴി പാതയുണ്ടു്. അതിനു വടക്കു് ആര്യങ്കാവു പാത. കൊല്ലം—ചെങ്കോട്ട തീവണ്ടി ആര്യങ്കാവു പാതയിൽക്കൂടി കടന്നുപോകുന്നു. കുമളിയിൽക്കൂടിയുള്ള ഗ്രാഡല്ലർപാതയും, അതിനു് വടക്കുള്ള കമ്പം പാതയും, തേവാരം പാതയും, ബോഡിനായ്ക്കന്നൂർ പാതയും, പാലക്കാട്ടുപാതയും പ്രധാനപ്പെട്ട മലമ്പാതകളാണു്. വാഹനസൗകര്യങ്ങൾ വന്നതോടുകൂടി പല മലമ്പാതകളും ഉപയോഗിക്കാതായിത്തീർന്നിട്ടുണ്ടു്.

നദികൾ.

കേരളം മലമ്പ്രദേശത്തു് വീതിക്കുടിയും തെക്കും വടക്കും വീതികുറഞ്ഞും കിടക്കുന്നു. ഏറ്റവും കുറഞ്ഞവീതി 20 മൈലും കൂടുതൽ 75 മൈലും ആണ്. തന്മൂലം കേരളത്തിലെ നദികളുടെ നീളം കുറവും ഒഴുക്കു ശക്തിമത്തുമാകുന്നു. സമതലത്തു് പ്രവേശിക്കുമ്പോൾ അവ വളഞ്ഞുതിരിഞ്ഞു് മന്ദഗതിയിൽ ഒഴുകി സമുദ്രത്തിൽ ചേരുന്നു. മിക്ക നദികളിലും വേനൽകാലത്തു് വെള്ളം വളരെ കുറവാണു്. മലമ്പ്രദേശത്തുകൂടിയുള്ള അവയുടെ ഗതിയിൽ പല ചെറിയ വെള്ളച്ചാട്ടങ്ങളും ഉണ്ടു്. അതിനാൽ മലനാട്ടിൽ ഈ നദികളിൽ ഗതാഗതസൗകര്യം കുറവാണു്.

കേരളത്തിലെ പ്രധാന നദികൾ.

1. പൊന്നാനിപ്പുഴ എന്നും പേരാറു് എന്നും പറഞ്ഞുവരുന്ന ഭാരതപ്പുഴ (156 മൈൽ നീളം) പശ്ചിമഘട്ടത്തിൽ നിന്നും പുറപ്പെട്ടു് പാലക്കാട്ടുചുരംവഴി ഒഴുകി പൊന്നാനിക്കു സമീപംവച്ചു് കടലിൽ പതിക്കുന്നു. ചീരക്കുഴിപുഴ, ചിറ്റൂർപുഴ, തത്തമംഗലംപുഴ, പാട്ടർപുഴ, കൊരയാർ, വരടാർ എന്നിവ ഇതിന്റെ പ്രധാന പോഷകനദികളാണു്.


2. കരുവന്നൂർപുഴ. (40 മൈൽ നീളം) പറവട്ടാനിമലയിൽ നിന്നുത്ഭവിക്കുന്ന മണലി

പ്പുഴയും പാലപ്പള്ളിമലയിൽ നിന്നുത്ഭവിക്കുന്ന കുമാലിപ്പുഴയും, പാലക്കടവിൽവച്ചു ഒന്നായി ചേരുന്നതാണിതു്. മനക്കോടികായലിൽ പതിക്കുന്നു. ക്രുടെക്കുടെ ഉണ്ടാകുന്ന വെള്ളപ്പൊക്കം നിമിത്തമുണ്ടാകാവുള്ള ഉപദ്രവം തടയുന്നതിനു, 'ഹെർബട്ടകനാൽ' എന്ന ഒരു ചാൽ പെട്ടീ വെള്ളം തിരിച്ചുവിടുന്നു.

3. ചാലക്കുടിപ്പുഴ. (90 മൈൽനീളം) കോടശ്ശേരി മലയിൽനിന്നുത്ഭവിച്ചു് ഏലഞ്ഞിക്കരവെച്ചു പെരിയാറ്റിൽ ചേരുന്നു. ഇതിൽ ചാലക്കുടിയ്ക്കടുത്തു് അതിരിപ്പിള്ളി എന്ന സ്ഥലത്തു് ഒരു വെള്ളച്ചാട്ടമുണ്ടു്.

4. പെരിയാറു്. (142 മൈൽനീളം) ശബരിമലയ്ക്കടുത്തുനിന്നും പുറപ്പെട്ടു് വടക്കോട്ടൊഴുകി, വടക്കുപടിഞ്ഞാറായി തിരിഞ്ഞു് ആലുവായിൽവച്ചു് രണ്ടു ശാഖകളായി പിരിഞ്ഞു്ഒരു ശാഖ കൊടുങ്ങല്ലൂർ കായലിലും, മറേറതു് വീണ്ടും രണ്ടായി പിരിഞ്ഞു് വരാപ്പുഴ കായലിലും, തുപ്പുണിത്തുറ കായലിലും വീഴുന്നു. ഇടമലയാറു്, കുട്ടപ്പനയാറു്, മുതിരപ്പുഴ ഇവ വലത്തേക്കരയിലെ പോഷകനദികളും, ചിറ്റാറു് ഇടത്തേക്കരയിലുള്ള പോഷകനദിയുമാണു്.

മുല്ലപ്പെരിയാറിനു സമീപം അണകെട്ടി പെരിയാറ്റിലെ വെള്ളം മധുരജില്ലയിലേക്കു കൊണ്ടുപോയി കൃഷിക്കു് ഉപയോഗപ്പെടുത്തുന്നു. പള്ളിവാസ


കേരളം
നദികൾ
കായലുകൾ
വളർപട്ടണംപുഴ
മയ്യഴിപുഴ
കോട്ടക്കൽപുഴ
ബേപ്പൂർപുഴ
ഭാരതപ്പുഴ
കൽവത്തുപുഴ
ചാലക്കുടിപുഴ
പെരിയാർ
മീനച്ചിലാർ
മണിമലയാർ
പമ്പാനദി
കല്ലടയാർ
അഷ്ടമുടികായൽ
പരവൂർകായൽ
ഇരിക്കുമയാർ
ചിടവാകായൽ
കാരനയാർ
കാദിനകുളംകായൽ
തെന്നൂർ
പാലിയത്തിയാർ
പൊന്നാനിയാർ
പൊന്നാനിയർതടാകം
പണക്കാടികായൽ

ലിൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനു് ഈ നദിയിലെ വെള്ളം ഉപയോഗപ്പെടുത്തുന്നു. ഇതിന്റെ തീരത്തുള്ള ചൊവ്വരയിൽനിന്നും പൈപ്പുവഴി എറണാകുളത്തേക്കു വെള്ളം കൊണ്ടുപോകുന്നുണ്ടു്.

മൂന്നാർ, പള്ളിവാസൽ, ചിത്തപുരം, നേരിയമംഗലം, മലയാറ്റൂർ, വെള്ളാരപ്പള്ളി, കാലടി, ആലുവാ മുതലായവ ഇതിന്റെ തീരത്തുള്ള പ്രധാന സ്ഥലങ്ങളാണു്. ആലുവായും കാലടിയും ഇതിന്റെ തീരത്തുള്ള സുഖവാസസ്ഥലങ്ങളാകുന്നു.

5. മൂവാറ്റുപുഴയാറു്. (നീളം 62 മൈൽ) പീരുമേട്ടു മലകളുടെ പടിഞ്ഞാറെ ചരുവിൽനിന്നും ഉത്ഭവിച്ചു് തൊട്ടപുഴ, മൂവാറ്റുപുഴ, വൈക്കം എന്നീ താലൂക്കുകളിൽക്കൂടി ഒഴുകി വേമ്പനാട്ടുകായലിൽ വീഴുന്നു. ഇതിന്റെ പോഷകനദികളായ കോതമംഗലമാറു്, തൊടുപുഴയാറു്, കാളിയാറു് ഇവ മൂവാറ്റുപുഴവച്ചു് സന്ധിക്കുന്നു.

6. മീനച്ചിലാറു്. (നീളം 35 മൈൽ) ഇതു് പീരുമേട്ടു മലകളിൽനിന്നുത്ഭവിച്ചു് ഈരാറ്റുപേട്ട, ഭരണങ്ങാനം, പാലാ, കിടങ്ങൂർ എന്നീ സ്ഥലങ്ങളിൽക്കൂടി ഒഴുകി വേമ്പനാട്ടുകായലിൽ വീഴുന്നു.

7. മണിമലയാറു്. (നീളം 62 മൈൽ) പെരുവന്താനത്തിനടുത്തുള്ള മലകളിൽനിന്നു പുറപ്പെട്ടു് ചങ്ങനാശേരിവഴി തിരുവല്ലാക്കു് സമീപമുള്ള പുളി

ക്കീഴിനടുത്തുവെച്ച് പമ്പാനദിയിൽ ചേരുന്നു. കാഞ്ഞിരപ്പള്ളി, മണിമല, കല്ലൂപ്പാറ, തിരുവല്ലാ ഇവ ഇതിന്റെ തീരത്തുള്ള പ്രധാനസ്ഥലങ്ങളാണ്.

8. പമ്പാനദി (90 മൈൽനീളം) ശബരിമലയുടെ വടക്കുകിഴക്കു ഭാഗത്തുനിന്നു പുറപ്പെടുന്നു. അഴുതയാറ്, കക്കാട്ടാറ്, കല്ലാറ് എന്നീ നദികൾ ചേർന്നൊഴുകി കുട്ടനാട്ടിൽവെച്ച് അനേകം കൈവഴികളായി പിരിഞ്ഞ് വേമ്പനാട്ടുകായലിൽ വീഴുന്നു. മണിമലയാറും അച്ചൻകോവിലാറും (70 മൈൽനീളം) ഇതിന്റെ പ്രധാന പോഷകനദികളാണ്. റാന്നി, ആറന്മുള, കോഴഞ്ചേരി, മാന്നാർ, തകഴി, ചമ്പക്കുളം, പുളിങ്കുന്ന്, കൈനകരി, മങ്കൊമ്പ് ഇവ തീരത്തുള്ള പ്രധാന സ്ഥലങ്ങളാണ്.

റാന്നിക്കു മുകളിലായി ഈ നദിയിൽ 'പെരുന്തേനരുവി' എന്ന ഒരു മനോഹരമായ വെള്ളച്ചാട്ടമുണ്ട്.

തിരുവിതാംകൂറിൽ കൃഷിക്ക് ഏറ്റവും ഉപയോഗമുള്ള ഒരു നദിയാണ് പമ്പ. നെൽകൃഷിക്ക് പ്രസിദ്ധമായ കുട്ടനാടൻ പ്രദേശങ്ങൾ പമ്പയുടെ ദാനമാണെന്നു പറയാം. കുട്ടനാട്ടിലെ നെൽപ്പാടങ്ങളെക്കുറിച്ച് സ്മരിക്കുന്നയാതൊരാൾക്കും പമ്പയെ വിസ്മരിക്കുവാൻ സാധിക്കുകയില്ല. ഇതിന്റെ തീരപ്രദേശം കരിമ്പുകൃഷിക്ക് പ്രസിദ്ധിനേടിയതാകുന്നു. പുളിക്കീഴിലുള്ള പഞ്ചസാര നിർമ്മാണശാല ഇ

തിന്റെ തീരത്തുള്ള കരിമ്പുകൃഷിയുടെ പ്രാധാന്യത്തെ കാണിക്കുന്നു. ആറന്മുളയും ചമ്പക്കുളത്തും ആണ്ടുതോറും നടത്തിവരുന്ന വള്ളംകളി പ്രസിദ്ധമാണ്.

9. കല്ലടയാറ്. (നീളം 70 മൈൽ) കൂളത്തുപ്പുഴക്കു് സമീപമുള്ള മലകളിൽനിന്നുത്ഭവിച്ചു് പുനലൂർ, പത്തനാപുരം, മണ്ണടി, കുന്നത്തൂർ, കല്ലട എന്നീ സ്ഥലങ്ങളിൽക്കൂടി ഒഴുകി അഷ്ടമുടിക്കായലിൽ വീഴുന്നു. പുനലൂരിൽ ഇതിനു് ഒരു ചങ്ങലപ്പാലം ഉണ്ടു്.

10. ഇത്തിക്കരയാറു് (നീളം 30 മൈൽ) മാഞ്ഞൂർ മലകളിൽ നിന്നു പുറപ്പെട്ടു് ചാത്തന്നൂർവഴി നെടുങ്ങോലത്തിനു സമീപംവെച്ചു് പരവൂർ കായലിൽ പതിക്കുന്നു.

11. ആറ്റിങ്ങലാറു് (നീളം 35 മൈൽ). പൊന്മുടിക്കടുത്തുള്ള മലകളിൽനിന്നു പുറപ്പെട്ടു് വാമനപുരം, ആറ്റിങ്ങൽ, ചിറയിൻകീഴു് എന്നീ സ്ഥലങ്ങൾ വഴി അഞ്ചുതെങ്ങു് കായലിൽ വീഴുന്നു.

12. കരമനയാറു് (നീളം 41 മൈൽ) അഗസ്ത്യകൂടത്തിന്റെ വടക്കുപടിഞ്ഞാറേ ചരിവിൽനിന്നു് ഉത്ഭവിച്ചു് തിരുവനന്തപുരം, കരമന എന്നീ സ്ഥലങ്ങളിൽക്കൂടി ഒഴുകി പൂന്തുറക്കു് സമീപംവെച്ചു് സമുദ്രത്തിൽ ചേരുന്നു. ഈ നദിയിൽ നെടുമങ്ങാ

ട്ടിനു സമീപമുള്ള അരുവിക്കര അരുവിയിൽ നിന്നാണു്, തിരുവനന്തപുരംപട്ടണത്തിലേക്കു കുഴൽമാർഗ്ഗം വെള്ളം കൊണ്ടുപോകുന്നതു്. കിള്ളിയാറു് ഇതിന്റെ ഒരു പോഷകനദിയാകുന്നു.

13. നെയ്യാറു്. (നീളം 35 മൈൽ) അഗസ്ത്യകൂടത്തുനിന്നും പുറപ്പെട്ടു് നെയ്യാറിൻകര, പൂവാർ എന്നീ സ്ഥലങ്ങളിൽക്കൂടി ഒഴുകി സമുദ്രത്തിൽ വീഴുന്നു.

14. താമ്രവർണ്ണിയാറു്. (നീളം 37 മൈൽ) മഹേന്ദ്രഗിരിയിൽനിന്നും പുറപ്പെട്ടു് തിരുവട്ടാർ, കുഴിത്തുറ, മുഞ്ചിറ ഈ സ്ഥലങ്ങളിൽക്കൂടി ഒഴുകി തേങ്ങാപ്പട്ടണത്തിനു് സമീപംവച്ചു് സമുദ്രത്തിൽ വീഴുന്നു. പൊൻമന അണയും, പാണ്ഡ്യൻ അണയും ഈ നദിയിലെ പ്രധാന അണകളാണു്. ഇതിന്റെ ഒരു പോഷകനദിയാണു് കോതയാർ. ഇതിലെ പേച്ചിപ്പാറ അണ നാഞ്ചിനാട്ടിലെ കൃഷിക്കു വളരെ പ്രയോജനപ്പെടുന്നു.

15. പഴയാറു്. (നീളം 23 മൈൽ) കേരളത്തിന്റെ തെക്കേ അറ്റത്തുള്ള നദിയാണിതു്. താമ്രവർണ്ണിയിലെ അണയിൽനിന്നും ഇതിലേക്കു് വെള്ളം തിരിച്ചുവിടുന്നു. ഇതു് നാഞ്ചിനാട്ടിലെ കൃഷിക്കുപയോഗപ്പെടുത്തുന്നു.

മലബാറിലുള്ള മറ്റു പ്രധാന നദികൾ.

1. വളർപട്ടണം പുഴ. ഈ നദി വയനാട്ടിലെ പെരിയ മലയിൽനിന്നും ഉൽഭവിക്കുന്നു. നീളം 75 മൈൽ. ഈ നദിയുടെ തീരത്തുള്ള വളർപട്ടണം ഒരു തടിക്കച്ചവട കേന്ദ്രമാകുന്നു. ഇതിന്റെ പതനസ്ഥലത്തുനിന്നും കുറെ ദൂരം ഉള്ളിലേക്കു വലിയ പത്തേമാരികൾക്ക് നിഷ്പ്രയാസം സഞ്ചരിക്കാം.

2. മയ്യഴിപ്പുഴ. ഈ നദി മലബാറിലുള്ള കോട്ടയം താലൂക്കിന്റെ തെക്കുഭാഗത്തുകൂടി ഒഴുകുന്നു. ഇതിന്റെ പതനസ്ഥലത്തിന്റെ ഇരു കരകളിലുമായി മയ്യഴി സ്ഥിതി ചെയ്യുന്നു.

3. കോട്ടയ്യാൽ പുഴ. വയനാട്ടിലെ മലകളിൽ നിന്നും ഈ നദി ഉൽഭവിക്കുന്നു. കുറുമ്പനാട്ടു താലൂക്കിൽക്കൂടി ഒഴുകി അറബിക്കടലിൽ ചേരുന്നു. ഈ നദിക്ക് കോട്ടപ്പുഴ എന്ന ഒരു പേർകൂടിയുണ്ട്. ഗതാഗത സൗകര്യമുള്ള ഒരു നദിയാണിത്.

4. ബേപ്പൂർപ്പുഴ. ഈ നദി ഏറനാട്ടു താലൂക്കിന്റെ വടക്കു കിഴക്കു ഭാഗത്തുള്ള മലകളിൽനിന്നും ഉത്ഭവിക്കുന്നു. നേരേ പടിഞ്ഞാറോട്ടൊഴുകി "ബേപ്പൂർ" എന്ന സ്ഥലത്തിനു സമീപംവച്ചു അറബിക്കടലിൽ പതിക്കുന്നു. ഫറോക്കു നഗരം ഈ നദിയുടെ തീരത്താണ്. അവിടെ അനവധി ഓട്ടുകമ്പനികളുണ്ട്. കച്ചവട സംബന്ധമായ കാര്യങ്ങളാൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു നദിയാകുന്നു ഇതു്.

കാലാവസ്ഥ.

ചില മാസങ്ങളിൻ തണുപ്പും, ചില മാസങ്ങളിൽ ചൂടും, മറെറചില മാസങ്ങളിൽ മഴയും നിങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ടല്ലോ. ഇങ്ങനെ ഒരു രാജ്യത്തുണ്ടാകുന്ന കാലവ്യത്യാസത്തിനു കാലാവസ്ഥ എന്നുപേർ.

നമ്മുടെ ആഹാരവും, വസ്ത്രവും, വീടും കാലാവസ്ഥയനുസരിച്ചാണ് നാം ക്രമപ്പെട്ടുത്തിയിരിക്കുന്നതു്. വളരെ തണുപ്പുള്ള രാജ്യത്തു നിവസിക്കുന്നവർ കമ്പിളിവസ്ത്രവുംമറെറാരുപയോഗിച്ചുവരുന്നു. ആഹാരത്തിലും ഗൃഹനിർമ്മാണത്തിലും കാലാവസ്ഥയുടെ ഭേദമനുസരിച്ചു് ചില വ്യത്യാസങ്ങൾ വരുത്താറുണ്ടു്.

കേരളം പശ്ചിമപർവ്വതങ്ങളുടെ പടിഞ്ഞാറെ ഭാഗത്തു് അറബിക്കടലിനോടഭിമുഖമായി ഉഷ്ണമേഖലയിൽ കിടക്കുന്നതുകൊണ്ടു് ചൂടുള്ള രാജ്യമാണു്. അറബിക്കടലിൽനിന്നുള്ള നീരാവിയോടുകൂടിയ കാറിനെ പശ്ചിമപർവ്വതം തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നു.

ഇടവം, മിഥുനം, കർക്കടകം എന്നീ മാസങ്ങളിൽ മഴ ധാരാളമായുണ്ടാകുന്നു. ഇതിനു് ഇടവപ്പാതിയെന്നും കാലവർഷമെന്നും പറഞ്ഞുവരുന്നു. പശ്ചിമപർവ്വതത്തിന്റെ ഉയരം, വടക്കുനിന്നു തെക്കോട്ടു കുറഞ്ഞിരിക്കുന്നതിനാൽ തെക്കോട്ടു പോകുന്തോറും മഴ കുറഞ്ഞുവരുന്നു.

കിഴക്കു ബങ്കാൾ ഉൾക്കടലിൽനിന്നു നീരാവി നിറഞ്ഞ കാറുകൾ പാലക്കാട്ടു പാതയിൽക്കൂടിയും പവ്വതത്തിന്റെ ഉയരംകുറഞ്ഞ ഭാഗത്തുക്കൂടിയും പ്രവേശിച്ചു കേരളത്തിൽ മഴയുണ്ടാക്കുന്നു. ഇതിനു തുലാവർഷമെന്നു പേർ. കന്നി, തുലാം എന്നീ മാസങ്ങളിലാണ് ഈ വർഷപാതമുണ്ടാകുന്നതു്.

കടൽത്തീരം.

കേരളത്തിന്റെ പടിഞ്ഞാറെ അതിർത്തി അറബിക്കടലാണു്. തെക്കു് കന്യാകുമാരി ഇൻഡ്യൻ മഹാസമുദ്രത്തെ തൊട്ടുകിടക്കുന്നു. കടൽത്തീരത്തിനു് പൊതുവേ ഉടവുകളും ഉൾക്കടലുകളും ഇല്ല. എങ്കിലും കായലുകളും സമുദ്രവുമായി സന്ധിക്കുന്ന അഴിമുഖങ്ങളുണ്ടു്. ഇവിടങ്ങളിൽ കപ്പലുകൾക്കു സൌകര്യമായി കയറിക്കിടന്നു് കയറ്റിറക്കുമതികൾ ചെയ്യുവാൻ സൗകര്യമുണ്ടു്. പക്ഷെ, അഴിമുഖങ്ങൾ വളരെ ആഴം കുറഞ്ഞും മണൽത്തിട്ടകൾമൂലം കപ്പൽ സഞ്ചാരത്തിനു് സൗകര്യമില്ലാതെയുമിരിക്കുന്നു. ഉദാഹരണമായി, അഷ്ടമുടിക്കായലിന്റെ അഴിമുഖമായ നീണ്ടകര അഴി നോക്കുക. ഇവിടെ മണൽത്തിട്ടകൾക്കു പുറമെ പാറക്കെട്ടുകളുമുണ്ടു്.

നമ്മുടെ കടൽത്തീരം ആഴംകുറഞ്ഞതാണു്. അതുകൊണ്ടു് കപ്പലുകൾക്കു് സാധാരണഗതിയിൽ കരയോടടുത്തുവരുവാൻ സാദ്ധ്യമല്ല. ആഴംകുറഞ്ഞ ക

ടൽതീരമായതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മീൻപിടുത്തത്തിന് സൗകര്യമുണ്ട്.

കായലുകൾ.

കേരളത്തിന്റെ തീരപ്രദേശത്തിന് മറ്റൊരുമില്ലാത്ത ഒരു വിശേഷതയുണ്ട്. സമുദ്രതീരത്തോട് സമീപിച്ച് നെടുനീളെ ഉള്ളിലായി കായലുകളും തോടുകളും കിടക്കുന്നു. മലബാറിലുള്ള തിക്കുർ മുതൽ തിരുവനന്തപുരംവരെ കായലുകളും തോടുകളും ബന്ധിച്ചാണ കിടക്കുന്നത്. ഗതാഗതത്തിനും കച്ചവടത്തിനും വ്യവസായങ്ങൾക്കും ഇതു വളരെ പ്രയോജനപ്പെടുന്നു.

മലബാറിലുള്ള പൊന്നാനിയിൽ നിന്നു വള്ളത്തിൽ കയറി നമുക്കു തിരുവനന്തപുരംവരെ യാത്ര ചെയ്യാം.

ആദ്യമായി പൊന്നാനി നദിയിൽക്കൂടിയും തോടുകളിൽക്കൂടിയും കൊടുങ്ങല്ലൂർ കായലിൽ പ്രവേശിക്കുന്നു. ഏറണാകുളം, കൊച്ചി എന്നീ സ്ഥലങ്ങളിൽ നിന്നു വരുന്ന ബോട്ടുകളും ചരക്കുവള്ളങ്ങളും ഈ കായലിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നിന്നു തെക്കോട്ടു തിരിച്ച്, വീതികുറഞ്ഞ വരാപ്പുഴ കായലിൽ കൂടി വേമ്പനാട്ടുകായലിൽ പ്രവേശിക്കുന്നു. വേമ്പനാട്ടുകായലും അറബിക്കടലുമായി സന്ധിക്കുന്ന കൊച്ചി അ

ഴി അഥവാ അന്ധകാരയഴീമുഖത്തുവന്നപ്പോൾ കട
ലിൽ നിന്നുള്ള ഓളംകൊണ്ട് വള്ളം ചാഞ്ചാടിത്തുട
ങ്ങുന്നു. തുറമുഖത്തു അനേകം കപ്പലുകൾ കിടക്കു
ന്നു. കായലിന്റെ മദ്ധ്യത്തായി വെല്ലിംഗ്ടൺ
ദ്വീപുണ്ട്. കപ്പലുകൾ ദ്വീപിനോടു വളരെ അടു
ത്തുകിടക്കുന്നു. സാമാനങ്ങൾ ഇറക്കുകയും കയറ്റ
കയും ചെയ്യുകയാണവിടെ. ബോട്ടുകളും വള്ളങ്ങളും
സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. വള്ളം വീണ്ടും
തെക്കോട്ട് നീങ്ങുന്നു. ഏറണാകുളവും തുറമുഖവും ത
മ്മിൽ യോജിപ്പിക്കുന്ന വെണ്ടുരുത്തിപ്പാലത്തിനു കീ
ഴേക്കൂടിയാണ് വള്ളം പോകുന്നതു്. വേമ്പനാട്ട കാ
യലിന്റെ നീളം 30 മൈലും ഏറ്റവും വീ
തിയുള്ള ഭാഗം 9 മൈലും ആകുന്നു. കായലിൽ,
തീരംസമീപിച്ചു നികത്തി നെൽകൃഷി ചെയ്യുന്നതാ
യി കാണാം. ഇതിനു് കായൽകൃഷി എന്നു പേർ.
ചീനവലകൾ ഉപയോഗിച്ചു് മീൻപിടിക്കുന്നതായി
കാണുന്നു. ചിലർ കക്കാവാരിയെടുക്കുന്നതിൽ വ്യാ
പൃതരായിരിക്കുന്നു. ഇതാണ് കേരളത്തിലെ ഏറ്റ
വും വലിയ കായൽ. കോട്ടയം, ചങ്ങനാശേരി,
ആലപ്പുഴ, മുതലായ വ്യാപാരകേന്ദ്രങ്ങൾ ഇതിന്റെ
തീരത്താണു്.

പള്ളാത്തുരുത്തിആറു്, തൃക്കുന്നപ്പുഴയാറു് ഇതു
കൾ വഴിയും, കരുമാടിത്തോടു്, തോട്ടപ്പള്ളിത്തോടു്
എന്നിവയിൽക്കൂടിയുമാണ് വള്ളത്തിന്റെ പിന്നീ
ടുള്ള ഗതി. ജലനിർഗ്ഗമനപ്രതി തോട്ടപ്പള്ളിയിൽ

കാണാം. തോടിന്റെ ഇരുഭാഗത്തും നെൽകൃഷിക്ക് കേൾവികേട്ട കുട്ടനാടൻ പ്രദേശങ്ങളാണ്.

അടുത്തതായി നാം പ്രവേശിക്കുന്ന കായംകുളം കായൽ ആഴംകുറഞ്ഞതാണെങ്കിലും അപകടം നിറഞ്ഞതാണ്. പെട്ടെന്നുള്ള കോളിളക്കംമൂലം വള്ളങ്ങൾക്ക് അപകടം സംഭവിക്കാറുണ്ട്. പന്മന, ചവറതോട്ടകം വഴിയും ആയിരംതെങ്ങുകായലും കടന്നു നാം അഷ്ടമുടിക്കായലിൽ പ്രവേശിക്കുന്നു. ചവറത്തോടിനു സമീപമായി ലോഹമണ്ണു ശുദ്ധിചെയ്യുന്ന വ്യവസായശാലകളും ഉണ്ട്. തോടിനു വീതി കുറവാകയാൽ ഇരുകരകളിലും തൊണ്ടുതല്ലുന്നതും ചകിരി ഉണക്കുന്നതും കയർ പിരിക്കുന്നതും കാണാം.

കിഴക്കുപടിഞ്ഞാറ് പത്തുമൈൽ ദൂരത്തിൽ വ്യാപിച്ചുകിടക്കുന്ന ഈ അഷ്ടമുടിക്കായലിനു് പല ഉൾക്കായലുകളുമുണ്ട്. അവയിൽ എട്ടെണ്ണം പ്രധാനപ്പെട്ടതാണ്. തന്മൂലം അഷ്ടമുടിക്കായൽ എന്ന പേർ ഉണ്ടായി. നീണ്ടകരയഴി ഈ കായലിനെ സമുദ്രവുമായി യോജിപ്പിക്കുന്നു. നീണ്ടകര പാലത്തിൽ ക്രൂടി ബസ്സുകളും കാറുകളും പോകുന്നു. കൊല്ലംതാലൂക്കിലാണ് ഈ കായൽ. ഇതിന്റെ തീരത്തും കയർവ്യവസായം ധാരാളമായി നടക്കുന്നുണ്ട്.

ഇതിനെ പരവൂർക്കായലിനോട് യോജിപ്പിക്കുന്ന കൊല്ലം തോട്ടിൽക്രൂടിയാണ് നമ്മുടെ ഇനിയത്തെ യാത്ര. പരവൂർ പൊഴി ദൂരെ കാണാം. വേനൽ

കാലത്ത് വെറും മണൽത്തിട്ടയായിരിക്കുന്ന ഈ പൊഴി, വർഷകാലത്ത് സമുദ്രവുമായി ബന്ധിച്ചുകിടക്കുന്നു. കയർവ്യവസായം ഇതിന്റെ തീരത്തും ഒരു പ്രധാന തൊഴിലാണ്.

ഇനി നാം പ്രവേശിക്കുന്നത് പരവൂർ തോട്ടവഴി ഇടവാ, നടയറക്കായലുകളിലാണ്. വക്കലത്തോട് വഴി കോഴിത്തോട്ടം കായലിൽ പ്രവേശിക്കുന്നു. ഏഴരമൈൽ നീളമുള്ള ഈ തോട്ടിൽ രണ്ട് തുരുത്തുകളും ഉണ്ട്. ഇവയ്ക്ക് ഓരോന്നിനും 2364 അടിയും 924 അടിയും നീളമുണ്ട്.

അഞ്ചുതെങ്ങുകായൽ വഴിയും ചിറയിൻകീഴ തോട്ടിൽക്രൂടിയും സഞ്ചരിച്ച് കഠിനംകുളം കായലിൽ എത്തുന്നു. ഇവിടെനിന്നും ചാന്നാങ്കരതോട്ടിൽക്രൂടി വേളിക്കായലിലേക്കാണ് പ്രവേശിക്കുന്നത്. തുടന്ന് ചാക്കയിൽ തോടിൽക്രൂടി വള്ളം കല്പാലക്കടവിൽ എത്തുന്നു. തിരുവനന്തപുരം പട്ടണത്തിലെ ഒരു പ്രധാന വ്യാപാരസ്ഥലമാകുന്നു ചാക്കയിൽ കടവ്.

നമ്മുടെ യാത്രയിൽ ആദ്യന്തം കേരവൃക്ഷങ്ങളെക്കൊണ്ട് നിറഞ്ഞ കമനീയമായ തോട്ടങ്ങളാണ് ഇരുകരകളിലും കാണ്മാൻ കഴിയുന്നത്. കയർവ്യവസായം ജനങ്ങളുടെ ഒരു പ്രധാന തൊഴിലായും കാണുന്നു. മീൻപിടുത്തം മറ്റൊരു പ്രധാനതൊഴിലാണ്. ഈ തോട്ടകളും കായലുകളും നമ്മുടെ രാജ്യത്തുള്ള ക

യർ വ്യവസായത്തെ ഗണ്യമായി സഹായിക്കുന്നുണ്ട്. മടൽമൂടിയിട്ട് ചീയിച്ച് ചകരി എടുക്കുവാനുള്ള സൗകര്യം കേരളത്തിലേപ്പോലെ മറ്റെങ്ങും ഇല്ല. ഇതിനും പുറമെ, രാജ്യത്തിന്റെ ഒരറ്റത്തുനിന്നും മറ്റേ അറ്റംവരെ ആടായകരമായി സാധനങ്ങൾ കയറ്റിറക്കുമതി ചെയ്യുന്നതിനും ഈ തോടുകളും കായലുകളും സഹായിക്കുന്നു.

തുറമുഖങ്ങൾ

പുരാതനകാലം മുതല്ക്കുതന്നെ കേരളത്തിന് വിദേശങ്ങളുമായി കടൽമാർഗ്ഗം കച്ചവടബന്ധമുണ്ടായിരുന്നു. പാക്കപ്പലുകളിലായിരുന്നു അന്നത്തെ വ്യാപാരം. വലിയ ആവിക്കപ്പലുകൾക്കാവശ്യമുള്ള തുറമുഖ സൗകര്യങ്ങൾ അന്നു് ആവശ്യമായിരുന്നില്ല. നൂകാശയ സൗകര്യങ്ങളില്ലെങ്കിലും ഇന്നും പഴയ തുറമുഖങ്ങൾ കേരളക്കരയിൽ ഉണ്ടു്.

പ്രധാനപ്പെട്ട തുറമുഖങ്ങൾ.

കോഴിക്കോടു്.

പുരാതനകാലം മുതൽ അറബികൾ ഈ തുറമുഖത്തു വന്നിറങ്ങി കച്ചവടം നടത്തിവന്നിരുന്നു. അന്നത്തെ നാടുവാഴിയായിരുന്ന സാമൂതിരി, അവരുടെ വ്യാപാരത്തിനു് വേണ്ട സൗകര്യങ്ങൾ നല്കുകയും ചെയ്തു.

യൂറോപ്യന്മാർ ആദ്യമായി ഇൻഡ്യയിൽ വന്നിറങ്ങിയതു കോഴിക്കോട്ടാണു്. പോർട്ടുഗീസ് നാവികനായ വാസ്കോഡിഗാമ കോഴിക്കോട്ടാണു് വന്നിറങ്ങിയതു്. ഇക്കാലത്തും വിദേശവ്യാപാരം ഈ തുറമുഖം വഴി നടക്കുന്നുണ്ടായിരുന്നു. വനവിഭവങ്ങളും സുഗന്ധദ്രവ്യങ്ങളും ആണു് പ്രധാന കയറ്റുമതികൾ.

കൊച്ചി.

ഇൻഡ്യയിലെ പടിഞ്ഞാറെത്തീരത്തെ ഒരു ഒന്നാംകിട തുറമുഖമാണിതു്. കപ്പലുകൾ കരയോടടുത്തു കിടക്കുവാൻ വേണ്ടതു സൗകര്യ സജ്ജീകരണങ്ങൾ ഇവിടെയുണ്ടു്. കടലിലെ കോളിളക്കം ബാധിക്കാതെ കപ്പലുകൾക്കു സൈ്വരമായി കിടക്കുവാനും കയറ്റിറക്കുമതികൾ ചെയ്യുവാനും വേണ്ട സൗകര്യങ്ങൾ ഇവിടെയുണ്ടു്. തീവണ്ടിമാർഗ്ഗം ചരക്കുകൾ കപ്പലിനടുത്തുവരെ കൊണ്ടുപോകാം. കേരളത്തിലുള്ള സാധനങ്ങൾ വിദേശങ്ങളിലേക്കു് കയറ്റി അയയ്ക്കുന്നതിനു് കരമാർഗ്ഗമായും കായൽമാർഗ്ഗമായും വേണ്ടതു സൗകര്യങ്ങൾ ഈ തുറമുഖത്തിനുണ്ടു്. ഇവിടെനിന്നും കൊപ്രാ, കയർ, കയറുപായു്, എണ്ണ, കുരുമുളകു്, ഏലം, കശുവണ്ടി, റബ്ബർ, തേയില, പുൽതൈലം, ചെമ്മീൻപരിപ്പു്, തോൽ മുതലായവ കയറ്റി അയയ്ക്കുകയും തുണിത്തരങ്ങൾ, യന്ത്രങ്ങൾ, കടലാസ് മുതലായവ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു.

ആലപ്പുഴ.

കരയിൽനിന്നും മൂന്നു നാലു മൈൽ ദൂരത്തുമാത്രമേ കപ്പലുകൾ നങ്കൂരമിട്ടു കിടക്കുകയുള്ളൂ. വർഷകാലങ്ങളിൽ കടൽക്ഷോഭം നിമിത്തം കയറ്റിറക്കുമതികൾക്ക് ഇവിടെ സൗകര്യമില്ല. ഇവിടെനിന്നും പ്രധാനമായി കയർ, കയറുപായ്, ചകരിമെത്ത തുടങ്ങിയ സാധനങ്ങൾ കയറുമതി ചെയ്യുന്നു. കൊച്ചി തുറമുഖം വിപുലമായതോടുകൂടി ഇവിടുത്തെ കയറ്റിറക്കുമതികൾ കുറഞ്ഞുവരികയാണ്.

കൊല്ലം.

ഇവിടേയും കപ്പലുകൾ തീരത്തോടടുത്തുവരുന്നതിന് സൗകര്യമില്ല. പ്രധാന കയറുമതി കശുവണ്ടിപ്പരിപ്പും, മണക്കമത്സ്യവും ആണ്. ആഫ്രിക്കയിൽ നിന്നുള്ള കശുവണ്ടി ഒരു പ്രധാന ഇറക്കുമതിയാണ്.

തിരുവനന്തപുരം.

വലിയതുറയാണ് തുറമുഖം.

കേരളത്തിലെ പ്രകൃതിവിഭവങ്ങൾ.

പ്രകൃത്യാതന്നെ കേരളം വിഭവസമൃദ്ധമാണ്. കിഴക്ക് മലകൾ ഉയർന്നുകിടക്കുന്നു. തന്മൂലം ആവശ്യമുള്ള മഴ ലഭിക്കുന്നുണ്ട്. വനപ്രദേശത്തിലെ വളം,

നദികൾവഴിയായി വെള്ളപ്പൊക്കമുണ്ടാകുമ്പോൾ തീരപ്രദേശത്തു് എത്തിച്ചുതരുന്നു. തന്മൂലം അല്പമായ അദ്ധ്വാനംകൊണ്ടു് കൃഷികൾ സമൃദ്ധിയായിത്തീരുന്നു.

കടലോരങ്ങളിൽ ചില ഭാഗത്തു് കാണുന്ന ഒരുതരം കറുത്തമണൽ—മോണോസൈറ്റ്, ഇൽമനൈറ്റ്—പ്രകൃതി പ്രത്യേകമായി കേരളത്തിനു് ദാനം ചെയ്തിട്ടുള്ളതാണു്. ഈ മണൽ നീണ്ടകരയിൽ സുലഭമായി ലഭിക്കുന്നു. ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപു് ഇതു് വിദേശങ്ങളിലേക്കു് കയറ്റി അയക്കുകയായിരുന്നു പതിവു്. ഇപ്പോഴാകട്ടെ ആലുവായിൽ ഒരു മോണോസൈറ്റ് ഫാക്ടറി തുടങ്ങുവാൻ സജ്ജീകരണങ്ങൾ ചെയ്യുവരികയാണു്. ഇതിന്റെ പ്രവർത്തനം നടത്തുന്നതു് ആലുവായിലെ "ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനി"യായിരിക്കും. ചേർത്തലയിലെ വെള്ളമണൽ സ്ലേറ്റുനിർമ്മാണത്തിനു് ഉപയോഗിച്ചുവരുന്നു. ഓട്ടുനിർമ്മാണത്തിനു് പറ്റിയ കളിമണ്ണു് കേരളത്തിന്റെ പലഭാഗങ്ങളിലും ഉണ്ടു്.

ഏലം, തേയില, റബ്ബർ, മുതലായവയ്ക്കു് അനുകൂലമായ കാലാവസ്ഥയും ഭൂപ്രകൃതിയും നമ്മുടെ ഒരു സമ്പത്തുതന്നെ. മനുഷ്യപ്രയത്നം ഈ കൃഷിയിലുണ്ടെങ്കിലും പൂർവ്വഘട്ടത്തിലെ മലമ്പ്രദേശം ഇവയുടെ കൃഷിക്കു അനുകൂലമല്ലല്ലോ. ഇങ്ങനെ ആലോചിക്കുമ്പോൾ ഈ കാലാവസ്ഥയും മലക

ളുടെ ഉയരവും പ്രകൃതിഭേദമായ നമ്മുടെ സമ്പത്തായി കരുതാവുന്നതാണ്.

നമ്മുടെ വനങ്ങൾ ലോകപ്രശസ്തി ആർജ്ജിച്ചിട്ടുള്ളവയാണ്. ഇവിടെയുള്ള ഈട്ടി, തേക്ക്, കരിന്താളി, തമ്പകം, ചന്ദനം, മുതലായവ വെട്ടിയിറക്കി വിദേശങ്ങളിലേക്ക് അയക്കുന്നുണ്ട്. ഇതിനുംപുറമേ വള്ളങ്ങൾ നിർമ്മിക്കുന്നതിനുപയുക്തമായ തടികൾ നൽകുന്നതും ഈ വനങ്ങൾ തന്നെ. മലബാറിൽ കോഴിക്കോട്ടിനടുത്തുള്ള കല്ലായിയിൽ മലബാറിലെ വനപ്രദേശങ്ങളിൽ നിന്നുള്ള തടികൾ ശേഖരിക്കപ്പെടുകയും തൽസംബന്ധമായ വ്യവസായവും കച്ചവടവും നടത്തപ്പെടുകയും ചെയ്യുന്നു. ക്രൂരമായ വനനശീകരണം പലയിടങ്ങളിലും തടിഡിപ്പോകളുമുണ്ട്.

ആണ്ടുതോറും തടികൾ വെട്ടിയിറക്കുന്നതിനാൽ നല്ലയിനം വൃക്ഷങ്ങൾ കാലാന്തരത്തിൽ വനങ്ങളിൽ നിന്ന് നഷ്ടപ്പെട്ടുപോകുവാൻ ഇടയുള്ളതുകൊണ്ട്, വനപരിപോഷണാർത്ഥം വേണ്ട മുൻകരുതലുകൾ ഗവണ്മെൻറ് ചെയ്യുന്നുണ്ട്. 1949—50നിടക്ക് 1575 ഏക്കർ വനപ്രദേശത്തു പുതുതായി തേക്ക്, തേമ്പാവ്, അയിനി, വൻതേക്ക്, പ്ലാവ് മുതലായ വൃക്ഷങ്ങൾ വളർത്തി പരിപോഷിപ്പിക്കുന്നുണ്ട്.

കടൽവിഭവങ്ങൾ.

ഏകദേശം 400 മൈൽ നീളമുള്ള കടലോരമാ

ണ്ട് കേരളത്തിനുള്ളത്. വലിയ ഒരു വിഭാഗം ജനങ്ങളും ഈ കടൽത്തീരത്തു് കടലിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചുജീവിക്കുന്നുണ്ടു്. മത്സ്യംപിടിത്തമാണു് അവരുടെ പ്രധാനമായ ഉപജീവനമാർഗ്ഗം. മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഒട്ടും കുറവല്ല. മത്സ്യവ്യവസായത്തെ പുരോഗമിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനും ഗവണ്മെൻറു് വേണ്ട ഒത്താശകളും ചെയ്യുവരുന്നു. ഇതിനും പുറമേ ആധുനിക രീതിയിൽ മത്സ്യം പിടിക്കുന്നതിനും ദീർഘകാലം മത്സ്യം ചീയാതെ സൂക്ഷിക്കുന്നതിനും വേണ്ട ഏർപ്പാടുകളും നീണ്ടകര എന്ന സ്ഥലത്തു് ചെയ്തിട്ടുണ്ടു്.

ഉപ്പളങ്ങൾ.

കേരളത്തിൻെറ തെക്കുഭാഗത്തായി ഉപ്പളങ്ങൾ ഉണ്ടു്. സമുദ്രജലം കയറി നിന്നു് ഉപ്പുണ്ടാക്കുന്ന മാർഗ്ഗമാണു് സ്വീകരിച്ചിട്ടുള്ളതു്. ചൊരിമണൽ അല്ലാത്ത തീരപ്രദേശവും മഴ കുറവും ധാരാളം ചൂടുമുള്ള കാലാവസ്ഥയും ആണു് ഇതിനു് അനുയോജ്യം. കേരളത്തിൻെറ തെക്കുഭാഗത്തുള്ള താമരക്കുളം, കുളച്ചൽ, രാജാക്കമംഗലം മുതലായ സ്ഥലങ്ങളിലുള്ള ഉപ്പളങ്ങളിൽ ഉപ്പു് ഉല്പാദിപ്പിച്ചുവരുന്നു.

കക്ക.

കായലുകളിലും തോടുകളിലും കാണുന്ന ഒരു ജീ

വിയാണ് കക്കാ. ഇതിന്റെ തോട് വ്യാവസായികമായി വളരെ പ്രാധാന്യമർഹിക്കുന്നു. സാധാരണ ചുണ്ണാമ്പും കുമ്മായവും ഉണ്ടാക്കുന്നതു് ഇതിന്റെ തോട് നീറിയാണ്. സിമൻറുനിർമ്മാണത്തിനും ഇതുവളരെ പ്രയോജനപ്പെടുത്തുന്നുണ്ട്. വേമ്പനാട്ടുകായലിന്റെ തീരത്തുള്ള സിമൻറു ഫാക്ടറി, കോട്ടയത്തിനടുത്തു സ്ഥാപിച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് ഊഹിക്കാമല്ലൊ.

കേരളത്തിലെ സാമ്പത്തികനില വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ.

ഏതൊരു രാജ്യത്തും വ്യാവസായികമായും കാർഷികമായും ഉള്ള അഭിവൃദ്ധിയും, ക്രമേണ ജീവിതസൗകര്യങ്ങളും ഉണ്ടാകണമെങ്കിൽ വിപുലമായവൈദ്യുതീകരണപദ്ധതികൾ അത്യന്താപേക്ഷിതമാണ്. കേരളത്തിൽ ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇതിനകം വളരെ പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇപ്പോഴും തുടൻസവരികയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്കയും ചെയ്തവരുന്നു. നമ്മുടെ രാജ്യത്തു് എവിടെയും സുലഭമായി നമുക്കു് വിദ്യുച്ഛക്തി ലഭിക്കുവാൻ സാദ്ധ്യതകൾ ഉണ്ടു്.

നിലവിലുള്ള പ്രധാന ജലവൈദ്യുതപദ്ധതികൾ:

1. പള്ളിവാസൽ പദ്ധതി.

പെരിയാറിന്റെ ഒരു പോഷകനദിയായ മുതിരപ്പുഴയാറിൽ പള്ളിവാസൽ എന്ന സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള ഈ കേന്ദ്രത്തിൽ പെരിയാറിലെ ജലം ഉപയോഗിച്ച് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നു.

2. ചെങ്കുളം പദ്ധതി.

പള്ളിവാസൽ സ്റ്റേഷനിൽനിന്നു ബഹിർഗ്ഗമിക്കുന്ന ജലത്തിൽനിന്നു ശക്ത്യുല്പാദനം നടത്താനുള്ള പദ്ധതിയാണിത്.

3. പെരിങ്ങൽ കുത്തു പദ്ധതി.

ചാലക്കുടിയാറിൽ പെരിങ്ങൽകുത്തിനു് സമീപം ജലം സംഭരിച്ചു് ശക്തി ഉല്പാദിപ്പിക്കുവാനാണു് ഇതിന്റെ ലക്ഷ്യം.

പ്രധാന അണകൾ.

1. പേച്ചിപ്പാറയണ:-കോതയാറിന്റെ മേൽഭാഗത്തു കെട്ടിയിരിക്കുന്ന ഈ അണയ്ക്കു് 1400 അടി നീളവും 115 അടി ഉയരവും ഉണ്ടു്. 3000 ഏക്കർ സ്ഥലത്തു് വ്യാപിച്ചു് ഒരു തടാകംപോലെ കിടക്കുന്ന ഇതിലെ വെള്ളം തോട്ടകം വഴിയും ചാലുകംവഴിയും നാഞ്ചനാട്ടിൽ അനേകായിരം ഏക്കർ സ്ഥലത്തു് നെൽകൃഷിക്കു് ഉപയോഗപ്പെടുത്തുന്നു.

2. മുല്ലപ്പെരിയാറണ. മുല്ലയാറും പെരിയാറും കൂടിയോജിക്കുന്നതിനടുത്തു് കെട്ടിയിട്ടുള്ള ഈ അണയ്ക്കു് 1200 അടിനീളവും 160 അടി ഉയരവും ഉണ്ടു്. ഏകദേശം 14 ചതുരശ്രമൈൽ വിസ്താരത്തിൽ കിടക്കുന്ന ഇതിലെ വെള്ളം പുത്തനാറു വഴിയും തുരങ്കം വഴിയും മധുരജില്ലയിൽ കൃഷിക്കു് ഉപയോഗപ്പെടുത്തുന്നു.

3. പീച്ചി ജലസേചനപദ്ധതി. തൃശ്ശൂർ താലൂക്കിലുള്ള ഈ പദ്ധതിമൂലം തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിലുള്ള അനേകം ഏക്കർ സ്ഥലം നെൽകൃഷിക്കു് ഉപയുക്തമായിത്തീരുന്നതാണു്.

4. പെരിഞ്ഞാണി പദ്ധതി. കോതയാർ പദ്ധതി വഴിയായി നിലങ്ങൾക്കു കൂടുതൽ വെള്ളം നല്കുന്നതിനുള്ള ഒരു പദ്ധതിയാണിതു്. ഉദ്ദേശം 5000 ഏക്കർ നിലങ്ങൾക്കുകൂടി ഇതു് ഉപകരിക്കുന്നതാണു്.

5. വടക്കാഞ്ചേരി നദീതടപദ്ധതി. വടക്കാഞ്ചേരി നദിയിൽ അണകെട്ടി ജലം സംഭരിച്ചു തരിശുഭൂമികൾ കൃഷിക്കുപയുക്തമാക്കുവാനാണു് ഇതു്.

6. മലമ്പുഴ പദ്ധതി. മലബാറിൽ ജലസേചനത്തിനായി മദ്രാസ് ഗവണ്മെൻറിൽനിന്നും ആരംഭിച്ചിരിക്കുന്ന ഒരു പദ്ധതിയാണു് മലമ്പുഴപദ്ധതി.

ലിഫ്റ്റ് ഇറിഗേഷൻ.

നദീതടം താണും കൃഷിസ്ഥലങ്ങൾ ഉയർന്നും ഇരിക്കുന്ന സ്ഥലങ്ങളിൽ കൃഷിയ്ക്കുപയുക്തമായി വെള്ളം കയറ്റിവിട്ടുകൊടുക്കുവാനുള്ള ഒരു പദ്ധതിയാണിത്. നദിയിൽ നിന്നു വെള്ളം പമ്പുചെയ്തു വയലുകളിലേക്ക് തിരിച്ചുകൊടുക്കുന്നു. ഉദ്ദേശം 15385 ഏക്കർ നിലം ഇതുമൂലം കൃഷി ചെയ്യപ്പെടുന്നു. ആലുവായ്ക്കടുത്തു് കടുങ്ങല്ലൂർ, കുറിപ്പുഴ, വെളിയത്തുനാട്, ചെങ്ങമനാട് മുതലായ സ്ഥലങ്ങളിലും ചാലക്കുടി, കരുമാല്ലൂർ, പമ്പാ, കരോട് മുതലായ സ്ഥലങ്ങളിലും ഇങ്ങനെ കൃഷി നടത്തിവരുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിലേക്ക് വികസിപ്പിക്കുവാനുള്ള പദ്ധതിയും ഉണ്ട്. വേനൽക്കാലത്തു് ജലദൗർല്ലഭ്യം നിമിത്തം ചില സ്ഥലങ്ങളിൽ കൃഷിചെയ്യുവാൻ നിവ്യാഹമില്ലാതെവരുന്നു. ആ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻമൂലം ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളായി മാറ്റുവാൻ കഴിയുന്നു. ഒരുപ്പൂനിലങ്ങളിൽ തന്നെ വെള്ളത്തിന്റെ അഭാവത്താൽ കരിവുണ്ടാകുന്നുണ്ട്. അപ്രകാരം ഉണ്ടാകുന്ന കരിവിൽനിന്നും കൃഷിയേ രക്ഷപ്പെടുത്തുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ സഹായിക്കുന്നു.

ആവശ്യക യോഗ്യങ്ങൾ.

1. ഇൻഡ്യയുടെ ഒരു പടംവരച്ചു് കേരളം അടയാളപ്പെടുത്തുക.

2. കേരളത്തിന്റെ അക്ഷാംശവും രേഖാംശവും പടംനോക്കി പറയുക.

3. കേരളത്തിന്റെ വടക്കും തെക്കും ഭാഗങ്ങളിലുള്ള നദികൾ പ്രായേണ നീളം കുറഞ്ഞവയാണ്. എന്തുകൊണ്ട്?

4. കേരളത്തിന്റെ ഒരു പടംവരച്ച് പ്രധാന നദികൾ അടയാളപ്പെടുത്തുക. അവ പതിക്കുന്ന കായലുകളും രേഖപ്പെടുത്തുക.

5. കേരളത്തിലുള്ള പ്രധാന ധാതുക്കൾ ഏവ?

6. സമുദ്രതീരം, കായലുകൾ ഇവകൊണ്ട് കേരളത്തിനുള്ള പ്രയോജനങ്ങൾ എന്തെല്ലാം?

അദ്ധ്യായം 2.

കേരളത്തിലെ പ്രധാനപട്ടണങ്ങളും സ്ഥലങ്ങളും.

തലശ്ശേരി.

വയനാട്ടിൽ വിളയുന്ന ഏലക്കാ, കുരുമുളക്, മുതലായവ കയറ്റി അയയ്ക്കുന്നു. ഓട്ടുകമ്പനിയുണ്ട്. തടിവ്യവസായ വ്യാപാരങ്ങൾ നടക്കുന്നു.

കോഴിക്കോട്ട്.

പണ്ട് സാമൂതിരി രാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഇപ്പോൾ ഒരു വ്യാപാരകേന്ദ്രമാണ്. മലബാർ ജില്ലയുടെ തലസ്ഥാനമായിരുന്നു.

പാലക്കാട്ട്.

ഇതു മലബാർ ജില്ലയിലാണ്. വെങ്കലപാത്രങ്ങൾക്കും കച്ചവടത്തിനും കീർത്തിപ്പെട്ട സ്ഥലമാണ്. പാലക്കാട്ട് പാതക്കു സമീപമാണിതു്.

കണ്ണൂർ.

പഴയ കാലത്തു് പോർട്ടുഗീസുകാരുടെ ഒരു കച്ചവടസ്ഥലമായിരുന്നു. പോർട്ടു് ഏൻജലോ എന്നറിയപ്പെടുന്ന അവരുടെ കോട്ടയുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ഇംഗ്ലീഷുകാരുടെ കാലത്തു് ഇതു ഒരു പാളയമായിരുന്നു. അറബികൾ കച്ചവടത്തിനായി ഇപ്പോഴും വന്നുപൊയ്ക്കൊണ്ടിരിക്കുന്നു. അവർ പത്തേമാരികളിൽ ഈന്തപ്പഴം ഇറക്കുമതി ചെയ്യുന്നു.

ഗുരുവായൂർ.

ഒരു പ്രസിദ്ധ വിഷ്ണുക്ഷേത്രം ഇവിടെയുണ്ടു്.

തൃശ്ശൂർ.

കൊച്ചിരാജ്യത്തിലെ ഏറ്റവും പ്രധാനമായ ഒരു പട്ടണമാണു്. ഇവിടത്തെ ശിവക്ഷേത്രം പ്രസിദ്ധമാണു്. ആണ്ടുതോറും മേടമാസത്തിലു

ള്ള പൂരത്തിനു് (ഉത്സവത്തിനു്) നാനാദിക്കുകളിലും നിന്നു് ആളുകൾ ഇവിടെ തിങ്ങിക്കൂടാറുണ്ടു്.

ചാലക്കുടി.

ഒരു വ്യവസായകേന്ദ്രമാണു്. നെയ്ത്തു്, വനവിഭവ വ്യവസായങ്ങൾ, പ്ലൈവുഡു്, ഓട്ടനിർമ്മിതി, മൺപാത്രം ഇതുകൾക്കു് ഇവിടം പ്രസിദ്ധപ്പെട്ടതാണു്. വനങ്ങളിൽ നിന്നുള്ള തടി കൊണ്ടുവരുന്നതിനു് പ്രത്യേക തീവണ്ടിഏർപ്പാടു് ഇവിടെയുണ്ടു്.

കൊടുങ്ങല്ലൂർ.

കൊടുങ്ങല്ലൂർരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു. ഡച്ചുകാർ പോർട്ടുഗീസുകാർ ഇവരുടെ വ്യാപാരകേന്ദ്രവുമായിരുന്നു. ഇതിനടുത്തുള്ള, അവരുടെ കോട്ടപ്പുറംകോട്ടയുടെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ഇവിടെയുള്ള ഭഗവതിക്ഷേത്രത്തിലെ ഭരണി ഉത്സവം പ്രസിദ്ധമാണു്. പല്ലുപാ നെയ്തു് കുടിൽവ്യവസായമായി ഇവിടെ നടത്തപ്പെടുന്നു. സെൻറു് തോമസ് കേരളത്തിൽ വന്നിറങ്ങിയതു് ഇവിടെയാണെന്നു വിശ്വസിക്കപ്പെടുന്നു.

വരാപ്പുഴ.

പറവൂർ താലൂക്കിൽപ്പെട്ട ഈ സ്ഥലത്താണു് കത്തോലിക്കർ ആദ്യമായി കുടിപാർപ്പു് ഉറപ്പിച്ചതു്.

കാലടി.

പെരിയാറിൻെറ തീരത്തുള്ള ഈ സ്ഥലം ശ്രീ

ശങ്കരാചാര്യരുടെ ജന്മസ്ഥലമാണ്. ഇവിടെ ഒരു അദ്വൈതാശ്രമവും മതപാഠശാലയും ഉണ്ട്.

ആലുവാ.

കേരളത്തിൽ വ്യാവസായികമായി ഏറ്റവും പുരോഗമിച്ചിട്ടുള്ള ഒരു സ്ഥലമാണ് ആലുവാ. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്, കണ്ണാടിഫാക്ടറി, അലൂമിനിയം ഫാക്ടറി, കളിമണ്ണുഫാക്ടറി, ധാതുമണ്ണുഫാക്ടറി, തുണിമില്ലുകൾ, ഓട്കമ്പനികൾ തുടങ്ങിയ ഒട്ടനവധി വ്യവസായശാലകൾ ഇവിടെയുണ്ട്. ഇതു് ഒരു സുഖവാസസ്ഥലവുമാണ്. ഇവിടത്തെ ശിവരാത്രിയുത്സവം അനേകം ഭക്തജനങ്ങളെ ആകർഷിക്കുന്നു.

കൊച്ചി.

തുറമുഖം, വിമാനത്താവളം, തീവണ്ടിപ്പാത അവസാനിക്കുന്നിടം എന്നിങ്ങനെ കൊച്ചി പ്രാധാന്യമർഹിക്കുന്നു. ഫോർട്ടുകൊച്ചി ഇൻഡ്യയിലെ പഴയ യൂറോപ്യൻ പാർപ്പിടമായിരുന്നു. നാവിക സൈന്യപരിശീലനകേന്ദ്രവും ഇവിടെയുണ്ട്.

എറണാകുളം.

ഹൈക്കോടതി ഇവിടെയാണ്. അനേകം വ്യാപാരശാലകൾ ഇവിടെയുണ്ട്. നാലു കോളേജുകളും വളരെ ഗവണ്മെൻറാഫീസുകളും ഉണ്ട്.

തൃപ്പൂണിത്തുറ.

കൊച്ചി രാജാക്കന്മാരുടെ വാസസ്ഥാനമാണ്. ഒരു പുരാതനക്ഷേത്രവും ഇവിടെയുണ്ട്.

മൂവാറ്റുപുഴ.

മലഞ്ചരക്കുവ്യാപാരം ഇവിടെ നടക്കുന്നു.

മൂന്നാർ.

ഉഷ്ണകാലത്തു ഒരു ആരോഗ്യകേന്ദ്രമാണ്. കണ്ണൻദേവൻകമ്പനിയുടെ തേയിലഫാക്ടറികൾ ഇവിടെയുണ്ട്. ഏലത്തോട്ടങ്ങൾ ഇതിനടുത്തു ധാരാളം കാണാം.

പള്ളിവാസൽ.

ജലവൈദ്യുതശക്തിസംഭരണം ഇവിടെ നടത്തുന്നു.

പീരുമേട്.

ഒരു സുഖവാസസ്ഥലമാണ്. തേയിലത്തോട്ടങ്ങൾ ധാരാളമുണ്ട്.

വൈക്കം.

ഒരു പ്രസിദ്ധ ശിവക്ഷേത്രം ഇവിടെ സ്ഥിതിചെയ്യുന്നു.

കോട്ടയം.

വ്യാപാരകേന്ദ്രമാണ്. സിമൻറ്ഫാക്ടറി ഇവിടെയാണ്. റബ്ബർവ്യാപാരത്തിൻറെ കേന്ദ്രംകൂടിയാണിത്.

പാലാ.

കുരുമുളകു്, ഇഞ്ചി, മഞ്ഞൾ ഇവയുടെ വ്യാപാരം ഇവിടെ നടക്കുന്നു.

മലയാറ്റൂർ.

ഇവിടെ കുന്നിൻമുകളിലുള്ള പള്ളി ക്രിസ്ത്യാനികളുടെ ഒരു വിശ്രുതസ്ഥലമാണ്.

ചങ്ങനാശ്ശേരി.

ഒരു പുരാതന വ്യാപാരകേന്ദ്രം. ചങ്ങനാശ്ശേരിച്ചന്ത പ്രസിദ്ധമാണ്.

പുളിക്കീഴ്.

പമ്പാ പഞ്ചസാരക്കമ്പനി ഇവിടെ പ്രവർത്തനം നടത്തുന്നു.

ആലപ്പുഴ.

കയറും, കയറുപായും കയറാറി അയക്കുന്ന ഒരു പ്രധാന തുറമുഖമാണിതു്. കയർവ്യവസായശാലകളും ഇവിടെ ധാരാളമുണ്ടു്. ഒരു വലിയ വാണിജ്യകേന്ദ്രവുമാണിതു്.

തോട്ടപ്പള്ളി.

കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയാനുള്ള ചീപ്പു് ഇവിടെയുണ്ടു്.

ആറന്മുള.

ഒരു പ്രസിദ്ധക്ഷേത്രം ഇവിടെയുണ്ടു്. ഇവിടത്തെ വള്ളംകളിയും ആറൻമുള കണ്ണാടിയും സുപ്രസിദ്ധമാണല്ലോ.

നിരണം.

ഇവിടെ പുരാതനമായ ഒരു ക്രൈസ്തവദേവാലയം ഉണ്ടു്.

കായംകുളം.

ഒരു വ്യാപാരകേന്ദ്രം. ഇതു് കായംകുളം രാജാവിന്റെ ആസ്ഥാനമായിരുന്നു.

കരുനാഗപ്പള്ളി.

മെത്തപ്പായ് നെയ്ത്തിനു് കേഴ്വി കേട്ടിരിക്കുന്നു.

ചവറ.

ഇവിടെ ലോഹമണ്ണുഫാക്ടറി ഉണ്ടു്.

ശബരിമല.

വനത്തിൽ സ്ഥിതിചെയ്യുന്നു. ഒരു പ്രസിദ്ധ ശാസ്താക്ഷേത്രം ഇവിടെയുണ്ടു്. ആണ്ടുതോറും അനേകായിരം അയ്യപ്പന്മാർ ഇവിടെ തടിച്ചുകൂടി ദർശനം നടത്തുന്നു.

പുനലൂർ.

കേരളത്തിലെ ഏക പേപ്പർമിൽ ഇവിടെ സ്ഥിതിചെയ്യുന്നു. ക്രൂടാതെ ഇവിടെ ഒരു പ്ലൈവുഡ് ഫാക്ടറിയുമുണ്ടു്.

കുണ്ടറ.

പിഞ്ഞാണപ്പാത്രങ്ങളും, ഇലക്ട്രിക്കു സാധനങ്ങളും, അലൂമിനിയം സാമഗ്രികളും, സ്റ്റാർച്ചു് മുതലായവ ഉണ്ടാക്കുന്ന ഫാക്ടറികളും ഇവിടെയുണ്ടു്.

കൊല്ലം

പശ്ചിമതീരത്തെ ഒരു പുരാതന നഗരമാണു്.

ഒരു വ്യവസായ വാണിജ്യകേന്ദ്രമാണ്. കശുവണ്ടി വ്യവസായം, ഓട്ടുനിർമ്മാണം, മുതലായവ ഇവിടെ നടത്തപ്പെടുന്നു. ഒരു നെയ്ത്തുവ്യവസായശാലയും ഇവിടെയുണ്ട്.

അഞ്ചുതെങ്ങ്.

ഇവിടെ ഇംഗ്ലീഷുകാർ മുൻപ് ഒരു ഫാക്ടറി സ്ഥാപിക്കുകയും, ഒരു കോട്ട കെട്ടിയുറപ്പിക്കുകയും ചെയ്തിരുന്നു. കയർവ്യവസായം ഇവിടെ പ്രധാനമാണ്.

വക്കല.

ഹിന്ദുക്കളുടെ പുണ്യസ്ഥലമായ ഇവിടം ഒരു സുഖവാസസ്ഥലവും കൂടിയാണ്. ശിവഗിരിമഠം ഇതിനടുത്താണ്. ലോഹങ്ങളുടങ്ങിയ ഊറാകും ഇവിടെയുണ്ട്.

തിരുവനന്തപുരം.

തലസ്ഥാനം. പ്രധാന ആഫീസുകൾ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ശ്രീപത്മനാഭസ്വാമിക്ഷേത്രം ഇവിടെയുള്ള പ്രസിദ്ധ ക്ഷേത്രമാണ്. ഇവിടെ റബ്ബർഫാക്ടറി, ടൈറാനിയം ഫാക്ടറി മുതലായവയുണ്ട്. ടന്തവേലകൾക്കു കേൾവികേട്ടിരിക്കുന്നു. വിമാനത്താവളവുമാണിത്.

ബാലരാമപുരം.

കൈത്തറിനെയ്ത്തു വ്യവസായത്തിനു കേൾവികേട്ടിരിക്കുന്നു.

കോവളം.

ഒരു സമുദ്രസ്നാനഘട്ടം.

ചിത്രാലം.

ഒരു ജയിനക്ഷേത്രം ഇവിടെയുണ്ട്.

കുഴിത്തുറ.

കരുപ്പെട്ടി വ്യവസായത്തിനും കൈത്തറിനെയ്ത്തിനും പ്രസിദ്ധി നേടിയിട്ടുണ്ട്.

തക്കല.

കരുപ്പെട്ടിയിൽനിന്നും പഞ്ചസാര നിർമ്മിക്കുന്ന ഒരു ഫാക്ടറി ഇവിടെയുണ്ട്.

പത്മനാഭപുരം.

വേണാടിന്റെ പുരാതന തലസ്ഥാനം. കോട്ടയും കൊട്ടാരങ്ങളും ഇപ്പോഴും ഉണ്ട്.

നാഗർകോവിൽ.

ക്ഷയരോഗനിവാരണകേന്ദ്രം. രണ്ട് ഒന്നാം ഗ്രേഡ് കോളജുകളുമുണ്ട്.

ശുചീന്ദ്രം.

ഒരു പ്രസിദ്ധ ക്ഷേത്രം ഇവിടെയുണ്ട്.

കന്യാകുമാരി.

ഒരു തീർത്ഥാടനസ്ഥലം. പ്രസിദ്ധമായ ഒരു ഭഗവതി ക്ഷേത്രം ഇവിടെയുണ്ട്. ഇൻഡ്യയുടെ തെക്കേയറ്റത്തെ കോടിയുമാകുന്നു. വിവേകാനന്ദൻ ഇവിടെ സ്നാനഘട്ടത്തിലുള്ള പാറപ്പുറത്ത് കുറച്ചു നാൾ തപസ്സുചെയ്തതായി പറയപ്പെടുന്നു.

ആവർത്തനചോദ്യങ്ങൾ.

1. ഈ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു കൂടാതെ കേരളത്തിലുള്ള മറ്റു 10 പട്ടണങ്ങളുടെ പേർ എഴുതുക.

2. കേരളത്തിന്റെ ഒരു പടത്തിൽ, നിങ്ങളുടെ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം അടയാളപ്പെടുത്തുക. അതിന്റെ പരിസരങ്ങളിലുള്ള 10 പട്ടണങ്ങളും ഏറ്റവും അടുത്തുള്ള നദിയും അടയാളപ്പെടുത്തുക.

3. വ്യവസായപരമായി പ്രാധാന്യമർഹിക്കുന്ന പട്ടണങ്ങൾ ഏവ? ഓരോന്നും ഏതേതു വ്യവസായത്തിൽ പ്രാധാന്യമർഹിക്കുന്നു?

4. മതപരമായി പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ഒരു പട്ടിക തയാറാക്കുക.

അദ്ധ്യായം 3.

ഗതാഗതവും വാർത്താവിതരണവും.

കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ കായലുകൾ, തോടുകൾ, നദികൾ എന്നിവയിൽക്കൂടി യാത്രചെയ്യാമെന്നു് ഒന്നാം അദ്ധ്യായത്തിൽ നാം പഠിച്ചുകഴിഞ്ഞു. പൊന്നാനിയിൽനിന്നു വള്ളംവഴി തിരുവനന്തപുരംവരെ ഒരു വിനോദയാത്രയും നാം

ചെയ്യുകഴിഞ്ഞു. നമ്മുടെ യാത്രയ്ക്കിടയിൽ സാമാനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വള്ളങ്ങളും ചെറുതരം പത്തേമാരികളും ബോട്ടുകളും പോകുന്നതായും കണ്ടു.

ഇപ്രകാരം ജലമാർഗ്ഗം സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതു് മറ്റു മാർഗ്ഗങ്ങളെ അപേക്ഷിച്ചു വളരെ ആദായകരമാണു്. തെക്കേ മലബാറിൽനിന്നും വിദേശങ്ങളിലേക്കു അയക്കുന്നതിനുള്ള സാധനങ്ങൾ, ചെലവു കുറച്ചു് കൊച്ചിയിൽ എത്തിച്ചു് കപ്പൽ കയറ്റി അയക്കുന്നതിനു് കഴിയുന്നു. പർവ്വതങ്ങളിലെ തടി വെട്ടിക്കഴിഞ്ഞാൽ തീരപ്രദേശത്തേക്കു് കൊണ്ടുവരുവാൻ നദികളും തോടുകളും കായലുകളും ഇല്ലാതിരുന്നെങ്കിൽ എത്ര വിഷമമായിരിക്കുമെന്നു് ആലോചിക്കാവുന്നതാണു്.

ജനബാഹുല്യം കൂടുതലുള്ള കേരളത്തിൽ പല ഉൾനാട്ടുപട്ടണങ്ങളും കച്ചവടകേന്ദ്രങ്ങളും ഉണ്ടു്. അവയെ തമ്മിൽ യോജിപ്പിക്കുന്ന അനേകം റോഡുകളും ഉണ്ടു്.

പ്രധാനമായി മൂന്നുതരം റോഡുകളാണു് കേരളത്തിൽ ഉള്ളതു്.

1. കീൽ, അല്ലെങ്കിൽ കാൺക്രീറ്റു് ഇട്ട റോഡുകൾ. ഇത്തരം റോഡുകൾക്കു് പ്രത്യേക ഗുണങ്ങളുണ്ടു്. പൊടിശല്യം തീരെ ഉണ്ടാകുന്നതല്ല. ബസ്സിലോ കാറിലോ യാത്രചെയ്യുമ്പോൾ കുടുക്കം വളരെ

കുറഞ്ഞിരിക്കും. എങ്കിലും താറിട്ട റോഡിൽ ഉച്ചസമയത്തു പാദരക്ഷയില്ലാതെ നടക്കുന്നതു വളരെ വിഷമമാണ്.

2. മെറ്റൽ ഇട്ട റോഡുകൾ.


3. കരിങ്കൽ ചില്ലിയിടാത്ത വില്ലേജു റോഡുകൾ.

പ്രധാന റോഡുകൾ.

1. കന്യാകുമാരിയിൽനിന്നു പുറപ്പെട്ട് നാഗർകോവിൽ, തിരുവനന്തപുരം, കൊട്ടാരക്കര, കോട്ടയം മൂവാറ്റുപുഴ, ആലുവാ, ചാലക്കുടി, തൃശ്ശൂർ, വടക്കാഞ്ചേരി, തലപ്പള്ളി വഴി പാലക്കാട്ടേക്കും, മറ്റൊരു ശാഖ കോഴിക്കോട്ട്; തലശ്ശേരിവഴി മംഗലാപുരത്തേക്കും പോകുന്നു. കേരളത്തിലെ മദ്ധ്യസമതലത്തിൽക്കൂടി തെക്കേ അറ്റംമുതൽ വടക്കേ അറ്റംവരെ നീണ്ടുകിടക്കുന്ന ഈ റോഡിൽ ഏറിയ ഭാഗവും കാൺക്രീറിട്ടതോ കീലിട്ടതോ ആണ്.

2. ഇതുകൂടാതെ തീരപ്രദേശത്തുകൂടി തിരുവനന്തപുരത്തുനിന്നും കൊല്ലം, കായംകുളം, ആലപ്പുഴ, കൊച്ചി, എറണാകുളം വഴി ആലുവായിൽ എത്തുന്ന റോഡും കീലിട്ടതാണ്.

ഇന്ത്യാഗവണ്മെൻറിന്റെ ആധുനിക പദ്ധതിയനുസരിച്ച് റോഡുകളെ ദേശീയപാതകൾ എന്നും സാംസ്ഥാനിക പാതകൾ എന്നും ഗ്രാമീണ പാതകൾ എന്നും തരംതിരിച്ചിട്ടുണ്ട്.


കേരളം
റോഡുകൾ
റയിൽപാതകൾ
കാസർകോട്
കണ്ണൂർ
കുടകിലേക്ക്
തലശ്ശേരി
മയ്യഴി
കടകര
മൈസൂരിലേക്ക്
നിലമ്പൂർ
കോഴിക്കോട്
ബേപ്പൂർ
പൊന്നാനി
പട്ടാമ്പി
ഷൊർണൂർ
കോയമ്പത്തൂർക്ക്
പൊള്ളാച്ചിയിലേക്ക്
ഗുരുവായൂർ
തൃശൂർ
ഇരിഞ്ഞാലക്കുട
കൊടുങ്ങല്ലൂർ
ചാലക്കുടി
അങ്കമാലി
കൊച്ചി
ആലുവ
എറണാകുളം
തൊടുപുഴ
പാലാ
കോട്ടയം
ആലപ്പുഴ
ചങ്ങനാശ്ശേരി
തിരുവല്ല
കൊല്ലം
പുനലൂർ
തിരുവനന്തപുരം
കന്യാകുമാരി

ദേശീയപാതയുടെ സംരക്ഷണച്ചിലവ് കേന്ദ്ര ഗവണ്മെൻറു വഹിക്കുന്നതാണ്. കന്യാകുമാരിമുതൽ കൊച്ചിവരേയും, കൊച്ചിമുതൽ തൃശ്ശൂർവരേയും, തൃശ്ശൂർ മുതൽ കുന്നംകുളംവഴി വാണിയംപാറ, കാളിശ്ശേരി എന്നിവിടങ്ങളം വരേയും ഉള്ള റോഡിൻെറ സംരക്ഷണം നടത്തുന്നതു് കേന്ദ്രഗവണ്മെൻറാണ്.

കുറുകേ പോകുന്ന പ്രധാന പാതകൾ.

1. നാഗർകോവിൽനിന്നും ആരുവാമൊഴിപാതവഴി തിരുനൽവേലിയിലേക്ക് പോകുന്ന റോഡ്.

2. കൊല്ലത്തുനിന്നു കൊട്ടാരക്കര പുനലൂർവഴി ചെങ്കോട്ടയ്ക്കു പോകുന്ന റോഡ്.

3. കോട്ടയം, പൊൻകുന്നം, മുണ്ടക്കയംവഴി പീരുമേട്ടിൽക്കൂടി കുമിളിയ്ക്കു പോകുന്ന കോട്ടയം—കുമളിറോഡ്.

4. ആലുവാ, പെരുമ്പാവൂർ, കോതമംഗലം, നേര്യമംഗലം, മൂന്നാർവഴി ദേവികുളത്തെത്തുന്ന റോഡ്.

5. തൃശ്ശൂർ, നെന്മാറ, ചിറ്റൂർവഴി കോയമ്പത്തൂരേക്ക് പോകുന്ന റോഡ്.

6. ഷൊർണ്ണൂരിൽനിന്നും പാലക്കാട്ടേക്ക് പോകുന്ന റോഡ്.

മേൽപറഞ്ഞ റോഡുകൾക്കു പുറമേ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളും, അന്യോന്യം യോജിപ്പിക്കത്തക്കവിധത്തിൽ അനേകം റോഡുകൾ ശാഖോ

പശാഖകളായി പിരിഞ്ഞുപോകുന്നുണ്ട്. നദികളും തോടുകളും കടക്കുന്നതിനു് മിക്കയിടങ്ങളിലും നല്ല പാലങ്ങളും ചെങ്ങാടങ്ങളും ഉണ്ടു്.

റയിൽവെ.

1. തിരുവനന്തപുരത്തുനിന്നു് കൊല്ലംവഴി ചെങ്കോട്ട കടന്നുപോകുന്ന മീറ്റർ ഗേജു് റയിൽവേ. ഇതിന്റെ നീളം 98 മൈലാണു്. തിരുവനന്തപുരം, ചിറയിൻകീഴു്, വക്കല, കൊല്ലം, കുണ്ടറ, കൊട്ടാരക്കര, പുനലൂർ, തെന്മല, ചെങ്കോട്ട ഇവ ഈ പാതയിലുള്ള പ്രധാന സ്റ്റേഷനുകളാണു്.

2. കൊച്ചി—എറണാകുളം—ആലുവാ—തൃശ്ശൂർ—ഷൊർണ്ണൂർ—ഒറ്റപ്പാലം—ഒലവക്കോടു് മുതലായ സ്റ്റേഷനുകളിൽക്കൂടി മദിരാശിക്കു പോകുന്ന ബ്രാഡ്ഗേജു്.

ഈ റയിൽപാതയിൽ നിന്നു പിരിഞ്ഞു് പാലക്കാട്ടവഴി പോകുന്ന ഒരു മീറ്റർഗേജും ഉണ്ടു്.


3. ഷൊർണ്ണൂരിൽനിന്നു വടക്കോട്ടു് തിരൂർ, കോഴിക്കോടു്, മാഹി, തലശ്ശേരി, കണ്ണൂർ വഴി മംഗലാപുരത്തു് എത്തിച്ചേരുന്ന ബ്രാഡ്ഗേജു്.

മേൽപ്പറഞ്ഞവ കൂടാതെ എറണാകുളത്തുനിന്നു കോട്ടയം മാവേലിക്കരവഴി കൊല്ലംവരെ ഒരു മീറ്റർ ഗേജു് റയിൽപാത ശീഘ്രഗതിയിൽ പണിതുവരുന്നുണ്ടു്.

ഇതു കൂടാതെ ചാലക്കുടിയിൽ വനങ്ങളിൽനിന്നു തടി കൊണ്ടുവരുന്നതിനു് ഉപയോഗിക്കുന്ന 'ട്രാംവേ'യും ടേവികുളത്തുനിന്നു മൂന്നാർവരെ തേയിലപ്പെട്ടികൾ കൊണ്ടുപോകുന്നതിനുള്ള 'റോപ്പുവേ'യും ഉണ്ടു്.

വിമാനം.

ആകാശസഞ്ചാരത്തിനു് മനുഷ്യർ ഉപയോഗി



ക്കുന്ന വാഹനമാണല്ലോ വിമാനം. യാത്രയ്ക്കുപക രിക്കുന്നതിനു പുറമെ എഴുത്തുകൾ, ഭാരം കുറഞ്ഞ പാഴ്സലുകൾ മുതലായവ വിമാനംവഴി കൈമാറ്റം ചെയ്യപ്പെടുന്നു. യുദ്ധകാലത്തു് ശത്രുരാജ്യത്തെ ആ ക്രമിക്കുന്നതിനും വിമാനം ഉപയോഗിക്കുന്നു.

വിമാനം താഴുകയും, പുറപ്പെടുകയും ചെയ്യുന്ന സ്ഥലത്തിനു് വിമാനത്താവളം എന്നു പറയുന്നു. കേരളത്തിൽ പ്രധാനമായി രണ്ടു് വിമാനത്താവള ങ്ങളാണുള്ളതു്. അവ തിരുവനന്തപുരവും, കൊച്ചി യും ആകുന്നു. തിരുവനന്തപുരത്തു നിന്നും കൊച്ചി വഴി, മദ്രാസു്, ബോംബെ, ഡൽഹി മുതലായ സ്ഥല ങ്ങളിലേക്കു് പറക്കാം. താരതമ്യേന യാത്രാനിര ക്കു് വളരെക്കുട്ടതലായതിനാൽ സാധാരണക്കാരനു് വിമാനസർവീസുകൊണ്ടു് ഗുണം ലഭിക്കുന്നില്ല.

തപാൽ.

തപാലാഫീസിൽനിന്നും ലഭിക്കുന്ന ഒരു കാഡ്ഡ് അ ല്ലെങ്കിൽ കവറിൽ കത്തെഴുതി, അതിനു് കത്തയയ്ക്കുന്നു വോ, അയാളുടെ പേരും, വീട്ടുപേരും, തപാലാഫീസി ന്റെ പേരുമെഴുതി തപാൽപെട്ടിയിൽ ഇട്ടാൽ നമ്മു ടെ കത്തു് മേൽവിലാസക്കാരനു ലഭിക്കുന്നു. ഏറ്റവും സുരക്ഷിതമായ ഗതാഗതമാർഗ്ഗങ്ങളിൽക്കൂടി നമ്മുടെ എഴുത്തുകൾ, മണിആർഡറുകൾ, പാഴ്സലുകൾ, എന്നിവ മേൽവിലാസക്കാരനെ ഏല്പിക്കുന്ന ജോലി

തപാൽജീവനക്കാർ സ്തുത്യർഹമായ നിലയിൽ നിർവഹിക്കുന്നു.

കമ്പിത്തപാൽ.

പ്രധാനപ്പെട്ട തപാലാപ്പീസുകളിലെല്ലാം കമ്പിത്തപാൽ ഏർപ്പാടുണ്ട്. അത്യാവശ്യമുള്ള വാർത്തകൾ അതിവേഗത്തിലറിയിക്കുന്നതിനു് ഇതു് ഉപകരിക്കുന്നു. കമ്പിത്തപാൽവഴി അയയ്ക്കണമെന്നുദ്ദേശിക്കുന്ന സന്ദേശം ഇംഗ്ലീഷിൽ എഴുതി തപാൽ ആപ്പീസിൽ ഏല്പിച്ചാൽ അവിടെനിന്നും പ്രത്യേക അടയാളശബ്ദങ്ങളാൽ നാം നിർദ്ദേശിക്കുന്ന ആപ്പീസിൽ അതു് അറിയിക്കുന്നു. അവിടെനിന്നും നമ്മുടെ സന്ദേശം ഇംഗ്ലീഷിൽ എഴുതി മേൽവിലാസക്കാരനു കൊടുക്കുന്നു. സന്ദേശം ഒരു ആപ്പീസിൽ നിന്നും വേറൊരു ആപ്പീസിലേക്കു് അയക്കുന്നതു് വിദ്യുച്ഛക്തിയുടെ സഹായത്താലാണു്.

ഇന്ത്യയുടെ ഏതു ഭാഗത്തേക്കും കമ്പി അടിക്കുന്നതിനു് ഒരേ നിരക്കാണുള്ളതു്. അയയ്ക്കുന്നതു് ദൂരം അനുസരിച്ചു് ചാർജ്ജു് ക്രമപ്പെടുത്തിയിട്ടില്ലെന്നു സാരം. വാക്കുകളുടെ എണ്ണം അനുസരിച്ചാണു് ക്രമീനിരക്കു്. എന്നാൽ ഏറ്റവും കുറഞ്ഞ ചാർജ്ജു് പതിമൂന്നണയാണു്. പതിമൂന്നണകൊണ്ടു് എട്ടുവാക്കിൽ കവിയാത്ത ഒരു സന്ദേശം ഇന്ത്യയിൽ എവിടെയും അയക്കുവാൻ സാധിക്കുന്നു. ക്രമത്തിൽ വരുന്ന ഓരോ വാക്കിനും ഓരോ അണവീതം കൊടുക്കണം.

കമ്പിത്തപാൽവഴി പണവും അയയ്ക്കാം. ഇതിനു് പണം അയയ്ക്കുന്നതിനുള്ള ചാർജ്ജിനു പുറമെ കമ്പി അടിക്കുന്നതിനുള്ള ചാർജ്ജുകൂടി കൊടുക്കണം. പത്രക്കാക്കുള്ള കമ്പിവാർത്തകൾക്കു് പ്രത്യേക സൗജന്യനിരക്കാണുള്ളതു്. 50 വാക്കുകൾക്കു് 12 അണ കൊടുത്താൽ മതിയാകും.

ഇന്ത്യയിൽ പതിനായിരത്തിലധികം തപാലാഫീസുകളുണ്ടു്. സമുദ്രത്തിനു് മറുകരയുള്ള രാജ്യങ്ങളിലേക്കു് ഇപ്രകാരം അയയ്ക്കുന്ന കമ്പിവാർത്തകൾക്കു് കേബിൾസന്ദേശം എന്നു പറയുന്നു.

ടെലിഫോൺ.

കമ്പിമൂലം വാർത്തകൾ അറിയിക്കാമെന്നല്ലാതെ നേരിട്ടു് സംസാരിക്കുന്നതിനു് സാധ്യമല്ല. എന്നാൽ ടെലിഫോൺവഴി ദൂരത്തുള്ളവരുമായി നമുക്കു് സംസാരിക്കുവാൻ കഴിയുന്നു. സംസാരിക്കുന്ന ആളിനു് ശ്രവിക്കുകയും, ശ്രവിക്കുന്ന വ്യക്തിക്കു് സംസാരിക്കുകയും ചെയ്യത്തക്ക രീതിയിലാണു് ഫോൺ ഘടിപ്പിച്ചിരിക്കുന്നതു്. സംസാരിക്കേണ്ടയാൾ ശ്രവിക്കേണ്ടയാളിനെ വൈദ്യുതമണി ഉപയോഗിച്ചു വിളിക്കുന്നു. ഇതിന്റെ ചാർജ്ജു നിരക്കു് ദൂരമനുസരിച്ചും, സംസാരിക്കുവാൻ എടുക്കുന്ന സമയം അനുസരിച്ചുമാണു്.

നേരിട്ട സംസാരിക്കുവാൻ സാധിക്കുന്നതിനുപു
റമേ, ഫോൺവഴി സന്ദേശങ്ങളും അയക്കുവാനും ക
ഴിയുന്നു. ഇതിനു് 'ഫോണോക്കോം' എന്നു പറയു
ന്നു. ഇതു മലയാളത്തിലോ, ഇംഗ്ലീഷിലോ, തമി
ഴിലോ, മറ്റേതു ദേശഭാഷയിലോ ആവാം. എ
ന്നാൽ കമ്പിത്തപാൽവഴി സന്ദേശങ്ങളും ഇംഗ്ലീ
ഷിൽ മാത്രമേ അയക്കാറുള്ളൂ.

ഇന്ത്യയിലെ പ്രധാന തപാലാഫീസുകളിലെ
ല്ലാം ഫോൺക്രൂടി ഘടിപ്പിച്ചിരിക്കുന്നു. ഉദ്യോഗമ
ന്ദിരങ്ങളും, വ്യവസായശാലകളും വിദ്യാഭ്യാസസ്ഥാ
പനങ്ങളും എന്നു വേണ്ട, വീടുകളിൽപോലും ഫോണു
ണ്ടു്. തൻമൂലം വീട്ടിലിരുന്നതന്നെ ദൂരെയുള്ളവരു
മായി സംസാരിക്കുവാൻ കഴിയുന്നു. സ്വന്തമായി
ഫോൺ ഘടിപ്പിച്ചിട്ടില്ലാത്തവക്കു് 'പബ്ളിക്കു്
കാൾ ആഫീസു്" (Public Call Office) ൽ പോ
യി ചാർജ്ജു് കൊടുത്താൽ സംസാരിക്കാവുന്നതാണു്.

ഫോൺ ഏർപ്പാടു് നടപ്പായതോടുകൂടി വ്യാ
പാരികൾക്കും മറ്റും അവരുടെ തൊഴിൽസംബന്ധ
മായ കാര്യങ്ങളിൽ വലുതായ സൗകര്യങ്ങളുണ്ടായിട്ടു
ണ്ടു്. അതതു സമയത്തെ കച്ചവടനിലവാരം അറി
യുന്നതിനും തന്നിമിത്തം വ്യാപാരം അഭിവൃദ്ധിപ്പെടു
ത്തുന്നതിനും ഇടയാകുന്നു.

ആവർത്തന ചോദ്യങ്ങൾ.

1. കാരണം പറയുക.

എ) മലംപ്രദേശത്തു റോഡുകൾ കുറവാണ്

ബി) മലംപ്രദേശങ്ങളിൽ പോസ്റ്റാഫീസുകൾ അധികമായി കാണുന്നില്ല.

2. കേരളത്തിന്റെ ഒരു പടത്തിൽ

എ) എറണാകുളത്തുനിന്നു മംഗലാപുരംവരെയുള്ള റയിൽപാത അടയാളപ്പെടുത്തി പ്രധാന റയിൽവേസ്റ്റേഷനുകളുടെ പേരെഴുതുക.

ബി) തിരുവനന്തപുരം—ചെങ്കോട്ട റയിൽപാതയും പ്രധാന സ്റ്റേഷനുകളും അടയാളപ്പെടുത്തുക

3. താഴെപറയുന്ന സ്ഥലങ്ങൾ കൊല്ലം ചെങ്കോട്ട റയിൽപാതയുടെ വടക്കോ തെക്കോ എന്നെഴുതുക.

തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, മൂവാറ്റുപുഴ, ചിറയിൻകീഴ്, ആലുവാ, ആറൻമുള, ആറ്റിങ്ങൽ, കായംകുളം, ആലപ്പുഴ, കോഴിക്കോട്, അട്ടൂർ, പന്തളം, കോട്ടയം, ചങ്ങനാശ്ശേരി, നാഗർകോവിൽ.

4. കേരളത്തിന്റെ പടത്തിൽ കന്യാകുമാരി മുതൽ കോഴിക്കോടുവരെയുള്ള റോഡ് അടയാളപ്പെടുത്തി, റോഡു കടന്നുപോകുന്ന പ്രധാനപ്പെട്ട അഞ്ചു പട്ടണങ്ങൾ അടയാളപ്പെടുത്തുക.

അദ്ധ്യായം 4.

കേരളീയർ.

പ്രധാന മതങ്ങൾ.

പുരാതനകാലത്തു ശ്രീ പരശുരാമൻ, കേരളത്തെ സമുദ്രത്തിൽ നിന്നു വീണ്ടെടുത്തതാണെന്നു് ഒരു ഐതിഹ്യമുണ്ടല്ലോ. ആ കഥ മുൻക്ലാസ്സുകളിൽ നിങ്ങൾ പഠിച്ചിരിക്കുവാൻ ഇടയുണ്ടു്. പണ്ടു കേരളം മുഴുവൻ ഒരു ചക്രവർത്തിയാണു ഭരിച്ചിരുന്നതു്. അദ്ദേഹത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളമായിരുന്നു. വളരെക്കാലത്തിനു ശേഷം, ജനങ്ങൾ തന്നെ തെരഞ്ഞെടുത്ത പെരുമാക്കന്മാർ കേരളം ഭരിച്ചു. ആയിരം കൊല്ലത്തോളം പെരുമാക്കന്മാരുടെ ഭരണം നിലനിന്നിരുന്നു.

അക്കാലത്തു്, കേരളത്തിൽ ഒരു ദേശീയ മഹോത്സവം ഉണ്ടായിരുന്നു. മാമാങ്കമെന്നാണു് അതിന്റെ പേർ. ഭാരതപ്പുഴയിലെ മണൽപ്പുറത്തു്, തിരുനാവാ എന്ന സ്ഥലത്തു് മകരമാസത്തിൽ മാമാങ്കം നടത്തിപ്പോന്നു. പന്ത്രണ്ടുകൊല്ലക്കാലത്തിലൊരിക്കലാണു് ഈ ദേശീയ മഹോത്സവം നടത്തിവന്നതു്. കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നു് തെരഞ്ഞെടുക്കപ്പെട്ടന്ന പ്രധാനികൾ അവിടെ സമ്മേളിക്കയും പെരുമാക്കളെ തെരഞ്ഞെടുത്തു വാഴിക്കയുമായിരുന്ന പതിവു്. അദ്ദേഹത്തിന്റെ തലസ്ഥാനം തി

രുവഞ്ചിക്കുളമായിരുന്നു. പന്ത്രണ്ടുകൊല്ലത്തിലൊരിക്കലാണ് പെരുമാക്കന്മാരുടെ തെരഞ്ഞെടുപ്പ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പെരുമാക്കന്മാരിൽ ഒടുവിലത്തെ പെരുമാൾ, ഭാസ്കരരവിവർമ്മ ചേരമാൻ ആയിരുന്നു.

ചേരമാൻപെരുമാൾ നീതിനിഷ്ഠനും പ്രജാവത്സലനുമായിരുന്നതിനാൽ, അദ്ദേഹത്തെ തന്നെ വീണ്ടും തെരഞ്ഞെടുക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിനുശേഷം കേരളം, പല തുണ്ടുകളായി പിരിഞ്ഞു് ഓരോസ്ഥലത്തും ഓരോ നാടുവാഴികൾ ഭരിച്ചുവന്നു. കോഴിക്കോട്, നിലമ്പൂർ, ചിറക്കൽ, ഇടപ്പള്ളി, വടക്കുംക്കൂർ, തെക്കുംക്കൂർ, കൊച്ചി, ചെമ്പകശേരി, കായങ്കുളം, വേണാട് മുതലായവയായിരുന്നു ഈ ചെറുരാജ്യങ്ങൾ.

പിൽക്കാലത്തു വേണാട്, കൊച്ചി, കോഴിക്കോട് എന്നീ രാജ്യങ്ങളിലെ നാടുവാഴികൾ പ്രബലന്മാരായിത്തീർന്നു. ഇംഗ്ലീഷുകാരുടെ ഭരണം ഇൻഡ്യയിൽ ആരംഭിച്ചപ്പോൾ, മലബാർ മുഴുവൻ അവക്കധീനമായി. ഇൻഡ്യാ സ്വാതന്ത്ര്യം പ്രാപിച്ചതോടുകൂടി 1949 ജൂലൈയ് 1-ാംനു- തിരുവിതാംക്കൂറും കൊച്ചിയും സംയോജിക്കപ്പെട്ടു.

ഭരണപരമായി ഇങ്ങനെ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ഭാഷ, വേഷം, സംസ്കാരം എന്നിത്യാദികളിൽ കേരളീയർ ഒന്നാണ്. അന്നും ഇന്നും അവർ കേരളീയരെന്നാണ് അറിയപ്പെട്ടുന്നതു്.

ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരാണ്, കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളും. കേരളക്കരയിൽ എല്ലാഭാഗത്തും ഹിന്ദുസമുദായത്തിൽപെട്ടവർ ഉണ്ട്. ഹിന്ദുമതാചാരങ്ങളും അനുഷ്ഠിക്കുന്നതിലും മതകർമ്മാദികളും നടത്തിക്കൊണ്ടുപോകുന്നതിലും അവർ നിഷ്ഠയുള്ളവരാണ്. അതിപുരാതനങ്ങളായ ക്ഷേത്രങ്ങളും, കേരളത്തിന്റെ എല്ലാഭാഗങ്ങളിലും കാണാം.

പെരുമാക്കന്മാരുടെ കാലത്തു് നാനാജാതി മതസ്ഥർക്കും അവരവരുടെ മതാനുഷ്ഠാനങ്ങളിൽ പൂർണ്ണമായ സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നു. എന്നു മാത്രമല്ല, മതപ്രചരണ വിഷയത്തിൽ സഹായങ്ങളും സൗകര്യങ്ങളും നല്കിയിരുന്നതായി ചരിത്രലക്ഷ്യങ്ങളും ഉണ്ടു്. ക്രിസ്താബ്ദം മൂന്നാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രമായിട്ടാണറിയപ്പെട്ടിരുന്നതു്. കൊല്ലത്തും, ബാബിലോണിൽനിന്നു ക്രിസ്ത്യാനികളും വന്നിറങ്ങി താമസിച്ചിരുന്നു. അവരുടെ നേതാവു് സഫീർ ഈയോ എന്നയാളായിരുന്നു. മാർ സബ്രോ, മാർ അപ്രോത്തു്, എന്ന രണ്ടു മതാദ്ധ്യക്ഷന്മാരും അവിടെ വസിച്ചിരുന്നു. ഇങ്ങനെ കേരളത്തിൽ ക്രിസ്തുമതപ്രചാരം നടന്നുവന്നു. ആരാധനാസ്ഥാനങ്ങൾ പലയിടങ്ങളിലും പള്ളികളും ഉണ്ടായിരുന്നു.

പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നിവരുടെ വരവോടുകൂടി, സുവിശേഷപ്രചരണം വർദ്ധിക്കുകയും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും, പ്ര

ത്തേകിച്ച്, തിരു–കൊച്ചിയിലും ക്രിസ്തുമതവിശ്വാസികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.

ഒൻപതാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ കേരളം വാണിരുന്ന ബാരപെരുമാളിന്റെ കാലത്ത് മാലിഖിലാൻ—ടീനാർ കേരളത്തിൽ വരികയും പെരുമാൾ അദ്ദേഹത്തെ സ്വീകരിച്ച് മതപ്രചരണത്തിനു് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. അറബികൾ ധാരാളമായി കൊട്ടങ്ങല്ലൂർ വന്നു താമസമുറപ്പിച്ചു. മറ്റൊരു സംഘം അറബികൾ മാലിഖിലാൻ അബുലിന്റെ നേതൃത്വത്തിൽ കേരളത്തിൽ വരികയുണ്ടായി. അദ്ദേഹത്തിന്റെ പുത്രനായ ഹാബിൽ കൊല്ലത്തു ഒരു പള്ളി പണിയിച്ചു. അറബികൾ കേരളത്തിൽ വരികയും വ്യാപാരങ്ങൾ നടത്തുകയും ചെയ്തുവന്നു. വ്യാപാരത്തോടൊപ്പം മതപ്രചരണവിഷയത്തിലും അവർ ശ്രദ്ധപതിപ്പിച്ചു. കോഴിക്കോട്ട് അറബികളുടെ മറ്റൊരു കേന്ദ്രമായിരുന്നു. സാമൂതിരിയുടെ കാലത്തു് അവർ കോഴിക്കോട്ട് കച്ചവടബന്ധം ബലമായി ഉറപ്പിച്ചു.

ക്രിസ്തുവിന്റെ ജനനത്തിനുമുൻപുതന്നെ ജൂതന്മാർ കൊട്ടങ്ങല്ലൂരിൽ കുടിയേറിപ്പാർക്കുണ്ടായിട്ടുണ്ട്. ഉദ്ദേശം പതിനായിരം ജൂതന്മാർ ഇപ്രകാരം കുടിയേറിപ്പാർക്കുണ്ടായി. മുസ്സീരിസ്സ് എന്നായിരുന്നു കൊട്ടങ്ങല്ലൂരിന്റെ അന്നത്തെപ്പേർ. മതപ്രചരണവിഷയത്തിൽ അവർ പ്രത്യേക ശ്രദ്ധാന്തികാണിച്ചതായി കാണുന്നില്ല. ഇപ്പോൾ കൊച്ചിയിലും ഏ

ണാകളത്തും വടക്കൻ പറവൂരിലും ആണ് അവർ അധികമായി താമസിച്ചുവരുന്നത്.

ബാണപ്പെരുമാൾ വാണിരുന്ന കാലത്ത് ഒരു സംഘം ബുദ്ധസന്ന്യാസിമാർ കേരളത്തിൽവന്നു മതപ്രചരണം നടത്തുകയുണ്ടായി. പെരുമാളിന്റെ സഹായത്തോടുകൂടി അവർ കേരളത്തിൽ പല ബുദ്ധവിഹാരങ്ങളും പണിയിച്ചു. തിരുവിതാംകൂറിൽ കുഴിത്തുറ, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിലുള്ള ക്ഷേത്രങ്ങളിൽ ബുദ്ധമതക്ഷേത്രങ്ങളുടെ പ്രത്യേകതകൾ കാണാവുന്നതാണ്.

ജൈനമത വിശ്വാസികളും കേരളത്തിൽ അങ്ങിങ്ങായി താമസിക്കുന്നുണ്ട്.

ഇവിടെ വിവിധമതവിശ്വാസികൾ തമ്മിൽകാണിച്ചുവരുന്ന സഹിഷ്ണുതയും ഐക്യമനോഭാവവും നമ്മുടെ പ്രത്യേകതയാണ്. അന്യോന്യം ഇണങ്ങിയും സഹകരിച്ചും കഴിയുവാനുള്ള മനോഭാവമാണ കേരളീയർക്ക പൊതുവിലുള്ളത്. എല്ലാവരും ഏകയോഗക്ഷേമമായി സഹോദരങ്ങളെപ്പോലെ വർത്തിച്ചുവരുന്നു.

കേരളത്തിൽ ഇൻഡ്യയിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ജനസംഖ്യ തുലോം കൂടുതലാണ്. ഇവിടെ ചതുരശ്ര മൈലിനു് ശരാശരി 1000 പേരിൽ കൂടുതൽ താമസിച്ചുവരുന്നു. ഇൻഡ്യയുടെ ഇതരഭാഗങ്ങളിലെപ്പോലെയുള്ള ഗ്രാമജീവിതം കേരളത്തിൽ കു

റവാണ്. ഓരോ കുടുംബവും പ്രത്യേകം പ്രത്യേകം പുരയിടങ്ങളിലുള്ള വീടുകളിൽ താമസിക്കുകയാണ് പതിവ്.

ആളുകൾ അധികവും തിങ്ങിത്താമസിക്കുന്നതു് തീരപ്രദേശത്താണ്. പ്രധാനപ്പെട്ട പല പട്ടണങ്ങളും തുറമുഖങ്ങളും ഈ പ്രദേശത്താണുള്ളതു്. വ്യാവസായികമായും വാണിജ്യപരമായും കൂടുതൽ സൗകര്യങ്ങളുള്ളതുകൊണ്ടു് ഈ പ്രദേശത്തു് ജനബാഹുല്യം കൂടുതലാണ്.

മദ്ധ്യപ്രദേശം പ്രധാനമായി കാർഷികപ്രാധാന്യമുള്ളതാണ്. തന്മൂലം ജനബാഹുല്യം തീരത്തെ അപേക്ഷിച്ചു കുറവാണ്. എങ്കിലും ഈ പ്രദേശത്തുള്ള പട്ടണങ്ങളിൽ ആളുകൾ ഇടതിങ്ങിപ്പാർക്കുന്നുണ്ടു്.

മലമ്പ്രദേശത്തു ജനബാഹുല്യം തീരെക്കുറവാണ്. എന്നാൽ തേയിലത്തോട്ടം, റബ്ബർതോട്ടം മുതലായവയുള്ള മലമ്പ്രദേശത്തും ജനങ്ങൾ പാർക്കുന്നുണ്ടു്. പക്ഷേ പട്ടണങ്ങളിലെപ്പോലെ ആളുകൾ തിങ്ങിത്താമസിക്കുകയല്ല ചെയ്യുന്നതു്. വിജനമായി കിടക്കുന്ന കാട്ടുപ്രദേശത്തു അവിടവിടെയുള്ള തോട്ടങ്ങളിൽ ജോലിക്കാരായും മറ്റും ആളുകൾ കുട്ടംകുട്ടമായി പാർക്കുന്നു.

ആവർത്തനചോദ്യങ്ങൾ.

1. നിങ്ങളുടെ സ്കൂളിനടുത്തുള്ള പള്ളി, ക്ഷേത്രം ഇവയെക്കുറിച്ച് ഐതിഹ്യങ്ങളുണ്ടെങ്കിൽ അന്വേഷിച്ച് അദ്ധ്യാപകന്റെ സഹായത്തോടുകൂടി നോട്ടു കുറിക്കുക.

2. തീരപ്രദേശത്ത് ജനബാഹുല്യം കൂടുതലാണ്. എന്തുകൊണ്ട്? മൂന്നു കാരണം പറയുക.

3. മലമ്പ്രദേശത്ത് ജനബാഹുല്യം കുറവായതെന്തുകൊണ്ട്?

4. ഫലഭൂയിഷ്ഠമായ സ്ഥലങ്ങളിൽ ആളുകൾ തിങ്ങിപ്പാർക്കുന്നു. കാരണം എന്ത്?

അദ്ധ്യായം 5.

സാഹിത്യം, കല, കരകൗശലം.

A

എഴുത്തച്ഛൻ.

ഏതൊരു കേരളീയനും സുപരിചിതനാണ്, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. അദ്ദേഹം ജനിച്ചതു് മലബാറിൽ വെട്ടത്തുനാട്ടിൽ തൃക്കണ്ടിയൂർ ആണ്. അവിടെ തുഞ്ചൻപറമ്പ് എന്ന ഒരു പുരയിടം

ഇന്നും സ്ഥിതിചെയ്യുന്നു. എഴുത്തിനിരുത്തുമ്പോൾ തുഞ്ചൻപറമ്പിലെ മണ്ണ് ഉപയോഗിക്കുന്നതു് ആ നാട്ടുകാർ പുണ്യമായി കരുതാറുണ്ടു്.

അദ്ദേഹത്തിന്റെ അച്ഛൻ ഒരു നമ്പൂതിരിയായിരുന്നു. നീലകണ്ഠഗുരുവിന്റെ കീഴിൽ വിദ്യ അഭ്യസിച്ചു. പിന്നീടു് സംസ്കൃതം, തമിഴു്, തെലുങ്കു് എന്നീ ഭാഷകളിലും എഴുത്തച്ഛനു വ്യുല്പത്തിയുണ്ടായിരുന്നു. തെക്കേ ഇന്ത്യയിൽ പലയിടങ്ങളിലും അദ്ദേഹം സഞ്ചരിച്ചു് ലോകപരിജ്ഞാനം സമ്പാദിച്ചു. ദേശസഞ്ചാരം കഴിഞ്ഞു് സ്വദേശത്തേക്കു് മടങ്ങിയ എഴുത്തച്ഛൻ കുട്ടികളെ പഠിപ്പിക്കുന്ന തൊഴിൽ സ്വീകരിച്ചു. അക്കാലത്തു് പല കൃതികളും രചിക്കയുണ്ടായി.

എഴുത്തച്ഛന്റെ കൃതികളിൽ, എല്ലാ ഹിന്ദുഗൃഹങ്ങളിലും നിത്യപാരായണം ചെയ്യുവരുന്നതു് രാമായണവും ഭാഗവതവുമാണു്. മലയാളികൾക്കു പുരാണങ്ങൾ അറിയുന്നതിനും തദ്വാരാ ഭക്തി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി എഴുതിയിട്ടുള്ളതാണു് ഈ രണ്ടു കൃതികളും. സംസ്കൃതത്തിൽനിന്നുള്ള തർജ്ജിമയാണിവയെങ്കിലും സ്വതന്ത്രമായിട്ടാണു് വിവർത്തനം ചെയ്തിട്ടുള്ളതു്. രാമായണം ഇരുപത്തിനാലു വൃത്തം, ഹരിനാമകീർത്തനം, അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം എന്നിവയാണു് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

കുഞ്ചൻനമ്പ്യാർ.

മലയാളികളിൽ ഫലിതസാമ്രാട്ടായ കുഞ്ചൻനമ്പ്യാർ കൊച്ചിയിലുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന സ്ഥലത്തു ജനിച്ചു. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹത്തിനു് അസാമാന്യപാണ്ഡിത്യം ഉണ്ടായിരുന്നു. കിള്ളിക്കുറിശ്ശിമംഗലത്തിനടുത്തുള്ള തന്ത്രമഠത്തിലെ നാരായണൻ നമ്പൂതിരിയാണു് അദ്ദേഹത്തിന്റെ ആദ്യഗുരു. നമ്പ്യാർ, കിടങ്ങൂരും അമ്പലപ്പുഴയും വന്നതാമസിച്ചു് വിദ്യാഭ്യാസം ചെയ്തിട്ടുണ്ടു്. ചെറുപ്പത്തിൽതന്നെ കവിത എഴുതുന്നതിൽ സാമർത്ഥ്യമുണ്ടായിരുന്നു.

കുഞ്ചൻനമ്പ്യാരേ സ്മരിക്കുമ്പോൾ തുള്ളലുകളെക്കുറിച്ചാണു് ഓർമ്മവരിക. അമ്പലപ്പുഴവച്ചാണു് തുള്ളലുകൾ രചിച്ചതെന്നു് വിശ്വസിക്കപ്പെടുന്നു. നമ്പ്യാർ തുള്ളൽ നിർമ്മിക്കുവാനുള്ള കാരണം സുപ്രസിദ്ധമാണല്ലൊ.

പുരാണകഥകളെ അവലംബിച്ചു്, അനേകം തുള്ളൽകൃതികൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നുതരം തുള്ളൽകൃതികളാണു നമ്പ്യാർ രചിച്ചിട്ടുള്ളതു്.

ലളിതമായ ഭാഷയിൽ സരസമായും ഫലിതസമ്പൂർണ്ണമായും പുരാണകഥകൾ ബഹുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുകയാണു് അദ്ദേഹം ചെയ്തിട്ടുള്ളതു്. പരിഹാസകവനത്തിൽ നമ്പ്യാരെ ജയിക്കു

വാൻ ഇന്നുവരെ മറ്റൊരു കവിയും മലയാളത്തിൽ ഉണ്ടായിട്ടില്ല. പുരാണകഥകൾ സരസമായി പറയുന്നതിനുപുറമെ അന്നു നിലവിലിരുന്ന സാമുദായികമായ അനാചാരങ്ങളേയും കുറവുകളേയും കുറവുകളേയും ചിത്രീകരിച്ചു്, സമുദായ പരിഷ്കരണം ചെയ്യുവാനുള്ള ശ്രമവും ഈ കവിതകളിൽക്കൂടി ചെയ്തിട്ടുണ്ടു്.

നമ്പ്യാർ ദീർഘകാലം തിരുവനന്തപുരത്തു താമസിച്ചു്, രാജാവിന്റെ പ്രത്യേക സ്നേഹബഹുമാനങ്ങൾ സമ്പാദിച്ചു. രാജസന്നിധിയിൽപോലും, കണക്കിനു കൊള്ളുന്നവിധത്തിൽ ഫലിതം പറയുവാൻ അദ്ദേഹംമടിച്ചിട്ടില്ല. പിൽക്കാലത്തു്, തിരുവനന്തപുരത്തുനിന്നു താമസം മാറ്റി അമ്പലപ്പുഴയിൽ താമസമുറപ്പിച്ചു. അവിടെവെച്ചു് പേപ്പട്ടി കടിച്ചു് മരിച്ചതായിട്ടാണു് ഐതിഹ്യം.

ചെറുശ്ശേരി.

കൃഷ്ണഗാഥയുടെ കർത്താവായ ചെറുശ്ശേരി നമ്പൂതിരി മലബാർ ജില്ലയിൽ വടകര എന്ന സ്ഥലത്തു് ചെറുശ്ശേരി ഇല്ലത്തു ജനിച്ചു. പുനത്തിൽ ഇല്ലത്തിലേയ്ക്കു് ഇദ്ദേഹത്തെ ദത്തെടുത്തു. കോലത്തിരി രാജാവായ ഉദയവർമ്മന്റെ ആശ്രിതനായിട്ടാണു് ഇദ്ദേഹം കഴിഞ്ഞുകൂടിയതു്.

ഉദയവർമ്മ രാജാവിന്റെ കല്പനയനുസരിച്ചാണു് അദ്ദേഹം കൃഷ്ണഗാഥ രചിച്ചതു്. ചതുരംഗം ക

ളിച്ചുകൊണ്ടിരുന്ന രാജാവു്, തോല്ക്കുമെന്നു വന്നപ്പോൾ തൊട്ടിൽ ആട്ടിക്കൊണ്ടുനിന്ന ഭാര്യ 'ഉണ്ണു ണ്ണു ണ്ണുണ്ണു ആളെയുണ്ണു' എന്നു പാടിയതായും, ഇതുകേട്ട രാജാവു്, പാട്ടിലെ നിർദ്ദേശമനുസരിച്ചു് ആളെ നീക്കി, കളി ജയിച്ചതായും ഐതിഹ്യമുണ്ടു്. ആ രാഗത്തിൽ കൃഷ്ണാവതാരകഥ രചിയ്ക്കണമെന്നു് നമ്പൂതിരിയോടു രാജാവു് കല്പിച്ചു. അങ്ങനെ രചിച്ച കവിതയാണു് കൃഷ്ണഗാഥ എന്നു് പറഞ്ഞുവരുന്നു.

ഭാരതഗാഥ, കൃഷ്ണഗാഥ എന്നു് പ്രസിദ്ധങ്ങളായ രണ്ടു കൃതികൾ പെരുശ്ശേരി രചിച്ചിട്ടുണ്ടു്. അതിൽ കൃഷ്ണഗാഥയാണു് മെച്ചം. വടക്കേ കേരളത്തിൽ ചിങ്ങമാസത്തിൽ സ്ത്രീകൾ ഇന്നും ഇതു പാടുക പതിവാണു്. ലളിതമായ ഭാഷയിൽ സുന്ദരങ്ങളായ ആശയങ്ങൾ ഈ കവിതകളിൽ അടക്കുവാൻ കവിയ്ക്കു് കഴിഞ്ഞിട്ടുണ്ടു്. പാടി രസിക്കുവാനും ഇതുപകരിക്കുന്നു.

B

കളരിപ്പയറു്.

പുരാതനകാലത്തു് കേരളത്തിൽ യുദ്ധമുറകളഭ്യസിപ്പിക്കുന്ന കളരികൾ ധാരാളമുണ്ടായിരുന്നു. പടയാളികൾക്കു് ആവശ്യം വരുമ്പോൾ ഓരോ കരയിൽ നിന്നും പരിശീലനം സിദ്ധിച്ചവരെ ലഭിക്കുവാൻ വിഷമമുണ്ടായിരുന്നില്ല.

പയറുമുറകൾ പഠിപ്പിക്കുന്ന കളരികൾ കേരളത്തിൽ ഓരോ കരയിലും ഉണ്ടായിരുന്നു. ഇതി

നും പുറമേ പ്രധാനപ്പെട്ട തറവാട്ടുകളിലും കളരി സ്ഥാപിച്ചു നടത്തിവന്നു.

കളരിയിലെ പരിശീലനം ബാല്യകാലം മുതല്ക്കുതന്നെ ആരംഭിക്കണം. മെയ് ഒതുക്കം വരുത്തുന്നതിനു് ചവുട്ടിത്തിരുമ്മുകയും പിഴിച്ചിൽ നടത്തുകയും പതിവായിരുന്നു. കച്ചകെട്ടിയുള്ള അഭ്യാസങ്ങൾ ഏഴുവയസ്സുമുതൽ ആരംഭിക്കുന്നു.

കളരിക്കുറുപ്പോ പണിക്കരോ ആണു കളരിയിലെ ആശാൻ. അടിയും തടയും അടവുകളും മറ്റും ആശാൻ പഠിപ്പിക്കുന്നതു മെയ് ഒതുക്കം വരുത്തിയതിനുശേഷമാണു്. വാൾ, കുന്തം, വടി മുതലായ ആയുധങ്ങൾ ഉപയോഗിച്ചു അഭ്യാസങ്ങളും പരിശീലിപ്പിച്ചുവന്നു. സാമാന്യം ഒരു അഭ്യാസി ആകുന്നതു് 18 മുറകൾ പഠിച്ചുകഴിയുമ്പോഴാണു്. കളരികളിൽ അഭ്യാസം കഴിഞ്ഞവർ കായബലവും ആയോധന വിദ്യയിൽ വിരുതും ഉള്ളവരായിരിക്കും. മാമാങ്കകാലത്തു് ഇവരുടെ കളരിപ്പയറ്റുകൾ ബഹുജനസമക്ഷം പ്രദർശിപ്പിക്കാറുണ്ടായിരുന്നു.

കളരിപ്പയറ്റു കഴിഞ്ഞു് പടക്കളത്തിൽ വീരന്മാരും ശൂരന്മാരുമായിരുന്നവരുടെ പരാക്രമങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകൾ പുരാതന കേരളത്തിലെങ്ങും പാടിവന്നു. തച്ചോളി ഒതേനൻ, തച്ചോളി ചന്തു, ആരോമൽ ചേവകർ, ഇരവിക്കുട്ടിപ്പിള്ള മുതലായവരുടെ വീരകൃത്യങ്ങളെക്കുറിച്ചുള്ള പാട്ടുകൾ, ഇന്നും നമ്മെ കോരിത്തരിപ്പിക്കാതിരിക്കയില്ല.

കഥകളി.

കഥകളി, കേരളത്തിന്റെ ഒരു പ്രത്യേക ദൃശ്യ കലാസമ്പത്താണ്.

തുള്ളൽ, ചാക്യാർക്കൂത്ത്, നാടകം മുതലായവയിൽ നിന്നു വ്യത്യസ്തമായ ഒരു കലാവിഭാഗമാണിതു്. വിചിത്രരീതിയിലുള്ള വേഷംകെട്ടി നടന്മാർ രംഗപ്രവേശം ചെയ്യുന്നു. കഥാപാത്രങ്ങൾ തമ്മിൽ സംസാരിക്കുക ഇതിൽ പതിവില്ല. മുദ്രയ്ക്കെകം കാണിച്ചു വിചാരവികാരാദികളെ പ്രകടിപ്പിക്കുന്ന പ്രാഗത്ഭ്യം ഒന്നു വേറെതന്നെ. മേളക്കാരും പിൻപാട്ടുകാരും ഉണ്ടായിരിക്കും. പാട്ടിനു് അനുകരിച്ചു നടന്മാർ ആടുന്നു. പുരാണകഥകളാണു് സാധാരണയായി ആട്ടക്കഥകളുടെ ഇതിവൃത്തമായി സ്വീകരിക്കാറുള്ളതു്.

കഥകളി രാത്രിയിലാണു് സാധാരണ നടത്താറുള്ളതു്. ഒരു കഥ പൂർത്തിയായി ആടുവാൻ ഒരു രാത്രി മുഴുവൻതന്നെ വേണ്ടിവരും. അരങ്ങത്തു ഒരു വലിയ നിലവിളക്കു കത്തിച്ചിരിക്കും. നടന്മാരുടെ മുഖത്തുണ്ടാകുന്ന വികാരഭേദങ്ങൾ കാണികൾക്കു കണ്ടാസ്വദിക്കുവാൻ സഹായിക്കുന്നതിനാണു് നിലവിളക്കു്.

കഥകളിക്കു് നടന്മാർ ഒരുങ്ങുന്നതിനുതന്നെ വളരെ സമയം വേണ്ടിവരും. അരിമാവും മനയോലയും മഞ്ഞളുംകൊണ്ടു് മുഖത്തു ചുട്ടികുത്തുന്നു. സാധാര

ണ രീതിയിലുള്ള വസ്ത്രധാരണമല്ല അവക്കുള്ളത്. സ്ത്രീവേഷം പുരുഷന്മാർതന്നെ കെട്ടുകയാണു പതിവ്. കഥാപാത്രങ്ങൾ അഭിനയിക്കേണ്ട സ്വഭാവമനുസരിച്ചു പ്രത്യേക ചുട്ടികളും ഉണ്ട്. ക്രൂരപാത്രങ്ങളുടെ മുകേൽചുട്ടി പ്രസിദ്ധമാണ്.

സാധാരണക്കാർക്കു കഥകളി ആസ്വദിക്കുവാൻ അല്പം വിഷമമുണ്ട്. മുദ്രകൾകൊണ്ടു നിശ്ചയമുള്ളവർക്കേ അതു പൂർണ്ണമായി ആസ്വദിക്കുവാൻ കഴികയുള്ളൂ. തന്മൂലം, വിദ്വാന്മാർക്കു രസിക്കുവാനുള്ള ഒരു കലയായിട്ടാണ് അതു തീർന്നിരിക്കുന്നത്. എങ്കിലും, കഥകൾ പുരാണപ്രസിദ്ധങ്ങളായതുകൊണ്ട് സാമാന്യജനങ്ങൾക്കും കുറെയൊക്കെ ആസ്വദിക്കുവാൻ കഴിയും. ഇക്കാലത്തു് സിനിമാ, നാടകം മുതലായവയുടെ അനിതരസാധാരണമായ പ്രചാരം വന്നതോടെ കഥകളിയുടെ പുരോഗതിക്കു അല്പം മാന്ദ്യമുണ്ടായിട്ടുണ്ട്. മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടുന്ന കലാമണ്ഡലം, കഥകളി പ്രസ്ഥാനത്തിനു് നവജീവൻ നൽകിവരുന്നു. ഇവിടെ വരുന്ന വിദേശികൾ കഥകളി കാണുവാൻ പ്രത്യേകം ഒരു സംഘം പ്രദർശിപ്പിക്കയും കഥകളിയുടെ ശാസ്ത്രീയവശങ്ങൾ പ്രത്യേകമായി പഠിക്കുകയും ചെയ്യുവരുന്നതു് ഈ കലയുടെ വൈശിഷ്ട്യം ഒന്നുകൊണ്ടു മാത്രമാണല്ലോ.

ആട്ടക്കഥകൾ നിർമ്മിച്ചു കൈരളിയെ അനുഗ്രഹിച്ച മഹാകവികളുടെ നാമവും ഈയവസരത്തിൽ സ്മരിക്കേണ്ടതാണ്.

കോട്ടയത്തു് തമ്പുരാൻ, കാർത്തികതിരുനാൾ മഹാരാജാവു്, ഇരയിമ്മൻതമ്പി, അശ്വതിതിരുനാൾ, ഉണ്ണായിവാര്യർ, വിദ്വാൻ കോയിത്തമ്പുരാൻ മുതലായവർ പല ആട്ടക്കഥകളും രചിച്ചു് കൈരളിയെ ധന്യയാക്കിയിട്ടുണ്ടു്.

തുള്ളൽ.

തുള്ളൽക്കഥകൾ ആദ്യമായി നിർമ്മിച്ചതു് കുഞ്ചൻനമ്പ്യാരാണു് എന്നു പറഞ്ഞുവരുന്നു. നമ്പ്യാരുടെ കാലത്തിനുമുൻപുതന്നെ കേരളത്തിൽ തുള്ളൽപ്രസ്ഥാനമുണ്ടായിരുന്നുവെന്നും ഒരഭിപ്രായക്കാർ ഉണ്ടു്. ഏതായാലും തുള്ളലിനു് നവജീവൻ കൊടുത്തു് പ്രചുരപ്രചാരം വരുത്തിയതു കുഞ്ചൻനമ്പ്യാരാണെന്നുള്ളതു് തർക്കമറ്റ സംഗതിയാണു്.

തുള്ളൽപ്രസ്ഥാനത്തിന്റെ ഉത്ഭവത്തെപ്പറ്റി ഒരു ഐതിഹ്യമുണ്ടു്. ഒരിക്കൽ അമ്പലപ്പുഴക്ഷേത്രത്തിൽ ചാക്യാർക്കൂത്തു് നടന്നുകൊണ്ടിരിക്കുകയായിരുന്നു. ചാക്യാർക്കൂത്തിൽ, ചാക്യാർ ഒരു ശ്ലോകം ചൊല്ലി അതിനെ കഥാപ്രസംഗരീതിയിൽ ദീർഘമായും സരസമായും വിസ്തരിക്കുന്നു. പിന്നെ അടുത്ത ശ്ലോകം ചൊല്ലും. ഓരോ ശ്ലോകവും ചൊല്ലിക്കഴിഞ്ഞാൽ അടുത്തതന്നെയിരിക്കുന്ന നമ്പ്യാർ മിഴാവുകൊട്ടണം. ഇതാണു് ചാക്യാർക്കൂത്തിന്റെ പതിവു്. അന്നു്, അമ്പലപ്പുഴവെച്ചു നടന്നുകൊണ്ടിരുന്ന ചാക്യാർക്കൂത്തിനു് കുഞ്ചൻനമ്പ്യാരാണു്

മിഴാവു കൊട്ടിക്കൊണ്ടിരുന്നതു്. കൂത്തു പകുതിയാ
യപ്പോൾ നമ്പ്യാർ ഉറങ്ങിപ്പോകയാൽ ചാക്യാർ ശ്ലോ
കം ചൊല്ലിയതു നമ്പ്യാർ കേട്ടില്ല. തന്മൂലം, അതു
കഴിഞ്ഞപ്പോൾ മിഴാവു കൊട്ടിയതുമില്ല. ഇതിൽ
ക്ഷുഭിതനായ ചാക്യാർ നമ്പ്യാരെ ഭംഗിയായി ക
ളിയാക്കി. ചാക്യാരുകൂത്തിൽ, ചാക്യാർ എന്തു
പറഞ്ഞാലും എതിർത്തു പറയുവാനോ മറുപ
ടി പറയുവാനോ പാടില്ലെന്നാണു നിയമം.
അതിനാൽ നമ്പ്യാർ ശകാരം മുഴുവനും നി
ശ്ചലനായി കേട്ടുകൊണ്ടിരുന്നു. അന്നുരാത്രി നമ്പ്യാർ
ഒരു തുള്ളൽക്കഥ നിർമ്മിച്ചു്, പിറ്റേദിവസം, ചാ
ക്യാർകൂത്തു് ആരംഭിച്ചപ്പോൾ ക്ഷേത്രത്തിന്റെ മ
റ്റൊരു ഭാഗത്തുനിന്നു തുള്ളൽ തുടങ്ങി. രസകരമായ
ഈ പുതിയ കലയിൽ ജിജ്ഞാസുക്കളായി എല്ലാവരും
തുള്ളൽക്കാരന്റെ അടുക്കലായിത്തീർന്നു. ചാക്യാർകൂ
ത്തിനു് അരങ്ങത്തു് ആരും ഇല്ലാതായി. ചാക്യാർ
ഇളിഭ്യനായെന്നു പറയേണ്ടതില്ലല്ലൊ. കുപിതനാ
യ ചാക്യാർ, വിവരം രാജാവിനെ ധരിപ്പിക്കയും
രാജാവു് അമ്പലപ്പുഴക്ഷേത്രത്തിൽ മേലാൽ തുള്ളൽ
നടത്താൻ പാടില്ലെന്നു് കല്പിക്കുകയും ചെയ്തു. ഈ
ഐതിഹ്യം ശരിയല്ലെന്നും അഭിപ്രായക്കാരുണ്ടു്.
ഏതായാലും അമ്പലപ്പുഴക്ഷേത്രത്തിൽ ഇന്നും തുള്ളൽ
ഇല്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നു മൂന്നുമാതി
രി തുള്ളലുകളും ഉണ്ടു്. ഓട്ടൻതുള്ളൽ ദ്രുതഗതിയിൽ
ഉള്ളതാണു്. ശീതങ്കൻതുള്ളൽ മന്ദഗതിയിലും.

തുള്ളൽ ഫലിതസമ്പൂർണ്ണമാണ്. പുരാണങ്ങളെ അവലംബിച്ചാണെങ്കിലും, കേരളത്തിൽ കാണുന്ന ജനങ്ങളേയും ആചാരങ്ങളേയും നിരൂപണം ചെയ്തു കൊണ്ടായിരിക്കും കഥയുടെ പോക്ക്. അതുകൊണ്ട് ശ്രോതാക്കൾക്ക് മനസ്സിലാക്കുവാൻ പ്രയാസമില്ല. ഫലിതം നിറഞ്ഞ വിവരണങ്ങളും പരിഹാസം തുളുമ്പുന്ന നിരൂപണങ്ങളും ശ്രോതാക്കളെ ഹഠാദാകർഷിക്കുന്നു. ഇങ്ങനെ രസിപ്പിച്ചും ചിരിപ്പിച്ചും ഭക്തി വർദ്ധിപ്പിക്കുകയാണ് നമ്പ്യാരുടെയും ലക്ഷ്യം.

C

ചിത്രപ്പണികൾ.

നയനാനന്ദകരങ്ങളായ കേരവൃക്ഷങ്ങളെക്കൊണ്ടും, വിസ്തൃതങ്ങളായ പച്ചപ്പാടങ്ങളെക്കൊണ്ടും കാട്ടും മേട്ടും നിറഞ്ഞ കിഴക്കൻപ്രദേശങ്ങളെക്കൊണ്ടും പച്ചപ്പട്ടിൽ കസവു പാകിയതുപോലെ നീണ്ടുവളഞ്ഞു പുളഞ്ഞ് ഒഴുകിക്കൊണ്ടിരിക്കുന്ന നദികളെക്കൊണ്ടും മനോഹരമായ കേരളം അനേകം സന്ദർശകരെ ആകർഷിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചു വാനോളം വാഴ്ത്താതെ ഒരു വിദേശിയന്നും ഇവിടം വിട്ടിട്ടില്ല. കേരളീയരുടെ ശുചിത്വവും സൗന്ദര്യബോധവും സുപ്രസിദ്ധമാണ്.

കേരളത്തിന്റെയും കേരളീയരുടെയും സൗന്ദര്യം ബാഹ്യമായിട്ടുമാത്രമുള്ളതല്ല. മാനസികമായ കലാസൗന്ദര്യത്തിൽ അവർ ഒട്ടും പിന്നോക്കമല്ല. നമ്മു

ടെ സാഹിത്യഗ്രന്ഥങ്ങളും ഇതിനുദാഹരണങ്ങളാണ്. ചിത്രമെഴുത്ത്, കൊത്തുപണി, ദന്തവേല മുതലായവയിൽ കേരളീയർ പുരാതനകാലം മുതല്ക്കേ സമർത്ഥന്മാരായിരുന്നു എന്നതിനു് അനേകം ലക്ഷ്യങ്ങളുണ്ടു്.

ശില്പശാസ്ത്രം, തച്ചുശാസ്ത്രം എന്നിവയിൽ കേരളീയർ പണ്ടുമുതൽക്കേ പ്രശസ്തിയാർജ്ജിച്ചിട്ടുള്ളവരാണു്. വീടുകളും മറ്റും പണിയുന്നതിനാവശ്യമായ അറിവു്, വിശദമായും വിദഗ്ദ്ധമായും പാരമ്പര്യമായും നേടീട്ടുള്ളവർ ഇന്നും ഉണ്ടു്. പഴയകാലത്തെ നാലുകെട്ടും അറപ്പുരയും കേരളത്തിൽ മാത്രം കാണുന്ന ഒരു പ്രത്യേക വീടുനിർമ്മാണരീതിയാണു്.

കേരളത്തിലെ ചിലക്ഷേത്രങ്ങളിലുള്ള കൊത്തുപണികളും വിദേശിയരെപ്പോലും വളരെ ആകർഷിച്ചിട്ടുണ്ടു്. ചിലക്ഷേത്രങ്ങളുടെ ചുവരുകളിൽ കാണുന്ന ചിത്രമെഴുത്തുകളും നോക്കിയാൽ, അത്ഭുതകരമായ കഴിവുകളും കേരളീയർക്കുണ്ടായിരുന്നുവെന്നു അനുമാനിക്കുവാൻ പ്രയാസമില്ല. അനേകതരത്തിലുള്ള നൃത്തങ്ങളും മരത്തിലും കല്ലിലും ചിത്രീകരിച്ചിട്ടുള്ള ഭാഗങ്ങളും പല ക്ഷേത്രങ്ങളിലും കാണുന്നു. പുരാണകഥകൾ ചിത്രരൂപത്തിൽ പ്രദർശിപ്പിക്കയാണിതിൽ ചെയ്തിട്ടുള്ളതു്. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നോക്കിയാൽ ഇതിന്റെ ഏതാണ്ടൊരു രൂപം മനസ്സിലാക്കാവുന്നതാണു്. പത്മനാഭപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുള്ള പുരാണവസ്തുക്കളിൽ കാണുന്ന കൊത്തുപണികളും, ചിത്രവേലകളും ചെയ്തിട്ടുള്ള പാത്രങ്ങളും

തുണകം മുതലായവ കേരളീയരുടെ കലാവാസനയെ വിളിച്ചറിയിക്കുന്നവയാണ്.

രവിവർമ്മയുടെ ചിത്രങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. അദ്ദേഹത്തിന്റെ ശകുന്തള, മണവാട്ടിയൊരുക്കൽ, ദ്രൌപതി, രുഗ്മാംഗദ, ഹംസവും ദമയന്തിയും മുതലായ ചിത്രങ്ങൾ ലോകപ്രസിദ്ധിതന്നെ നേടിയിട്ടുണ്ട്.

കരകൌശലങ്ങൾ.

കരകൌശലത്തിലും കേരളീയർ കേമന്മാരാണ്. ദന്തംകൊണ്ടുള്ള വിചിത്രവേലകൾ മറുനാട്ടുകാരെ അത്ഭുതപ്പെടുത്തീട്ടുണ്ട്. തിരുവനന്തപുരം ഇതിനു പ്രസിദ്ധമായിത്തീർന്നിരിക്കുന്നു. ദന്തനിർമ്മിതമായ വിചിത്ര സാധനങ്ങൾ വിൽക്കുന്ന വളരെ കടകൾ അവിടെയുണ്ട്. മറുനാടുകളിൽനിന്നു വരുന്ന സഞ്ചാരികൾ ഈ വിചിത്രസാധനങ്ങൾ വാങ്ങിക്കൊണ്ടുപോകുന്നു. ഒരു മഞ്ചാടിക്കുരുവിനകത്ത് ആന, സിംഹം, കുതിര, പുലി, ഒട്ടകം ഇങ്ങനെ ഏഴു മൃഗങ്ങളെ ആനക്കൊമ്പിൽ കൊത്തി, മഞ്ചാടിക്കുരുവിനു ആനക്കൊമ്പുകൊണ്ട് ഒരടപ്പിട്ട വില്പനക്കു വച്ചിരുന്നതു കാണുവാൻ ഇടയായിട്ടുണ്ട്. മൃഗങ്ങളുടെയെല്ലാം രൂപം ശരിയായും ഭംഗിയായും ഇരിക്കുന്നു.

പനയോലകൊണ്ടുള്ള വിചിത്ര സാധനങ്ങൾ തെക്കൻതിരുവിതാംകൂറിൽ സുലഭമാണ്. നമ്മുടെ

മെത്തപ്പായ് കണ്ടു്, പട്ടാണെന്നു വിചാരിച്ചു വിദേശിയരുമുണ്ടു്. അതുത്തോളം മൃദുവായും ഭംഗിയായും അതുണ്ടാക്കുവാൻ കഴിയുന്ന സ്ത്രീകൾ കരുനാഗപ്പള്ളി കാത്തികപ്പള്ളി ഭാഗങ്ങളിൽ ഉണ്ടെന്നുള്ളതു നമുക്കു് അഭിമാനകരംതന്നെ. ഡൽഹിയിൽ മെത്തപ്പായ് വില്ക്കുന്നതുകണ്ടപ്പോൾ അഭിമാനംകൊണ്ടു് രോമഞ്ചമുണ്ടായിപ്പോയി.

ആവർത്തനചോദ്യങ്ങൾ.

1. എഴുത്തച്ഛന്റെ പ്രധാന കൃതികൾ ഏതെല്ലാം?

2. കുഞ്ചൻനമ്പ്യാരുടെ ഫലിതത്തെ കാണിക്കുന്ന ഏതെങ്കിലും ഒരു പദ്യഭാഗം എഴുതുക.

3. കൃഷ്ണഗാഥാരീതിയിൽ നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും ഏട്ടുവരി എഴുതുക.

4. പുരാതനകാലത്തെ യുദ്ധങ്ങളും ഇക്കാലത്തെ യുദ്ധങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളേവ?

5. കളരിപ്പയറ്റിനു ചെറുപ്പത്തിൽതന്നെ അഭ്യസനം നല്കുന്നതെന്തിനു്?

6. കഥകളിയും തുള്ളലും തമ്മിലുള്ള വ്യത്യാസങ്ങൾ പറയുക.

7. തുള്ളൽ എത്രവിധം ഉണ്ടു്? ഏതെല്ലാം?

8. തുള്ളലിന്റെ ഉത്ഭവത്തേക്കുറിച്ചുള്ള ഐതിഹ്യം എന്തു്?

9. കൊയ്ത്തുപണികൾ പലതും ക്ഷേത്രങ്ങളിൽ കാണുന്നതിനു് കാരണമെന്തു്?

അദ്ധ്യായം 6.

ഇൻഡ്യാ ഭൂവിവരണ സംക്ഷിപ്തം.

ഭൂപ്രകൃതി.

ഏഷ്യാഭൂഖണ്ഡത്തിന്റെ പടം നോക്കുക. തെക്കുഭാഗത്തു മൂന്നു വലിയ ഉപദ്വീപുകൾ കാണാം. അവയിൽ മദ്ധ്യത്തിലുള്ള ഉപദ്വീപാണ് ഇൻഡ്യ. ത്രികോണാകൃതിയിലുള്ള ഈ രാജ്യത്തിന്റെ മൂന്നു ഭാഗത്തും ഏറക്കുറെ സമുദ്രമാണ്. വടക്കുഭാഗത്തു് ഹിമവാൻപർവ്വതം സ്ഥിതിചെയ്യുന്നു. ഈ പർവ്വതം ഇന്ത്യാരാജ്യത്തെ ഏഷ്യയുടെ മറ്റു ഭാഗങ്ങളിൽ നിന്നും വേർതിരിക്കുന്നു. ഈ പർവ്വതത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തു ഏതാനും മലയിടുക്കുകൾ അഥവാ ചുരങ്ങൾ ഉണ്ട്. കൈബർചുരവും ബോളൻചുരവും ആണ് ഇവയിൽ പ്രധാനപ്പെട്ടവ. ഇന്ത്യാചരിത്രത്തിൽ ഈ ചുരങ്ങൾ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ട്. പല വിദേശികളും ഈ ചുരങ്ങൾ വഴി ഇന്ത്യയെ ആക്രമിച്ചു് അധീനപ്പെടുത്തിയിട്ടുണ്ട്.


ഭൂപ്രകൃതിയനുസരിച്ചു് ഇന്ത്യയെ നാലായി തരംതിരിക്കാം.

1) ഉത്തരപർവ്വതപ്രദേശം.

2) മദ്ധ്യസമതലം. (സിന്ധുഗംഗാസമതലം)

3) ദക്ഷിണപീഠഭൂമി.

4) പൂവ്വ്, പശ്ചിമതീരപ്രദേശങ്ങൾ.



ഭൂപ്രകൃതിവിഭാഗങ്ങൾ.

ഉത്തരപർവ്വതപ്രദേശം.

ഇൻഡ്യാരാജ്യത്തിന്റെ വടക്കുഭാഗത്തു് പർവ്വതനിരകളാണല്ലൊ. ഏറ്റവും ഉയരംകൂടിയനിരയത്രെ ഹിമവാൻ പർവ്വതം. ഇതു് മഞ്ഞുകൊണ്ടു് സദാമൂടിയിരിക്കുന്നു. ഈ പർവ്വതത്തിന്റെ ഒരു കൊടുമുടിയായ എവറസ്റ്റ് ആണു് ലോകത്തിലെ ഏറ്റവും ഉയരംകൂടിയ കൊടുമുടി. ഈ പർവ്വതത്തിൽനിന്നു ഗംഗ ബ്രഹ്മപുത്ര, സിന്ധു എന്നീ നദികൾ ഉത്ഭവിക്കുന്നു.

ഹിമവാന്റെ മുകൾഭാഗം മഞ്ഞുകൊണ്ട് മൂടിയിരിക്കുന്നതു് ഉപകാരപ്രദമാണ്. വേനൽക്കാലത്തു മഞ്ഞുരുകി വടക്കേ ഇന്ത്യയിലെ നദികളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു.

2 മദ്ധ്യസമതലം.

ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷകനദികളും ഉൾപ്പെട്ട പ്രദേശമാണിതു്. ഇന്ത്യയിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശവും ഇതുതന്നെ. തന്മൂലം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു് ജനബാഹുല്യവും ഇവിടെയാണ്. എന്നാൽ ഈ സമതലത്തിന്റെ പടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്യുന്ന രാജസ്ഥാനിലെ ചില പ്രദേശങ്ങൾ മരുഭൂമിയാകുന്നു.

3 ഭക്ഷിണ പീഠഭൂമി.

മദ്ധ്യസമതലത്തിനു തെക്കായി പൂർവ്വ, പശ്ചിമ ഘട്ടങ്ങളാലും വിന്ധ്യ, സാത്പൂരാ പർവ്വതങ്ങളാലും ചുറ്റപ്പെട്ടുകിടക്കുന്ന, ഇതിന്റെ പടിഞ്ഞാറുഭാഗം ഉയർന്നു കിഴക്കോട്ടു ക്രമേണ ചാഞ്ഞുകിടക്കുന്നു. പശ്ചിമഘട്ടത്തിനു് 3000 അടിയിൽ കൂടുതൽ ഉയരമുണ്ടു്. നീലഗിരിയും ആനമലയുമാണു് ഇതിലെ ഏറ്റവും ഉയരംകൂടിയ ഭാഗങ്ങൾ. പൂർവ്വഘട്ടം ഉയരം കുറവും ഇടയ്ക്കിടക്കു് നദികളാൽ ഛേദിക്കപ്പെട്ടുമിരിക്കുന്നു. ഈ പീഠഭൂമിയുടെ വടക്കുവശത്തു് കിടക്കുന്ന വിന്ധ്യാ, സാത്പൂരാ, മഹാദേവ് എന്നീ പ

വ്വതങ്ങൾ ഇതിനെ ഉത്തരസമതലത്തിൽ നിന്നും വേർതിരിക്കുന്നു. ഈ പീഠഭൂമിയുടെ വടക്കുപടിഞ്ഞാറുള്ള ആരവല്ലീപർവ്വതവും വടക്കുകിഴക്കുള്ള കാശി, ഗാരോ പർവ്വതനിരകളും ഇന്ത്യാരാജ്യത്തിന്റെ ഖനനസമ്പത്തിന്റെ ഇരിപ്പിടമാണ്.

4. പൂർവ്വ, പശ്ചിമ തീരപ്രദേശങ്ങൾ.

പൂർവ്വ, പശ്ചിമഘട്ടങ്ങൾക്കും സമുദ്രത്തിനും ഇടയ്ക്കു കിടക്കുന്ന വീതി കുറഞ്ഞ ഭൂപ്രദേശമാണിതു്. ഇതിൽ പശ്ചിമതീരപ്രദേശം വീതി കുറഞ്ഞതെങ്കിലും ക്രൂടതൽ ഫലഭൂയിഷ്ഠമാണ്. ഇവിടെയാണ് കേരളം. പൂർവ്വതീരപ്രദേശം വീതി കൂടിയിരിക്കുന്നുവെങ്കിലും കേരളത്തെപ്പോലെ ഫലഭൂയിഷ്ഠമല്ല.

നദികൾ.

ഉത്തരേന്ത്യയിലെ നദികൾ.

ഉത്തരേന്ത്യയിലെ പ്രധാന നദികൾ ഹിമാലയത്തിന്റെ വടക്കേ ചരിവിൽനിന്നും ഉത്ഭവിക്കുന്നു. മഴക്കാലത്തു് മഴവെള്ളം മൂലവും വേനൽക്കാലത്തു് മഞ്ഞുരുകിയും ഈ നദികളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു. ഇവ ഒരിക്കലും വറ്റുന്നില്ല.

1. ഗംഗാനദി. മാനസസരസ്സിൽനിന്നും ഉത്ഭവിച്ചു് പടിഞ്ഞാറോട്ടൊഴുകി ഹരിദ്വാരത്തിൽവച്ചു് സമതലത്തിൽ പ്രവേശിക്കുന്നു. ഇവിടം ഹിന്ദു

ക്കുടെ ഒരു പുണ്യതീർത്ഥമാണ്. പിന്നീട്ടുള്ള അതിന്റെ ഗതി മന്ദമായിട്ടാണ്. പ്രധാന പോഷകനദികളും, യമുനാ, ഗോഗ്രാ, രാപ്തി, ഗണ്ടക്കു് എന്നിവയാണ്. ഉത്തരേന്ത്യയിലെ പ്രധാനപട്ടണങ്ങളെല്ലാം ഇതിന്റെ തീരത്താണ് സ്ഥിതിചെയ്യുന്നതു്.

2. ബ്രഹ്മപുത്രാനദി. ടിബറ്റിന്റെ പടിഞ്ഞാറെ പീഠഭൂമിയിൽനിന്നുത്ഭവിച്ചു് കിഴക്കോട്ടു് 1800 മൈൽ ഒഴുകി ആസ്സാമിലുള്ള നെൽപ്പാടങ്ങളെ ഫലഭൂയിഷ്ഠമാക്കിയശേഷം ഗംഗാനദിയോടുചേർന്നു് സമുദ്രത്തിൽ പതിക്കുന്നു.

പീഠഭൂമിയിലെ നദികൾ.


ഇവ ഉത്തരേന്ത്യയിലെ നദികളിൽനിന്നും വ്യത്യസ്ഥങ്ങളാണ്. പശ്ചിമഘട്ടത്തിൽനിന്നുത്ഭവിച്ചു പൂർവ്വഘട്ടത്തിലുള്ള വിടവുകൾ കടന്നു ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന ഈ നദികളിൽ മഴമൂലം വർഷകാലത്തുമാത്രമെ വെള്ളം കാണുകയുള്ളൂ. വേനൽക്കാലത്തു ഇവ മിക്കവാറും വരണ്ടുപോകും. ക്രമേണ പീഠഭൂമിയിൽക്കൂടി ഒഴുകുന്നതിനാൽ ഇടയ്ക്കിടയ്ക്കു ചെറിയ വെള്ളച്ചാട്ടങ്ങളും ഉണ്ടു്. തന്മൂലം ഇവ ഗതാഗതയോഗ്യങ്ങളല്ല. ഇവിടെയുള്ള പ്രധാന നദികൾ മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നിവയാണ്. വിന്ധ്യാ സാത്പുരാ പർവ്വതനിരകൾക്കിടക്കു് നർമ്മദാ, താപ്തി എന്നുരണ്ടു നദികൾ ഉണ്ടു്. ഇവ അറേബ്യൻകടലിൽ വീഴുന്നു. മലയുടെ ഇടുങ്ങിയ ഭാഗത്തുകൂടി ഒഴുകുന്ന പ്രദേശത്തു നർമ്മദാനദിയിൽ സാളഗ്രാമശിലകൾ ഉണ്ടു്.

പശ്ചിമതീരത്തിലെ നദികൾ.

ഇവ കേരളത്തിലെ നദികളാണ്. ഇവ ഒന്നാം അദ്ധ്യായത്തിൽ നാം പഠിച്ചുകഴിഞ്ഞുവല്ലോ.

കാലാവസ്ഥ.

ഇന്ത്യ മദ്ധ്യരേഖക്കു വടക്കു ഉത്തര അക്ഷാംശങ്ങൾ 8°ക്കും 37°ക്കും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഉത്തരായനരേഖ രാജ്യത്തിന്റെ മദ്ധ്യഭാഗത്തിനു് വടക്കു മാറിപോകുന്നു. തൻമൂലം ഉത്തരേന്ത്യ മിതോഷ്ണമേഖലയിലും തെക്കേ ഇന്ത്യ ഉഷ്ണമേഖലയിലും ആണ് കിടക്കുന്നതു്.



ജൂൺ ജൂലായ് മാസങ്ങളിൽ സൂര്യൻ ഉത്തരായനരേ ഖക്കു സമീപമാണല്ലൊ. അക്കാലത്തു് ഉത്തരേന്ത്യ ക്രൂ ടതൽ ചൂടപിടിക്കുകയും ഭൂമിയുടെ ഉപരിതലത്തിലുള്ള വായുവും ചൂടപിടിച്ചു് ഉയരുകയും ചെയ്യുന്നു. തന്മൂലം സമുദ്രത്തിന്റെ ഉപരിഭാഗത്തുനിന്നുള്ള കാറു് കര യിലേക്കു് വീശുന്നു. ഇതു് നീരാവിസമ്പൂർണ്ണമാക യാൽ മലകളിൽ തട്ടി മഴപെയ്യുന്നു. തന്മൂലം ജൂൺ ജൂലായ് മാസങ്ങളിൽ ഉത്തരേന്ത്യയിലും കേരളക്കര യിലും മഴപെയ്യുന്നു. പൊതുവെനോക്കുമ്പോൾ ഇന്ത്യ യിൽ മൂന്നവിധത്തിലുള്ള കാലാവസ്ഥകളാണുള്ളതു്.

1. ശീതകാലം. ഒക്ടോബർ മുതൽ ഫെബ്രു വരിവരെ ഇതു നീണ്ടുനില്ക്കുന്നു. ഇക്കാലത്തു് ഉഷ്ണം കുറവാണു്. മഴ വളരെ കുറഞ്ഞുമിരിക്കുന്നു.

2. ഉഷ്ണകാലം. മാർച്ചു മുതൽ ജൂൺവരെ. ഇന്ത്യ യിൽ ഏറ്റവും ചൂടുള്ള കാലമാണിതു്. ഈ കാല ത്തു് മദ്ധ്യരേഖനൽ പ്രമാണിച്ചു് വിദ്യാലയങ്ങൾക്കു് അവധി നൽകുന്നു.

3. മഴക്കാലം. ജൂൺ മദ്ധ്യംമുതൽ ഒക്ടോബർ വരെയുള്ള കാലം. തെക്കുപടിഞ്ഞാറൻ കാറുമൂലം മഴപെയ്യുന്നു. ഈ കാലം പ്രായേണ തണുപ്പുള്ള കാല മാണു്. ഇന്ത്യയിൽ ഏറ്റവും ക്രൂടതൽ മഴ ഇക്കാല ത്താണു്.

വിളവുകൾ.

ഇന്ത്യ പ്രധാനമായി ഒരു കർഷകരാജ്യമാണ്. ജനങ്ങളിൽപത്തിൽ ഒൻപതു ഭാഗവും കൃഷിചെയ്തു ഉപജീവനം കഴിക്കുന്നു.

നെല്ല്.

ധാരാളം മഴയുള്ള ഏക്കൽപ്രദേശത്തു സമൃദ്ധിയായി വളരുന്നു. ഇൻഡ്യയിലെ തെക്കുഭാഗത്തും മദ്ധ്യഭാഗത്തും ഉള്ളവരുടെ പ്രധാന ആഹാരം നെല്ലരിയാണ്. തീരപ്രദേശങ്ങളിലും നദീമുഖങ്ങളിലും നദികളുടെ തീരപ്രദേശങ്ങളിലും നെല്ല് ധാരാളമായി കൃഷിചെയ്യുന്നു.

ഗോതമ്പ്.

ഉത്തരേന്ത്യയിലെ ജനങ്ങളുടെ പ്രധാന ആഹാരമാണിതു്. ഇതു് ഉത്തരേന്ത്യയിൽ ശീതകാലത്തു കൃഷിചെയ്യപ്പെടുന്നു. ക്രൂടതൽ മഴയുള്ള പ്രദേശങ്ങളിൽ ഗോതമ്പു വിളയുന്നില്ല. ഉത്തരേന്ത്യയിൽ മഴക്കുറവുള്ള പ്രദേശങ്ങളിൽ ശീതകാലങ്ങളിൽ ഗോതമ്പു കൃഷിചെയ്തുവരുന്നു.

ബാർലി.

ഗോതമ്പു വിളയുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന ഒരു ധാന്യമാണു ബാർലി.

ഇന്ത്യയിൽ ഉഷ്ണക്കൂടുതലുള്ള സ്ഥലങ്ങളിൽ ജനങ്ങൾ ജോവർ, ബജാ, പഞ്ഞപ്പുല്ല് മുതലായവ

ആഹാരപദാർത്ഥങ്ങളായി ഉപയോഗിക്കുന്നു. മഴ തീരെ കുറവുള്ള പ്രദേശങ്ങളിലും ഇവ കൃഷി ചെയ്യാവുന്നതാണു്.

ചോളം.

മാവു് എടുക്കുന്നതിനും, കന്നുകാലികൾക്കു കൊടുക്കുന്നതിനും ഉപയോഗിക്കുന്നു. മഴ സാമാന്യമായുള്ള സമതലങ്ങളിലും മലഞ്ചെരിവുകളിലും ഇതു കൃഷി ചെയ്യുന്നു.

മുതിര.

രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കൃഷി ചെയ്യുന്നു.

കരിമ്പു്.

ഗംഗാനദിയുടെ മുകൾഭാഗത്തും തെക്കെ ഇൻഡ്യയിൽ നദീതീരങ്ങളിലും ധാരാളമായി കൃഷി ചെയ്യുവരുന്നു. ശർക്കരയും പഞ്ചസാരയും ഇതിൽനിന്നുണ്ടാക്കുന്നു. നമുക്കു് ആവശ്യമുള്ള പഞ്ചസാര ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്നില്ല. അതിനാൽ ജാവാ, സുമാട്രാ ദ്വീപുകളിൽനിന്നും പഞ്ചസാര ഇറക്കുമതി ചെയ്യുവന്നിരുന്നു.

പഞ്ഞി.

വാണിജ്യാവശ്യത്തിനുവേണ്ടി ഉല്പാദിപ്പിക്കുന്ന സാധനങ്ങളിൽ പ്രഥമസ്ഥാനമാണു പഞ്ഞിക്കുള്ളതു്. ഡക്കാൺപീഠഭൂമിയിലെ കരിമണ്ണു് പരുത്തികൃഷിക്കു് അനുയോജ്യമാകയാൽ അവിടെയാണു് അതു് ധാരാളമായി കൃഷിചെയ്യുവരുന്നതു്.

എണ്ണക്കുരുക്കൾ.

നിലക്കടല, കടുക്, മുതലായ എണ്ണക്കുരുക്കൾ സാല്പം ഉയർന്ന പ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്നു.

നാളികേരം.

തെങ്ങിന്റെ ഉപയോഗം കേരളീയരായ നമുക്കു നിത്യപരിചയമാണല്ലൊ. തൊണ്ടിൽനിന്നും ചകരി കയർ, കയറുപാ മുതലായവയും കൊപ്രായിൽനിന്നും വെളിച്ചെണ്ണ പിണ്ണാക്ക് ഇവയും ഉണ്ടാക്കുന്നതു് നിങ്ങൾ കണ്ടിട്ടുണ്ടല്ലൊ. തെങ്ങു് സമൃദ്ധിയായി വളരുന്നതു് കേരളത്തിലാണു്.

തേയില.

മലമ്പ്രദേശങ്ങളിലാണു് ഇതിന്റെ കൃഷി. ഇതൊരു തോട്ടകൃഷിയാണു്. ഈ ചെടിയുടെ ഇല പാകപ്പെടുത്തി തേയില ഉണ്ടാക്കുന്നു.

കാപ്പി.

പശ്ചിമപർവ്വതത്തിൽ നീലഗിരി പ്രദേശത്തും മലബാറിലും ആസാമിലും കാപ്പിത്തോട്ടങ്ങൾ ഉണ്ടു്.

പുകയില.

മഴയേക്കാൾ മണ്ണിന്റെ ഗുണമാണു് പുകയില കൃഷിക്കാവശ്യം. ഐരാവതി ഡൽറ്റാ മദ്രാസു് മുതലായസ്ഥലങ്ങളിൽ പുകയില കൃഷിചെയ്തുവരുന്നു.

റബ്ബർ.

തോട്ടകൃഷികളിൽ ഒരു പ്രധാന കൃഷിയാണിതു്. മലഞ്ചരിവുകളിൽ ഇതു വളരുന്നു. ധാരാളം

റബ്ബർ തോട്ടങ്ങൾ കേരളത്തിലുണ്ട്. റബ്ബർമരത്തിൽ നിന്നും എടുക്കുന്ന കറയാണ റബ്ബർ.

കുരുമുളക്.

ലോകത്തിൽ ഏറ്റവും കൂടുതൽ കുരുമുളകുണ്ടാകുന്നതു് ഇന്ത്യയിലാണു്. കേരളത്തിലുള്ള പശ്ചിമഘട്ടത്തിന്റെ ചരിവുകളിലാണു് ഇതു പ്രധാനമായി കൃഷി ചെയ്യപ്പെടുന്നതു്.

ഏലം.

കേരളം, മൈസൂർ, കോയമ്പത്തൂർ എന്നിവിടങ്ങളിൽ പ്രധാനമായി കൃഷി ചെയ്യപ്പെടുന്നു. നല്ല തണലും തണുപ്പുമുള്ള പ്രദേശങ്ങളിലാണു ഇതു കൃഷി ചെയ്യപ്പെടുന്നതു്. ക്വറ പോലുള്ള ഒരുതരം ചെടിയാണിതു്. അതിന്റെ ചുവട്ടിൽനിന്നും എല്ലാ ഭാഗങ്ങളിലേക്കും നാരുപോലെ പൊട്ടിപ്പുറപ്പെടുന്ന വേരുകളിലാണു ഇതിന്റെ കായ് പിടിക്കുന്നതു്.

ചണം.

ഇപ്പോൾ തെക്കെ ഇന്ത്യയിൽ ചണംകൃഷി ആരംഭിച്ചിട്ടുണ്ടു്.

പട്ടു്.

അധികവും മൈസൂറിലാണുള്ളതു്. പട്ടുവ്യവസായം അവിടെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്.

പുൽതൈലം.

ലോകത്തിലുള്ളതിൽ മുക്കാൽ ഭാഗം പുൽതൈലവും തിരു–കൊച്ചിൽനിന്നു ലഭിക്കുന്നു. ഇഞ്ചിപ്പുല്ലു

വാറിയെടുക്കുന്നതാണീ തൈലം. ഇതുസംബന്ധിച്ച ഒരു ഗവേഷണശാല, പെരുമ്പാവൂരിനടുത്തു് 1954–ൽ ആരംഭിച്ചിട്ടുണ്ടു്.

പറങ്കിയണ്ടി.

മദ്രാസ്, ബോംബെ, ഒറീസ്സാ, ബങ്കാൾ, തിരുകൊച്ചി എന്നിവിടങ്ങളിൽ പറങ്കിമാവുകൾ ഉണ്ടു്. പറങ്കിയണ്ടി ഉല്പാദനത്തിൽ ഇന്ത്യക്കു പ്രഥമസ്ഥാനമാണുള്ളതു്. ലോകത്തിലെ കശുവണ്ടിവ്യവസായത്തിൽ ഇന്ത്യയ്ക്കാണു് ഒന്നാം സ്ഥാനം.

മൃഗങ്ങൾ.

വന്യമൃഗങ്ങൾ.

ഇന്ത്യയിൽ പുരാതനകാലത്തുണ്ടായിരുന്ന പല വന്യമൃഗങ്ങളും നാമാവശേഷമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ വനങ്ങളിൽ ഇപ്പോൾ കാണുന്ന ഏറ്റവും വലിയ മൃഗം ആനയാണു്. ആസ്സാമിലേയും മൈസൂറിലേയും പശ്ചിമപർവ്വതത്തിലേയും വനങ്ങളിൽ ഇവയുണ്ടു്. വർഷംതോറും അനേകം ആനകളെ പിടിച്ചു് ഇണക്കാറുണ്ടു്. ആനക്കൊമ്പു് വളരെ വിലപിടിച്ച സാധനമാണു്. ദന്തവേലകൾക്കായി ഉപയോഗിക്കുന്നു.

കാട്ടുപോത്തു്, കരടി, പുലി, മാൻ, കേഴ മുതലായ മൃഗങ്ങളും ഇന്ത്യയിലുള്ള വനങ്ങളിൽ ഉണ്ടു്.

ചില നദികളിൽ ചീങ്കണ്ണികളും മുതലകളും കാ

ണ്ടാണ്ടുണ്ട്. വേട്ടയാടി ഇപ്പോൾ അവ മിക്കവാറും നാമാവശേഷമായിത്തീർന്നിട്ടുണ്ട്.

ഇന്ത്യ ഒരു കർഷകരാജ്യമാണല്ലോ. കൃഷിക്ക് ആവശ്യമുള്ള മൃഗങ്ങളെ ഇവിടെ ധാരാളമായി വളർത്തിവരുന്നു. കാള, പോത്ത്, കുതിര മുതലായവയെ വളർത്തുന്നു. കഴുത, ഒട്ടകം ഇതുകളേയും ചുമട്ടുമൃഗങ്ങളായി ഉപയോഗിക്കുന്നു.

ആന.

വളരെ ബുദ്ധിയും ശക്തിയുമുള്ള ഒരു മൃഗമാണ് ആന. തടികൾ വലിക്കുന്നതിനു വളരെ ഉപകരിക്കുന്നു. ഘോഷയാത്രകൾക്കും മൃത്സവാദി ആഘോഷങ്ങൾക്കും ആനയെ പുരാതനകാലം മുതൽക്കുതന്നെ ഉപയോഗപ്പെടുത്തിവന്നിരുന്നു.

പശു—കാള.

ഇന്ത്യയിൽ ഏറ്റവും ഉപയോഗമുള്ള മൃഗങ്ങളാണ് പശുവും കാളയും. ഉഴുന്നതിനും വണ്ടി വലിക്കുന്നതിനും കാളകളെ ഉപയോഗിക്കുന്നു. പശു പാൽ തരുന്നു. ഇന്ത്യയിലെ പശുക്കളിൽനിന്ന് മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കുറച്ചു പാൽ മാത്രമേ കിട്ടുന്നുള്ളൂ. യൂറോപ്യൻരാജ്യങ്ങളിൽ ഒരു പശുവിൽനിന്നും പ്രതിവർഷം 2100 കൂപ്പി പാൽ ലഭിക്കുമ്പോൾ ഇന്ത്യൻപശുക്കളിൽനിന്നു വെറും 180 കൂപ്പി പാൽ മാത്രമാണ് ലഭിക്കുന്നതു്!

പോത്ത്.

കാളയേക്കാൾ മന്ദഗതിയാണെങ്കിലും പോത്ത്

ക്കുതൽ ഭാരം വലിക്കുന്നു. എരുമ പാൽ തരുന്നു. ഭാരം വലിക്കുന്നതിനും ഉഴുന്നതിനും എരുമയേയും ഉപയോഗിക്കാറുണ്ട്.

ചെമ്മരിയാട്.

മഴക്കുറവുള്ള മലമ്പ്രദേശങ്ങളിൽ ധാരാളമായി വളർത്തുന്നു. മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലുള്ള ചെമ്മരിയാടുകളുടെ രോമം അത്ര മെച്ചമല്ല. എങ്കിലും കാശ്മീരൻ കമ്പിളിരോമംകൊണ്ടുണ്ടാക്കുന്ന 'സാൽവ' പ്രസിദ്ധപ്പെട്ടതാണ്.

കോലാട്.

ഇന്ത്യയിൽ എല്ലാഭാഗങ്ങളിലും കാണുന്ന ഒരു മൃഗമാണിതു്.

കുതിര

സാധാരണയായി ഇന്ത്യയിൽ കുതിരകളെ ഉഴുന്നതിനായി ഉപയോഗിക്കാറില്ല. വണ്ടി വലിക്കുന്നതിനും സവാരിക്കുമാണ് ഉപയോഗിക്കുന്നതു്.

കഴുത

മലമ്പ്രദേശങ്ങളിൽ ചുമടുകൾ ചുമക്കുന്നതിനു് ഉപകരിക്കുന്ന ഈ മൃഗം രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കാണപ്പെടുന്നു.

ഒട്ടകം.

മരുഭൂമിയിൽ സഞ്ചരിക്കുന്നതിനു് സാധിക്കുന്ന ഒരു മൃഗമാണിതു്. പലദിവസങ്ങളും വെള്ളംകുടാതെ സഞ്ചരിക്കുവാൻ ഇതിനു് സാധിക്കും. 'മരുക്കപ്പൽ' എന്നും ഇതിനു പേരുപറയാറുണ്ടു്

ജനങ്ങൾ.

ലോകത്തിലുള്ളതിൽ ഏഴിൽ ഒരു ഭാഗം ജനങ്ങൾ ഇന്ത്യയിൽ വസിക്കുന്നു. ചൈന കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും ജനസംഖ്യക്കൂടുതലുള്ള രാജ്യം ഇന്ത്യയാണു്.

ജനങ്ങളിൽ അധികവും ഗ്രാമങ്ങളിൽ താമസിച്ചുവരുന്നു. കൃഷിസൗകര്യങ്ങൾ കൂടുതലുള്ള ദിക്കുകളിലും പട്ടണപ്രദേശങ്ങളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു.

ഇന്ത്യയിൽ ഇന്നു വിവിധവർഗ്ഗക്കാർ ഉണ്ടു്. ആദിമകാലത്തു് ഇന്ത്യയിലുണ്ടായിരുന്നവരെ ദ്രാവിഡർ തോല്പിച്ചോടിച്ചു. അവർ മലംപ്രദേശങ്ങളിൽ കയറി രക്ഷപ്പെട്ടു. ദ്രാവിഡർ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചു. ദ്രാവിഡർക്കുശേഷം ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചു. അവർ ഇന്ത്യയിലെ ഫലഭൂയിഷ്ഠമായ സിന്ധുഗംഗാസമതലത്തിൽ ആര്യൻ താമസമുറപ്പിക്കയാണുണ്ടായതു്. ദ്രാവിഡർ സാത്പുരാ പർവ്വതങ്ങൾക്കു തെക്കുവശത്തേക്കു നീങ്ങി. ക്രമേണ അവരുടെ ആവാസം തെക്കേ ഇന്ത്യയിലാക്കി. ഉത്തരേന്ത്യയിലാവട്ടെ പല വർഗ്ഗക്കാരും വീണ്ടും ആക്രമണം നടത്തുകയും താമസമുറപ്പിക്കയുമുണ്ടായി. ഈ പല വർഗ്ഗക്കാർ തമ്മിൽ വിവാഹം നടത്തിയിരുന്നു.

മുസ്ലീംകൾ ഇന്ത്യയെ ആക്രമിക്കയും ഇന്ത്യ ഭ

രിക്കുകയുംചെയ്തു. അങ്ങനെ ഇസ്ലാം മതവിശ്വാസികളായ അനേകംപേർ ഇന്ത്യയിലുണ്ടായി.

ക്രിസ്തുമതം ഇന്ത്യയിൽ ക്രമേണ പ്രചരിച്ചിരുന്നു. യൂറോപ്യന്മാർ ഇവിടെ കച്ചവടത്തിനു വരികയും ഭരണം സ്ഥാപിക്കയും ചെയ്തതോടുകൂടി ക്രിസ്തുമതാവലംബികളും ഇവിടെ വളരെ വർദ്ധിച്ചു.

ഇപ്പോൾ ഇന്ത്യയിലുള്ള ഓരോ മതാവലംബികളുടേയും കണക്കു് താഴെ കൊടുത്തിരിക്കുന്നു.

	ലക്ഷക്കണക്കിനു്.
ഹിന്ദുക്കൾ	3,032
മുസ്ലിംകൾ	354
ക്രിസ്ത്യാനികൾ	82
സിക്കുകാർ	62
ജൈനമതക്കാർ	16
ബുദ്ധമതക്കാർ	2
സൗരാഷ്ട്രർ	1

ആവർത്തനചോദ്യങ്ങൾ.

1. ഇന്ത്യയുടെ അതിരുകൾ ഏതെല്ലാം?

2. ഹിമാലയപർവ്വതംകൊണ്ടു് ഇന്ത്യയ്ക്കുള്ള ഗുണങ്ങളേവ?

3. ഭൂപ്രകൃതിയനുസരിച്ചു് ഇന്ത്യയെ ഏതെല്ലാം ഭാഗങ്ങളായി തിരിക്കാം?

4. സിന്ധുഗംഗാസമതലത്തിനുള്ള പ്രാധാന്യത കൾ എഴുതുക.

5. ദക്ഷിണേന്ത്യയിലെ നദികൾ ഉത്തരേന്ത്യയിലെ നദികളെപ്പോലെ പ്രയോജനമുള്ളവയല്ല. കാരണം പറയുക.

6. ഇന്ത്യയിൽ പൊതുവെ ഏതെല്ലാം കാലാവസ്ഥകളാണുള്ളത്?

7. സ്കൂളുകൾക്കു മദ്ധ്യവേനൽ ഒഴിവു് ഏപ്രിൽ, മേ മാസങ്ങളിൽ നൽകുന്നതെന്തുകൊണ്ടു്?

8. ഇന്ത്യയിൽ ആഹാരത്തിനുവേണ്ടി കൃഷി ചെയ്യുന്ന 5 വിളവുകളുടെ പേരുപറയുക.

9. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പരുത്തികൃഷി ചെയ്യുന്നതെവിടെ? എന്തുകൊണ്ടു്?

10. സാധാരണ മൃഗങ്ങളെ അപേക്ഷിച്ചു് ആനയ്ക്കും ഒട്ടകത്തിനുമുള്ള പ്രത്യേക ഗുണങ്ങളേതെല്ലാം?

11. സിന്ധു ഗംഗാ സമതലത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനു കാരണമെന്തു്?

12. ഇന്ത്യയിൽ കാണുന്ന പ്രധാന മതക്കാർ ആരെല്ലാം? ഒരു രേഖവരച്ചു് അതിൽനിന്നും ഓരോ മതക്കാരുടേയും എണ്ണത്തെ കാണിക്കുന്ന രേഖകൾ ലംബമായി വരയ്ക്കുക.

അദ്ധ്യായം 7.

ആത്മികം ഗ്രന്ഥക്കെട്ടുകൾ.

പ്രാരംഭം.

ഇന്ത്യയിലെ പുരാതന പരിഷ്ക്കാരം.

ക്രിസ്തുവിന്റെ ജനനത്തിനു് ഉദ്ദേശം അയ്യായിരം വർഷങ്ങൾക്കു മുൻപു, വളരെ പരിഷ്ക്കാരമുണ്ടായിരുന്ന സ്ഥലങ്ങൾ വടക്കേ ഇന്ത്യയിൽ സ്ഥിതിചെയ്തിരുന്നു. സിന്ധുനദീതീരപരിഷ്ക്കാരം എന്നാണു് അതിനു പേർ പറഞ്ഞുവരുന്നതു്. സിന്ധുനദിയുടെതീരപ്രദേശങ്ങളിൽ ഉണ്ടായിരുന്ന പരിഷ്ക്കാരമായതുകൊണ്ടു് അതിനു ആ പേർ സിദ്ധിച്ചു.

ഈ അടുത്തകാലം വരെ അതിനെക്കുറിച്ചു് ആർക്കും അറിവുണ്ടായിരുന്നില്ല. പഞ്ചാബിലും സിൻഡിലും ഇങ്ങനെയുള്ള ഒരു പരിഷ്ക്കാരത്തിന്റെ നഷ്ടശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായിട്ടുണ്ടു്. ഈ സ്ഥലങ്ങളെല്ലാം മണ്ണുവീണു മൂടിക്കിടക്കയായിരുന്നു. മേൽഭാഗത്തുള്ള മണ്ണു മാറ്റിയപ്പോഴാണു് അതു കണ്ടെത്തിയതു്.

എന്താണു് അവിടത്തെ പരിഷ്ക്കാരമെന്നാലോചിക്കാം.

പണ്ടു് അയ്യായിരം വർഷങ്ങൾക്കു മുൻപു അവിടെ വലിയ ഒരു പട്ടണമുണ്ടായിരുന്നു. വിസ്തൃത

മായ റോഡുകളും തെരുവുകളും അന്നവിടെ ഉണ്ടായിരുന്നു. ചുട്ടതും അല്ലാത്തതുമായ ഇഷ്ടികകൊണ്ടു് നിർമ്മിച്ച ഗൃഹങ്ങളായിരുന്നു അവം പലതും മാളികക്കെട്ടിടങ്ങളായിരുന്നു. ഓരോ വീട്ടിനും പ്രത്യേക കിണറും മുറ്റങ്ങളും ഉണ്ടായിരുന്നതായി ലക്ഷണങ്ങളും ഉണ്ടു്. പട്ടണത്തിൽ വെള്ളം കെട്ടിനില്ക്കാതെ ദൂരെ ഒഴുകിപോകുന്നതിനു വേണ്ട ഓടകളും ഉണ്ടായിരുന്നു.

സ്ത്രീകൾ ആഭരണങ്ങളും ഉപയോഗിച്ചിരുന്നതായി അനുമാനിക്കുവാൻ കാരണങ്ങളുണ്ടു്. മാലകളും, കമ്മലുകളും, മൂക്കുത്തി, വളകളും മുതലായവ അവർ ഉപയോഗിച്ചിരുന്നു. പുരുഷന്മാർ അധികവും തൊഴിലാളികളായിരുന്നു. ആയുധങ്ങളും കണ്ടുകിട്ടിയതിൽ നിന്നു അവരിൽ യോദ്ധാക്കന്മാരും ഉണ്ടായിരുന്നുവെന്നു അനുമാനിക്കാം.

വീട്ടുസാധനങ്ങളായി മൺപാത്രങ്ങളും ഭരണികളും മറ്റും ഉപയോഗിച്ചിരുന്നതായി ലക്ഷ്യങ്ങളും ഉണ്ടു്.

ഇങ്ങനെ നോക്കുമ്പോൾ അയ്യായിരം വർഷങ്ങൾക്കുമുൻപു് ഈ പരിഷ്ക്കാരകാലത്തുള്ളതുപോലെ പലവിധജീവിത സൗകര്യങ്ങളോടുകൂടി ജീവിച്ചിരുന്ന ജനങ്ങളും ഇന്ത്യയുടെ ഒരു ഭാഗത്തെങ്കിലും ഉണ്ടായിരുന്നുവെന്നുള്ളതു നമുക്കു അഭിമാനകരമാണല്ലോ.

ദ്രാവിഡന്മാർ.

നമ്മുടെ ഭാരതഭൂമിയിൽ ഉദ്ദേശം ഏഴായിരം വർഷങ്ങൾക്കു മുൻപു് അധിവസിച്ചിരുന്ന ജനങ്ങളാണു് ദ്രാവിഡർ. അവർ പൊക്കംകുറഞ്ഞു കറുപ്പുനിറത്തോടുകൂടിയവരായിരുന്നു. തുളു, തെലുങ്കു്, കന്നഡം, തമിഴു്, മലയാളം എന്നീ ഭാഷകൾ ദ്രാവിഡന്മാർ സംസാരിച്ചിരുന്ന ഭാഷയോടു ബന്ധമുള്ളതായി ഗണിക്കപ്പെടുന്നു.

വളരെക്കാലങ്ങൾക്കുമുമ്പാണു് അവർ ജീവിച്ചിരുന്നതെങ്കിലും, ദ്രാവിഡർ കേവലം അപരിഷ്കൃതരായിരുന്നില്ല. ധാന്യങ്ങൾ കൃഷിചെയ്കയും വസ്തുക്കൾ നെയ്തുണ്ടാക്കുകയും പാത്രങ്ങൾ നിർമ്മിക്കയുംചെയ്യുന്നതിൽ അവർക്കു പരിചയമുണ്ടായിരുന്നു. സ്വർണ്ണം, വെള്ളി, ചെമ്പു് എന്നീ ലോഹങ്ങൾകൊണ്ടു് ആഭരണങ്ങളുണ്ടാക്കി അവർ ധരിച്ചുവന്നു. ഓടു്, ഇരുമ്പു് ഇവകൊണ്ടു് ആയുധങ്ങൾ ഉണ്ടാക്കുന്നതിൽ അവർ അപരിചിതരായിരുന്നില്ല. ഇൻഡ്യയിൽനിന്നു തേക്കുമരം, ചന്ദനം, സുഗന്ധദ്രവ്യങ്ങൾ, പട്ടു്, ഇവ ദ്രാവിഡർ അവരുടെ സ്വന്തം കപ്പലുകളിൽ കയറ്റി വിദേശങ്ങളുമായി കടൽവ്യാപാരം നടത്തിവന്നു. ഇങ്ങനെ ആലോചിക്കുമ്പോൾ, അവരുടെ പരിഷ്കാരം യാതൊരുവിധത്തിലും താണനിലയിലായിരുന്നുവെന്നു പരിഗണിക്കുവാൻ പാടുള്ളതല്ല.

ദ്രാവിഡർ സർപ്പങ്ങളെ ആരാധിക്കയും വിഗ്ര

ഹങ്ങളെ പൂജിക്കയും ചെയ്തുവന്നു. പ്രകൃതിയിലുള്ള അസാധാരണ വസ്തുക്കളെ പൂജിക്കയെന്നതും അവരുടെ ഇടയിൽ നടപ്പായിരുന്നു. സൂര്യനമസ്ക്കാരം അവരുടെ പ്രധാനമായ ഒരു മതാനുഷ്ഠാനമായിരുന്നുവെന്നു പറയാം. ചില ദേവതമാരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി മൃഗബലിയും ചിലപ്പോൾ നരബലിയും അവർ നടത്തിവന്നു.

ആര്യന്മാർ

യൂറോപ്യയുടെ ഒരു ഭൂപടം നോക്കിയാൽ, ഏകദേശം അതിന്റെ മദ്ധ്യഭാഗത്തായി കാസ്പിയൻ, ആരാൽ എന്നീ വൻതടാകങ്ങളും കാണാം. ഇവയുടെ ചുറുമുള്ള പ്രദേശം അതിപുരാതനകാലത്തു ആര്യന്മാരുടെ ആദ്യവാസസ്ഥലമായി വിചാരിക്കപ്പെട്ടുന്നു. അവരുടെ പ്രധാന തൊഴിൽ കന്നുകാലിമേയ്ക്കൽ ആയിരുന്നു. പുതിയ പുതിയ പുൽത്തകിടികളെ ആരാഞ്ഞുകൊണ്ടു് അവർ സംഘം സംഘമായി നാനാപ്രദേശങ്ങളിലേക്കും പിരിഞ്ഞു. ഇങ്ങനെ പിരിഞ്ഞവരിൽ ഒരുസംഘം വടക്കുപടിഞ്ഞാറൻ മലമ്പാതകളിൽക്കൂടി ഇൻഡ്യയിൽ പ്രവേശിച്ചു. ക്രമേണചേന്നു പലപ്പോഴായി അവരിൽ ധാരാളംപേർ ഇൻഡ്യയിൽ പ്രവേശിക്കയും പഞ്ചാബിൽ ആവാസമുറപ്പിക്കയും ചെയ്തു. ഉദ്ദേശം അയ്യായിരം കൊല്ലങ്ങൾക്കു മുമ്പാണിതു്.

അന്ന് പഞ്ചാബ് പ്രദേശങ്ങളിൽ താമസിച്ചിരുന്ന ദ്രാവിഡരെ ആര്യന്മാർ യുദ്ധത്തിൽ തോല്പിക്കയും അവരെ കിഴക്കോട്ട് ഓടിക്കയുംചെയ്തു. ആര്യന്മാർ കന്നുകാലികളെ വളർത്തുകയും കൃഷിചെയ്യുകയും ചെയ്തുവന്നു. ഗോതമ്പ് അവരുടെ പ്രധാന ആഹാരമായിരുന്നു. പാൽ, വെണ്ണ, മുതലായവയും അവരുടെ ആഹാരസാധനങ്ങളിൽ പെട്ടവയാണ്.

ആര്യന്മാർ കുടുംബമായി താമസിക്കയും, പിതാവ് കുടുംബത്തിന്റെ നായകത്വം വഹിക്കയും ചെയ്തുവന്നു. അനേകം കുടുംബങ്ങൾചേർന്ന് ഒരു ഗോത്രം ഉണ്ടാകയും ഗോത്രങ്ങളുടെ അധിപനായി കാലാന്തരത്തിൽ ഒരു നായകനെ അവർ സ്വീകരിക്കയും കാലക്രമത്തിൽ ഈ നായകൻ അവരുടെ രാജാവായിത്തീരുകയുംചെയ്തു. ആര്യകുടുംബത്തിൽ സ്ത്രീക്കു മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു.

കമ്പിളിവസ്ത്രങ്ങൾ അവർ ധരിച്ചിരുന്നു. കുതിരകളിൽ സവാരിചെയ്യുകയും രഥങ്ങളിൽ സഞ്ചരിക്കുകയും അവർക്കു പ്രിയതരമായിരുന്നു. യുദ്ധത്തിനു ആയുധങ്ങൾ അവർ ഉപയോഗിച്ചുവന്നു. ആര്യന്മാർ പഞ്ചാബിൽ താമസിച്ചിരുന്ന കാലത്തിനാണ് വൈദികകാലം എന്നു പറയുന്നതു്.

ഗൗതമ ബുദ്ധൻ.

ക്രി. മു. 567–487

വൈദികകാലത്തു് ആര്യസമുദായത്തിൽ ചാതുർവർണ്ണ്യം നടപ്പില്ലായിരുന്നുവെങ്കിലും, കാലക്രമത്തിൽ ജാതിവ്യത്യാസവും, തൽഫലമായുണ്ടായ കർക്കശനിയമങ്ങളും പ്രചാരത്തിൽവന്നു. തൊഴിൽപ്രാപ്തിയെ പരിഗണിച്ചുമാത്രമായിരുന്ന ആദ്യം ജാതിവിഭജനം. പിന്നീടു് അതു് പാരമ്പര്യമായിത്തീർന്നു. ചാതുർവർണ്ണ്യത്തിന്റെ രൂക്ഷവും വ്യക്തിപുരോഗമനത്തിനു വിഘാതവുമായ നിയമങ്ങളും ഹൈന്ദവസമുദായഘടനയെ ഉലച്ചു തുടങ്ങി. ഈ ഘട്ടത്തിൽ, ചിന്താസ്വാതന്ത്ര്യത്തേയും മനുഷ്യസമത്വത്തേയും പ്രഖ്യാപിച്ചുകൊണ്ടു് ആവിർഭവിച്ച രണ്ടു മനുഷ്യസമുദായപരിഷ്കർത്താക്കളാകുന്നു ജൈനമതസ്ഥാപകനായ വർദ്ധമാനമഹാവീരനും, ബുദ്ധമതസ്ഥാപകനായ ഗൌതമബുദ്ധനും.

ക്രിസ്തുവിന്റെ ജനനത്തിനു് ഉദ്ദേശം അറുന്നൂറുവർഷങ്ങൾക്കുമുമ്പു് ശാക്യന്മാരുടെ രാജാവായ ശുദ്ധോദനൻ രാജ്യഭാരം ചെയ്തിരുന്നു. കപിലവാസ്തുവായിരുന്നു ആ രാജ്യത്തിന്റെ തലസ്ഥാനം. ശുദ്ധോദനനു് മായാദേവിയിൽ, സിദ്ധാർത്ഥൻ എന്ന ഒരു പുത്രൻ ജാതനായി. സിദ്ധാർത്ഥന്റെ ബാല്യപ്രായത്തിൽതന്നെ മാതാവു് ഇഹലോകവാസം വെടിഞ്ഞു. പിതാവിന്റെ അതിരുകവിഞ്ഞ

ലാളനയിലും രാജകുമാരനുചിതമായ ആഡംബരാടികളിലും ആണ് സിദ്ധാർത്ഥൻ വളർന്നുവന്നതു്. രാജകുമാരന്മാർക്കു അനുയോജ്യമായ കായികാഭ്യാസങ്ങൾ നൽകുന്നതിൽ പിതാവു പ്രത്യേകം നിഷ്കർഷ പതിപ്പിച്ചു.

സിദ്ധാർത്ഥൻ വളർന്നു വരുന്തോറും അദ്ദേഹത്തിന്റെ ജീവിതക്രമങ്ങളിൽ ചില മാറ്റങ്ങൾ പിതാവു ദർശിച്ചുതുടങ്ങി. ജന്തുഹിംസയിൽ തീരെ വിരക്തി തോന്നിയ കുമാരൻ, വേട്ടയാടുവാൻ പോകുന്ന പതിവു നിർത്തി. ദുഃഖിതരിൽ അനുതാപം, ആതുരരിൽ അലിവു്, മൃഗബലികളിൽ വൈപ്പു് മുതലായവ അദ്ദേഹത്തിൽ പ്രത്യേകം ദൃശ്യമായി. ജീവിതത്തിൽ അസംതൃപ്തി, മൗനഭാവം, വ്യാകുലത മുതലായവ, സ്വപുത്രന്റെ ഭാവിപരിപാടികളെ അസൂത്രണം ചെയ്തുകൊണ്ടിരുന്ന പിതാവിനെ വ്യാകുലചിത്തനാക്കിത്തീർത്തു.

പുത്രന്റെ ജീവിതത്തെ മറ്റൊരു വഴിയിൽക്കൂടി തിരിച്ചു വിടുന്നതിനായി പിതാവു്, യശോധര എന്ന സ്ത്രീരത്നത്തെ മകനു വിവാഹം ചെയ്തുകൊടുത്തു. യഥാകാലം സിദ്ധാർത്ഥനു യശോധരയിൽ, രാഹുലൻ എന്ന പേരായ ഒരു പുത്രനും ജനിച്ചു. പക്ഷേ സിദ്ധാർത്ഥന്റെ മാനസികമായ വ്യാകുലത, അസംതൃപ്തി ഇവയ്ക്കു ഇതുകൊണ്ടൊന്നും ശമനം ഉണ്ടായില്ല. മനുഷ്യനുണ്ടാകുന്ന രോഗം, മരണം, ദാരിദ്ര്യം

എന്നീ കാര്യങ്ങളാണ് അദ്ദേഹത്തെ സദാ അല
ട്ടിക്കൊണ്ടിരുന്നത്.

കൊട്ടാരജീവിതം, ആത്മീയതൃഷ്ണയെ ശമി
പ്പിക്കുന്നതിനു പര്യാപ്തമല്ലെന്നു സിദ്ധാർത്ഥനു മനസ്സി
ലായി. ഒരു ദിവസം അർദ്ധരാത്രി, ശാന്തമായി ഉറ
ങ്ങിക്കിടന്ന സ്വപുത്രനേയും, ഭാര്യയേയും ഉപേക്ഷി
ച്ചിട്ട് ആ രാജകുമാരൻ തന്റെ ഇരുപത്തൊൻപതാമ
ത്തെ വയസ്സിൽ രാജ്യം വിട്ടു. കല്ലും, മുള്ളും ചവി
ട്ടി അദ്ദേഹം പല ദേശങ്ങളിലും ചുറ്റിത്തിരിഞ്ഞു.
സന്ന്യാസിമാരുടേയും പണ്ഡിതന്മാരുടേയും ഉപദേ
ശങ്ങളും സ്വീകരിച്ചു സന്ന്യസിച്ചുനോക്കി. അതൊ
ന്നും അദ്ദേഹത്തെ തൃപ്തനാക്കിയില്ല. അവസാനം
ബുദ്ധഗയയിൽ ബോധിവൃക്ഷച്ചുവട്ടിലിരുന്നു ധ്യാനി
ക്കുവാൻ തുടങ്ങി. ധ്യാനനിരതനായിരിക്കവെ, അ
ദ്ദേഹത്തിൽ ജ്ഞാനോദയം ഉണ്ടായതായി തോന്നി.
ജ്ഞാനോൽബുദ്ധനായ സിദ്ധാർത്ഥൻ, അന്നു മുതൽ
ബുദ്ധൻ എന്ന നാമം സ്വീകരിച്ചു. ഗൗതമഗോത്ര
ത്തിൽപ്പെട്ടതുകൊണ്ട് അദ്ദേഹം ഗൗതമബുദ്ധൻ എ
ന്നും അറിയപ്പെട്ടു.

ജ്ഞാനോദയം ഉണ്ടായതിനുശേഷം, ബുദ്ധൻ
കാശിയിൽച്ചെന്നു, അവിടെ മതപ്രചരണം ചെയ്യു
വാൻ തുടങ്ങി. ആദ്യമായി അഞ്ചുപേർമാത്രം അ
ദ്ദേഹത്തിന്റെ ശിഷ്യപദം സ്വീകരിച്ചു. അചി
രേണ ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചുവന്നു. മത
പ്രചരണാർത്ഥം ശിഷ്യന്മാരെ അദ്ദേഹം നാനാദിക്കു

കളിലേക്കും അയക്കുകയും അങ്ങനെ ബുദ്ധമതം രാജ്യത്തൊട്ടാകെ പ്രചരിക്കുകയും ചെയ്തു. ഇതിനിടയിൽ, സ്വപിതാവും, കുടുംബവും മാത്രമല്ല, പ്രധാനപ്പെട്ട പല രാജാക്കന്മാരും, പണ്ഡിതന്മാരും ബുദ്ധമതാവലംബികളായിത്തീർന്നു. നാല്പത്തിയഞ്ചുകൊല്ലത്തോളം അദ്ദേഹം മതതത്വങ്ങളെ പ്രസംഗിച്ചുനടന്നു. ബി. സി. 487-ൽ തന്റെ 80-ാമത്തെ വയസ്സിൽ, നേപ്പോളിലുള്ള കുശിനഗരത്തിൽ വെച്ച് അദ്ദേഹം നിർവ്വാണം പ്രാപിച്ചു.

ചൈന, ജപ്പാൻ, ബർമ്മ, സിലോൺ, എന്നീരാജ്യങ്ങളിൽ ഇന്നും ബുദ്ധമതാവലംബികൾ ധാരാളമുണ്ട്.

ബുദ്ധമതതത്വങ്ങൾ.

മനുഷ്യൻ ചെയ്യുന്ന നന്മതിന്മകളനുസരിച്ച് അവൻ ജന്മമെടുത്തുകൊണ്ടിരിക്കുന്നു. പുനർജ്ജന്മത്തിൽ നിന്നു മോചനം ലഭിക്കുകയെന്നുള്ളതാണ് നിർവ്വാണം. നിർവ്വാണലബ്ധിക്കായി സത്യധർമ്മാദികൾ അനുസരിച്ചും ആശയെ നിയന്ത്രിച്ചും ജീവിക്കേണ്ടതാകുന്നു. യാഗാദികർമ്മങ്ങൾകൊണ്ടു പ്രയോജനങ്ങൾ ഉണ്ടാകുന്നില്ല. മനുഷ്യനോടു മാത്രമല്ല, ജീവജാലങ്ങളോടെല്ലാംതന്നെയും കാരുണ്യം കാണിക്കേണ്ടതു് അത്യാവശ്യമാകുന്നു. സത്യവചനം, സത്യവിചാരം, സത്യമായ പ്രവർത്തി ഇങ്ങനെ എട്ടുകാര്യങ്ങളാണ് മോക്ഷപ്രാപ്തിക്കാവശ്യം. "ബുദ്ധം ശ

രണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി"—എന്ന മൂന്നു വചനങ്ങളും ബുദ്ധമതതത്വങ്ങളെ സംക്ഷേപിക്കുന്നു.

മഹാവീരൻ

തൊഴിലിനെ ആസ്പദമാക്കി ആദ്യകാലത്തു ജാതിവ്യത്യാസം ഉണ്ടായെങ്കിലും, പിൽക്കാലത്തു അതു പാരമ്പര്യമായിത്തീരുകയും, അതികർക്കശമായ ജാതിനിയമങ്ങളും ഉണ്ടാകയും ചെയ്തു. ഈ ഘട്ടത്തിൽ മോക്ഷമാർഗ്ഗം തെളിച്ചുകൊടുക്കുന്നതിനായി ചില മതചിന്തകന്മാർ ശ്രമിച്ചു. അവരിൽ ഒരാളാണ് ജൈനമതസ്ഥാപകനായ മഹാവീരൻ, അഥവാ ജിനൻ.

വർദ്ധമാനമഹാവീരൻ ക്രി. മു. 599-ൽ വിദേഹത്തിന്റെ തലസ്ഥാനമായ വൈശാലിയിൽ ജാതനായി. വലിയ ഒരു ക്ഷത്രിയ പ്രഭുവിന്റെ പുത്രനായ അദ്ദേഹം മുപ്പതാമത്തെ വയസ്സിൽ സ്വകുടുംബത്തെ ഉപേക്ഷിച്ചു സന്ന്യാസവൃത്തി സ്വീകരിച്ചു. ഉദ്ദേശം പത്തുകൊല്ലക്കാലത്തോളം അദ്ദേഹം ഉത്തരേന്ത്യയിൽ പലയിടങ്ങളിലും സന്ന്യാസിയായി സഞ്ചരിച്ചശേഷം നാല്പത്തിരണ്ടാമത്തെ വയസ്സിൽ ആത്മികവിജ്ഞാനം ലഭിച്ചതായി പ്രഖ്യാപനം ചെയ്തു. മുപ്പതുവർഷക്കാലം പല സ്ഥലങ്ങളിലും സ്വമതപ്രചരണം നടത്തി. അദ്ദേഹം സ്ഥാപിച്ച മതമത്രെ ജൈനമതം.

ജാതിവ്യത്യാസമെന്യേ സൽപ്രവൃത്തികൊണ്ട് സർവ്വർക്കും മോക്ഷം സിദ്ധിക്കുമെന്നു ജൈനമതം പഠിപ്പിക്കുന്നു. പുനർജ്ജന്മത്തിൽ ജൈനമതക്കാർ വിശ്വസിക്കുന്നു. ഓരോ ജന്മത്തിലേയും കർമ്മഫലമനുസരിച്ചു പുനർജ്ജന്മം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ പുനർജന്മം ഇല്ലാതാകുന്നതിനും മോക്ഷം പ്രാപിക്കുന്നതിനും സൽക്കർമ്മംചെയ്യണം. നേരായ വിശ്വാസം, ജ്ഞാനം, ജീവിതം എന്നീ "ത്രിരത്ന"ങ്ങളെക്കൊണ്ടു മോക്ഷം പ്രാപിക്കാം. ലൌകികവിഷയങ്ങളിൽ ആസക്തിയില്ലാതെ വൈരാഗിയായിരിക്കേണ്ടതാവശ്യമാകുന്നു.

ഇന്ത്യയിൽ ഒരുകാലത്തു ജൈനമതക്കാർ ധാരാളം ഉണ്ടായിരുന്നു. ഇന്നും ഉത്തരേന്ത്യയിൽ ഇവരുടെ സംഖ്യ ഒട്ടും കുറവല്ല.

ശ്രീയേശു.

ശ്രീയേശുവിനെക്കുറിച്ചും ക്രിസ്തുമതത്തെക്കുറിച്ചും അറിയാത്തവരായി ഇന്നു് ആരും ഉണ്ടായിരിക്കയില്ല. ക്രിസ്തുവർഷം 1956 ആണിതു്. ശ്രീയേശു ജനിച്ചിട്ടു് 1956 വർഷം ആയി എന്നാണിതിനർത്ഥം. ക്രിസ്തു ജനിച്ച ആണ്ടുമുതൽ ഇംഗ്ലീഷ് വർഷം ആരംഭിക്കുന്നു. ചരിത്രത്തിലും മറ്റും എ. ഡി.

എന്നു കാണാവുള്ളതു് ഈ ആണ്ടാണു്. ക്രിസ്തുവിനു ശേഷം എന്നതിനുമുള്ള രണ്ടു വാക്കുകളുടെ ആദ്യ അക്ഷരമാണു് എ. ഡി. ക്രിസ്തുവിനുമുമ്പു നടന്ന സംഭവങ്ങൾ ബി. സി. യിൽ നടന്നുവെന്നു പറയുന്നു. ക്രിസ്തുവിനുമുമ്പു് എന്നാണിതിന്റെ സൂചന.

ബേത്‌ലഹേമിലെ ഒരു വഴിയമ്പലത്തിൽ, ജോസപ്പു്, മറിയയും, ഒരു രാത്രി എത്തിച്ചേർന്നു. അവിടെ സ്ഥലസൗകര്യങ്ങൾ തീരെ കുറവായിരുന്നു. വിശുദ്ധ മറിയയ്ക്കു പ്രസവവേദനയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അടുത്തുണ്ടായിരുന്ന കന്നുകാലിത്തൊഴുത്തിൽ മാത്രമേ അവിടെ സൗകര്യമായ സ്ഥലം ഉണ്ടായിരുന്നുള്ളു. ആ രാത്രിയിൽ മറിയയ്ക്കു രാജശ്രീ തുളുമ്പുന്ന ഒരോമനപ്പൈതൽ ജാതനായി. ആ കുഞ്ഞിനു യേശു എന്നു പേരിട്ടു.

പൌരസ്ത്യരായ ചില ജ്ഞാനികൾ, ദിവ്യനായ ഒരാളിന്റെ അവതാരത്തെക്കുറിച്ചു സൂചന നൽകുന്ന നക്ഷത്രം കണ്ടു. അവർ വളരെ ദൂരം നടന്നു് യേശുവിനെ കണ്ടു വന്ദിച്ചു് തിരിച്ചുപോയി.

അക്കാലത്തു യഹൂദന്മാരുടെ രാജാവു് ഹേറോദേസ് എന്ന ആളായിരുന്നു. യഹൂദർക്കു ദിവ്യനായ ഒരു രാജാവു ജനിച്ചിട്ടുണ്ടെന്നു് അദ്ദേഹം ജ്ഞാനികൾ വഴി അറിഞ്ഞു. തന്റെ സ്ഥാനം നഷ്ടമായേക്കുമെന്ന ഭീതി അദ്ദേഹത്തിലുളവായി. ആ ദിവ്യശിശുവിനെ കണ്ടുപിടിക്കുന്നതിനുള്ള ശ്രമം വിഫലമായതേയുള്ളു.

തന്മൂലം ബേത്ലഹേമിലും ചുറ്റുപാടുമുണ്ടായിരുന്ന മൂന്നു വയസ്സിനു താഴെയുള്ള സകല ആൺകുട്ടികളേയും ഹേറോദേസ് കൊല്ലിച്ചു. പക്ഷെ ദിവ്യകരം യേശുവിനെ രക്ഷിച്ചു.

ശിശുവിനേയുംകൊണ്ടു് അവർ നസ്രേത്തിലേക്കു തിരിച്ചു. ജോസഫിന്റെ വീടു് അവിടെയായിരുന്നു. മരപ്പണിക്കാരനായിരുന്ന അദ്ദേഹത്തിന്റെ ചെറുകുടിലിലാണു യേശു വളർന്നുവന്നതു്. മരപ്പണിയിൽ അദ്ദേഹത്തെ ബാലൻ സഹായിച്ചുവന്നു.

കാലക്രമത്തിൽ, ദൈവത്തിന്റെ അളവറ്റസ്നേഹത്തെപ്പറ്റിയായിരുന്നു ശ്രീയേശുവിന്റെ ക്ലുതൽ സംസാരവും. ജോലിക്കാരോടും ക്ലുലിക്കാരോടും ദരിദ്രരോടും അദ്ദേഹത്തിന്റെ കളങ്കമറ്റ സ്നേഹവും ആദരവും പ്രകടമായിത്തുടങ്ങി. രോഗികളോടു കാണിച്ചിരുന്ന അനുകമ്പ അവക്കു് ആശ്വാസംനൽകി. ക്രിസ്തുവിന്റെ മലപ്പുറത്തെ പ്രസംഗത്തിൽ തന്റെ മതതത്വങ്ങളിൽ പലതിനേയും വെളിപ്പെടുത്തിയിട്ടുണ്ടു്.

മാതാപിതാക്കൾ കുഞ്ഞുങ്ങളെ യേശുവിന്റെ സന്നിധിയിൽ കൊണ്ടുപോയി അനുഗ്രഹം വാങ്ങിക്കുക പതിവായിത്തീർന്നു. മുടന്തർ, കുരുടർ മുതലായ തീരാരോഗമുള്ളവർ അദ്ദേഹത്തിന്റെ കരസ്പർശംമൂലം സുഖംപ്രാപിച്ചുവന്നു. അസാധാരണവും അമാനുഷികവുമായ ഇത്തരം അത്ഭുതകൃത്യങ്ങൾ, ക്ലുതൽ ക്ലുട

തൽ ജനങ്ങളെ ആകർഷിച്ചു. അദ്ദേഹത്തിന്റെ അത്ഭുതശക്തിയിലും സിദ്ധിയിലും ജനങ്ങൾക്കു വിശ്വാസമുണ്ടായി.

ഒരിക്കൽ, തന്റെ ശിഷ്യന്മാർ കയറിയിരുന്ന ഒരു വള്ളം കടൽക്കോളിൽ പെട്ടു മുങ്ങിപ്പോകുമെന്നു ദിക്കായി. യേശുവും വള്ളത്തിലുണ്ടായിരുന്നു. അവിടുത്തെ ആജ്ഞാനുസരണം കടൽ ശാന്തമാകയും അവർ രക്ഷപ്പെടുകയും ചെയ്തു.

മറ്റൊരുദിവസം, ഒരു ബാലൻ അഞ്ചു അപ്പം കൊണ്ടുവന്നു. അതുകൊണ്ട് അയ്യായിരംപേർക്കു ഭക്ഷണം നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

യെരുശലേമിലെ യഹൂദ പുരോഹിതന്മാർ അദ്ദേഹത്തോടെതിർക്കുവാൻ തുടങ്ങി. നാട്ടിൽ കലഹമുണ്ടാക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ പേരിലുള്ള ഒരു കുറ്റം. 'വാഗ്ദാനം ചെയ്യപ്പെട്ടരാജാവു' എന്നു ശിഷ്യഗണങ്ങളും അദ്ദേഹത്തിൽ വിശ്വസിച്ചവരും പറഞ്ഞപ്പോൾ, അന്നത്തെ നാടുവാഴിക്കെതിരായി പ്രവർത്തിക്കുന്നയാളെന്നു കുറ്റവും അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടു. അസൂയാലുക്കളായ യഹൂദപുരോഹിതന്മാർ, അതേ സമയം ഗൂഢാലോചനകളും നടത്തിക്കൊണ്ടിരുന്നു.

ഒരു രാത്രി, പട്ടാളക്കാർ യേശുവിനെ പിടിച്ചുകെട്ടി. പിലാത്തോസ്സ് എന്ന ന്യായാധിപന്റെ സന്നിധിയിൽ കൊണ്ടുചെന്നു. ആരോ

പണങ്ങൾക്കെല്ലാം ന്യായയുക്തമായ മറുപടി യേശു നൽകിയെങ്കിലും, പീലാത്തോസ്സ് അദ്ദേഹത്തെ ക്രൂശിക്കുവാൻ വിധിക്കയാണുണ്ടായത്. ഗോൽഗോത്താ മലമുകളിൽ കൊണ്ടുപോയി യഹൂദന്മാർ അദ്ദേഹത്തെ കുരിശിൽ തറച്ചുകൊന്നു. മരണവേദന അനുഭവിച്ചപ്പോഴും സ്നേഹംനിറഞ്ഞ ശ്രീയേശു പറകയാണു്:

"പിതാവേ! ഇവർ ചെയ്യുന്നതു് എന്തെന്നു് ഇവർ അറിയുന്നില്ല. അതുകൊണ്ടു്, ഇവരോടു ക്ഷമിക്കേണമേ"

ഒരു വെള്ളിയാഴ്ചയാണു് ഈ സംഭവം നടന്നതു് മൂന്നാംദിവസമായ ഞായറാഴ്ച വിശുദ്ധ മറിയം, അദ്ദേഹത്തെ അടക്കം ചെയ്ത കല്ലറ സന്ദർശിക്കയുണ്ടായി. കല്ലറ തുറന്നു കിടന്നതു കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. തിരിഞ്ഞുനോക്കിയപ്പോൾ ശ്രീയേശുവിനെ കാണുകയും പെട്ടെന്നു അദ്ദേഹം അപ്രത്യക്ഷനാകയും ചെയ്തു.

ശ്രീയേശുവിനെ, ക്രിസ്ത്യാനികൾ ദൈവപുത്രനായി വിശ്വസിക്കുന്നു. ശ്രീയേശുവിന്റെ ദിവ്യവചനങ്ങൾ വിശുദ്ധ ബൈബിളിൽ അടങ്ങിയിരിക്കുന്നു.

മുഹമ്മദു നബി.

ഇസ്ലാം മതബോധകനായ മുഹമ്മദുനബി അറേബ്യയിൽ മക്കം എന്ന പട്ടണത്തിൽ, ക്രി.വ. 570ൽ ജാതനായി. "നബി" എന്ന അറബി പദത്തിനു്, പ്രവാചകൻ, അഥവാ ദീർഘദർശി എന്നർത്ഥമാകുന്നു.

അക്കാലത്തു് അറേബ്യയിലെ ജനങ്ങൾ ദുരാചാരങ്ങളിലും ദുഷ്കൃത്യങ്ങളിലും മുഴുകിയിരുന്നു. മദ്യപാനം, ചൂതുകളി, കലഹം മുതലായ അധർമ്മങ്ങളിൽ അവർ സദാ ഉൽസുകരായി കാണപ്പെട്ടു. നരബലി അവർക്കു അപരിചിതമായിരുന്നില്ല. പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടുന്നതിനു പോലും അറേബ്യയിൽ ഒരു വർഗ്ഗക്കാർ മടികാണിച്ചിരുന്നില്ല. മക്കത്തുള്ള സുപ്രസിദ്ധമായ 'കഅബാ' ക്ഷേത്രത്തിൽ അനേകം വിഗ്രഹങ്ങളെ വെച്ചു് അവർ ആരാധിച്ചുവന്നു. ഈ കാലഘട്ടത്തിലാണു് മുഹമ്മദുനബി ജാതനായതു്.

ജനനത്തിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ പിതാവായ അബ്ദുല്ല മരണം പ്രാപിച്ചു. ആറുവയസ്സായപ്പോൾ മാതാവായ ആമിനയും മരിച്ചു. അനാഥനായിത്തീർന്ന ഈ ബാലൻ, പിതാമഹന്റേയും പിന്നീടു് പിതൃവ്യന്റേയും സംരക്ഷണയിൽ വളർന്നു. സ്വഭാവശുദ്ധിയിലും ജീവിത പരിശുദ്ധതയിലും അദ്വിതീയനായിരുന്ന അദ്ദേഹം "അൽഅമീൻ"

(വിശ്വസ്തൻ) എന്നു അറേബ്യയിലെങ്ങും അറിയപ്പെട്ടിരുന്നു.

മക്കത്തുള്ള ഹിറാഗുഹയിൽ പലദിവസവും അദ്ദേഹം ധ്യാനനിരതനായിരിക്കുക പതിവായിരുന്നു. നാല്പതുവയസ്സു പ്രായമായപ്പോൾ ഒരു ദിവസം അദ്ദേഹത്തിനു ദിവ്യോൽബോധനം ഉണ്ടാകയും അദ്ദേഹം ദൈവനിയുക്തനായ നബിയാണെന്നു അറിയിക്കപ്പെടുകയും ചെയ്തു.

ഏകദൈവത്തെ മാത്രം ആരാധിക്കുവാനും, മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും, ദാനധർമ്മങ്ങൾ ഉദാരമായി ചെയ്യേണ്ടതാണെന്നും, ബിംബാരാധന ഉപേക്ഷിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. അറേബ്യയിലെ ജനങ്ങളിൽ പലരും അദ്ദേഹത്തിൽ വിശ്വസിച്ചു. പക്ഷേ പ്രബലന്മാരായ ശത്രുക്കളും ഉണ്ടായിത്തീർന്നു. തന്നിമിത്തം അദ്ദേഹത്തിനു മക്കത്തു സൈ്വരമായി താമസിക്കുവാനും മതോപദേശം ചെയ്യുവാനും വിഷമമായി. ശത്രുക്കളുടെ പീഡനം വർദ്ധിച്ചപ്പോൾ അദ്ദേഹം മദീനയിലേക്കു പ്രയാണം ചെയ്തു. ഇതു "ഹിജറ" എന്നറിയപ്പെടുന്നു. ഇസ്ലാമികാബ്ദം കണക്കാക്കപ്പെടുന്നതു ക്രി. വ. 622-ൽ ഉണ്ടായ ഈ പ്രയാണം (ഹിജറ) മുതല്ക്കാണ്.

ശത്രുക്കളുടെ പീഡനം കൊണ്ടും മുഹമ്മദുനബി തന്റെ ദൌത്യനിർവ്വഹണത്തിൽ നിന്നും പിന്മാറിയില്ല. അദ്ദേഹത്തിന്റെ നിരന്തരമായ ധർമ്മോപദേശ

ത്താൽ അറേബ്യയിലും അതിന്റെ പരിസരപ്രദേശങ്ങളിലും ഉള്ളവർ, അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ, ഇസ്ലാം മതാവലംബികളായിത്തീർന്നു. 63-ാമത്തെ വയസ്സിൽ അദ്ദേഹം നിര്യാണം പ്രാപിച്ചു.

മുഹമ്മദുനബി പ്രബോധംചെയ്ത മതത്തിന് ഇസ്ലാം മതം എന്ന പേർ. ആ മതത്തെ അവംലബിക്കുന്നവർ മുസ്ലിംകൾ എന്നറിയപ്പെടുന്നു. മുസ്ലിംകളുടെ വേദഗ്രന്ഥം ഖുർആൻ ആകുന്നു. ദൈവപ്രോക്തമായ വചനങ്ങളാണ് ഖുർആൻ.

ശ്രീശങ്കരാചാര്യർ.

ആലുവായ്ക്കടുത്തു കാലടി എന്ന സ്ഥലത്ത് കി. വ 788-ൽ ശ്രീ ശങ്കരാചാര്യർ ജാതനായി. ശിവഗുരു എന്ന പേരായ ഒരു നമ്പൂതിരിയായിരുന്നു ഇദ്ദേഹത്തിന്റെ പിതാവ്. ബാലൻ ഉണ്ണിജാതനാകുന്നതിനു മുമ്പുതന്നെ പിതാവു മൃതിയടഞ്ഞു. കുലമര്യാദയനുസരിച്ചുള്ള വേദപഠനം ആരംഭിച്ചു. എട്ടാമത്തെ വയസ്സിൽ ബാലൻ വേദപാരംഗതനായിത്തീർന്നു. വേദപുരാണേതിഹാസങ്ങളെ സംബന്ധിച്ചു വാദങ്ങൾ നടത്തി ശ്രീ ശങ്കരനെ ജയിക്കുവാൻ പരിസരങ്ങളിലെങ്ങും പണ്ഡിതന്മാർ ഉണ്ടായിരുന്നില്ല. സ്വദേശത്ത് അദ്ദേഹം ദീർഘകാലം താമസിക്കാതെ സന്ന്യാസിയായി ദേശസഞ്ചാരം ചെയ്തു. പല പുണ്യസ്ഥലങ്ങളും സന്ദർശിച്ച് അദ്ദേഹം കാശിയിൽ എത്തിച്ചേ

ന്നു. അവിടെവച്ചു വൈദികകാര്യങ്ങളെക്കുറിച്ചു പല പണ്ഡിതന്മാരുമായി തർക്കിക്കയും അതിലെല്ലാം ആചാര്യർ വിജയിയായിത്തീരുകയും ചെയ്തു.

മാതാവിന്റെ അന്ത്യസമയം ആസന്നമായെന്നു ആത്മീകജ്ഞാനംകൊണ്ടു ഗ്രഹിച്ചറിഞ്ഞ ശ്രീ ശങ്കരാചാര്യർ സ്വദേശത്തേക്കു മടങ്ങി. ഏറെ താമസിയാതെ അമ്മ കാലധർമ്മം പ്രാപിച്ചു. മാതാവിന്റെ ശേഷക്രിയാദികളിൽ യാഥാസ്ഥിതികന്മാർ പങ്കുകൊണ്ടില്ലെങ്കിലും ആചാര്യർ ഏകനായി നിന്നുകൊണ്ടു ക്രിയാദികളെല്ലാം നിർവ്വഹിച്ചു.

വീണ്ടും ഉത്തരേന്ത്യയിൽ സഞ്ചരിച്ചു വേദസംബന്ധമായ വാഗ്വാദങ്ങൾ നടത്തുകയും ഹിന്ദുമതത്തിന്റെ കളങ്കമറ്റ തത്വം പ്രചരിപ്പിക്കയും ചെയ്തു. ബുദ്ധമതത്തിന്റെ പ്രചാരത്തെ തടയുന്നതിനും ഹിന്ദുമതത്തിന്റെ യഥാർത്ഥ തത്വങ്ങൾ പ്രചരിപ്പിക്കുന്നതിനും അദ്ദേഹം തന്റെ ജീവിതം വിനിയോഗിച്ചു. ക്രി. വ. 820-ൽ 32-ാമത്തെ വയസ്സിൽ ബദരീനാഥത്തിൽവച്ചു് അദ്ദേഹം സമാധിയടഞ്ഞു.

രാമാനുജൻ.

കാഞ്ചിപുരത്തിനടുത്തുള്ള ശ്രീ പെരുമ്പത്തൂർ എന്ന ഗ്രാമത്തിലാണു് രാമാനുജൻ ജനിച്ചതു്. അദ്ദേഹത്തിന്റെ ജനനതീയതിയെക്കുറിച്ചു ഭിന്നാഭിപ്രായമുണ്ടു്. ഒരുകൂട്ടർ ക്രിസ്തുവർഷം 1017-ൽ

ആണെന്നും മറെറാരുകൂട്ടർ 1037-ൽ ആണെന്നും അഭിപ്രായപ്പെട്ടവരുന്നു. രാമാനുജൻ ചെറുപ്പത്തിൽ തന്നെ ഒരു പ്രസരിപ്പുള്ള കുട്ടിയായിരുന്നു. പിതാവിന്റെ മേൽനോട്ടത്തിൽ അദ്ദേഹം മതവിഷയങ്ങളിൽ പാണ്ഡിത്യം സമ്പാദിക്കയും മതാനുഷ്ഠാനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കയും ചെയ്തുവന്നു. 17-ാമത്തെ വയസ്സിൽ വിവാഹം ചെയ്തു.

വിവാഹത്തിനുശേഷം അധികം താമസിയാതെ രാമാനുജന്റെ പിതാവു് കേശവസോമയാജി നിര്യാണംപ്രാപിച്ചു. പിതാവിന്റെ മരണാനന്തരം രാമാനുജൻ അദ്വൈത സിദ്ധാന്തങ്ങൾ പഠിക്കുന്നതിനായി ഭാര്യയോടും വിധവയായ മാതാവിനോടുംകൂടി കാഞ്ചിയിലേക്കു താമസംമാററി. യാദവപ്രകാശ എന്ന പണ്ഡിതാഗ്രന്റെ കീഴിൽ അഭ്യസനം തുടങ്ങി. ഗുരുവാകട്ടെ, ശങ്കരാചാര്യരുടെ തത്വങ്ങളേയും ഉപദേശങ്ങളേയും, നിരൂപണം ചെയ്യുകയും സ്വന്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കയും ചെയ്തുവന്നു.

രാമാനുജൻ ഇപ്രകാരം ഈ ഗുരുവിന്റെ കീഴിൽ ആറുവർഷം അദ്ധ്യയനം നടത്തി. അക്കാലത്തു ബ്രഹ്മസൂത്രത്തിന്റെ വ്യാഖ്യാനം നൽകിയതിൽ ഗുരുവിന്റെ അഭിപ്രായം ശിഷ്യനു സ്വീകാര്യമായിതോന്നിയില്ല. ഗുരു ശിഷ്യന്മാർ തമ്മിൽ വാഗ്വാദം ഉണ്ടായി. സഹപാഠികളുടെ ഇടയിൽ ഇതു രാമാനുജനു് ഒരു ബഹുമതിനൽകി. കോപിഷ്ഠനായ ഗു

രു, ശിഷ്യഗണങ്ങളോടുകൂടി, കാശിക്ക് ഒരു തീർത്ഥ യാത്ര പുറപ്പെട്ടു. കുറച്ചുദൂരം ചെന്നപ്പോൾ ആണ് രാമാനുജനു്, തന്നെ അപായപ്പെടുത്തുന്നതിനുള്ള ഒരു യാത്രയാണതെന്നു് മനസ്സിലായതു്. പരിഭ്രാന്തനായി, അദ്ദേഹം ആ സംഘത്തിൽനിന്നും വിട്ടുപിരിഞ്ഞു. വളരെ കഷ്ടപ്പെട്ട യാത്രചെയ്തു അദ്ദേഹം കാഞ്ചിയിൽവന്നുചേർന്നു. മതപഠനം തുടർന്നുകൊണ്ടിരുന്നു.

ശാസ്ത്രപഠനത്തിൽ കുടുംബപ്രാരാബ്ധം അദ്ദേഹത്തിനു് ഒരു തടസ്സമായി തോന്നി. അദ്ദേഹത്തിന്റെ അമ്മ ഇക്കാലത്തിനിടയിൽ മരിച്ചുകഴിഞ്ഞിരുന്നു. ഭാര്യക്കു് ജീവിക്കുവാൻ വേണ്ടതു നൽകിയശേഷം മുപ്പതാമത്തെ വയസ്സിൽ ശ്രീ കാഞ്ചിക്ഷേത്രത്തിൽവച്ചു് അദ്ദേഹം സന്ന്യാസം സ്വീകരിച്ചു. ശിഷ്യഗണങ്ങളുടെ നിർബന്ധംമൂലം അവസാനം അദ്ദേഹം ശ്രീരംഗത്തേക്കു് മാറിത്താമസിച്ചു് ശ്രീരംഗേശമഠാധിപതിസ്ഥാനം ഏറ്റു.

അദ്വൈത സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്ന പല മതഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. ശ്രീഭാഷ്യം ആണു് ഇതിൽ പ്രധാനപ്പെട്ടതു്. കൂടാതെ ഭഗവൽഗീത, ബ്രഹ്മസൂത്രം ഇവയ്ക്കു് ഓരോ വ്യാഖ്യാനവും എഴുതീട്ടുണ്ടു്.

കർമ്മത്തെയും ഭക്തിമാർഗ്ഗങ്ങളേയും മോക്ഷത്തെയും നിത്യമോക്ഷത്തെയുംപറ്റി വിവരിക്കുന്ന ഇദ്ദേഹത്തിന്റെ സിദ്ധാന്തത്തെ 'വിശിഷ്ടാദ്വൈതം' എന്നു പറഞ്ഞുവരുന്നു.

ക്രമേണ ഇദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളുടേയും അനുയായികളുടേയും എണ്ണം വർദ്ധിച്ചു. 12000 ശിഷ്യഗണങ്ങളും, 700 സന്ന്യാസിമാരും 74 പണ്ഡിതാഗ്രേസരന്മാരും അദ്ദേഹത്തിന്റെ ആശ്രമവാസികളായും അന്തേവാസികളായും ഉണ്ടായിരുന്നു.

ഇപ്രകാരം പ്രബലമായ സംഘം ഉണ്ടായതു് അന്നത്തെ ചോളരാജാവായ കുലത്തുംഗൻ ഒന്നാമനു അസൂയ ഉളവാക്കി. അദ്ദേഹം ഈ മഠാധിപതികളേയും അന്തേവാസികളേയും "ശിവനല്ലാതെ മറ്റൊരു ദൈവമില്ല" എന്നു് എഴുതിവയ്ക്കുന്നതിനു് നിർബ്ബന്ധിച്ചു. ഉടൻതന്നെ രാമാനുജൻ മൈസൂരിൽചെന്നു് അവിടത്തെ രാജാവായ വിഠൽദേവനെ കണ്ടു് ഒരു ആശ്രമത്തിനുവേണ്ട സ്ഥലസൗകര്യങ്ങൾ സമ്പാദിച്ചു് ആശ്രമം അങ്ങോട്ടു മാറ്റി. പിന്നീടു് 20 വർഷക്കാലം രാമാനുജൻ മൈസൂരിൽതന്നെ താമസിച്ചു. രാജാവു്, വിഷ്ണുവർദ്ധനൻ എന്ന പേരിൽ രാമാനുജന്റെ ശിഷ്യപദം സ്വീകരിച്ചു.

രാമാനുജൻ രാജ്യത്തിൽനിന്നുംപോയതായി അറിഞ്ഞു് ചോളചക്രവർത്തി കുപിതനായി. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ വരുത്തിയ രാമാനുജന്റെ ഒരു അനുയായിയുടെ കണ്ണുകൾ തുരന്നു് തെരുവീഥിയിൽ ഇറക്കിവിട്ടു. 1117-ൽ കുലത്തുംഗന്റെ മരണശേഷം, രാമാനുജൻ ശ്രീരംഗത്തേക്കു് വീണ്ടും താമസം മാറ്റുകയും 1137 വരെ അവിടെത്തന്നെ താമസിക്കുകയും ചെയ്തു.

മറെറാരു സംഭവംക്കൂടി രാമാനുജനു് കൂണ്ടിത മുളവാക്കി. 1127–ൽ കുലത്തുംഗൻ രണ്ടാമൻ അദ്ദേഹത്തിനെറ മതതീക്ഷ്ണത നിമിത്തം ചിദംബരത്തിലുള്ള വിഷ്ണുക്ഷേത്രം നശിപ്പിച്ചു. രാമാനുജൻ തനെറ അനുയായികളെക്കൊണ്ടു് വിഗ്രഹം തിരുമലമലകളിൽകൊണ്ടുപോയി ഒരു ക്ഷേത്രം പണിതു പ്രതിഷ്ഠിച്ചു. 400 വർഷങ്ങൾക്കുശേഷം വിജയനഗരം ചക്രവത്തി ആ വിഗ്രഹം കൊണ്ടുവന്നു ചിദംബരത്തു് ക്ഷേത്രമുണ്ടാക്കി പ്രതിഷ്ഠിപ്പിച്ചു. 1137–ൽ അദ്ദേഹം സമാധിയടഞ്ഞു.

ശ്രീമധ്വാചാര്യർ.

അദ്വൈത സിദ്ധാന്തിയായ ശ്രീശങ്കരാചാര്യർ വിശിഷ്ടാദ്വൈതസിദ്ധാന്തിയായ രാമാനുജാചാര്യർ ഇവരുടെ ജീവചരിത്രവും മതസിദ്ധാന്തങ്ങളും നാം കണ്ടുവല്ലോ. എന്നാൽ ദ്വൈതസിദ്ധാന്തത്തെ ഉദ്ധരിച്ച മഹാനാണു് ശ്രീമധ്വാചാര്യർ.

ക്രി. വ. 13–ാം നൂറ്റാണ്ടിൽ തെക്കേ കണ്ണാടകജില്ലയിൽപെട്ട ഉടുപ്പി എന്ന സ്ഥലത്തു് ജീവിച്ചിരുന്ന ഇദ്ദേഹത്തെ വായുഭഗവാനെറ അവതാരമായി കരുതിപ്പോരുന്നു. ഈശ്വരനും പ്രപഞ്ചവും രണ്ടും രണ്ടാണു്, ഒന്നല്ല എന്നുള്ളതാണു് ദ്വൈതമതസിദ്ധാന്തം. പ്രപഞ്ചം ഈശ്വരനു് വിധേയമായിരിക്കുന്നു എന്നാണു് അദ്ദേഹത്തിനെറ അഭിമതം.

മധ്വാചാര്യർ അസാമാന്യ സംസ്കൃത പണ്ഡിതനും വേദാന്തിയുമായിരുന്നു. അദ്ദേഹം വേദങ്ങൾക്ക് വ്യാഖ്യാനങ്ങൾ എഴുതി, ഹിന്ദുമതതത്വങ്ങൾ പ്രകാശിപ്പിച്ചു. പല മഠങ്ങളും സ്ഥാപിച്ചു. ക്രമേണ അദ്ദേഹത്തിനു് അനേകം ശിഷ്യന്മാരുണ്ടായി. ഇന്നും തുടർച്ചയായി ആ ശിഷ്യപരമ്പര നിലനിന്നു പോരുന്നു. അദ്ദേഹത്തിന്റെ അനുയായികളെ മധ്വന്മാർ എന്നു വിളിച്ചുവരുന്നു.

മധ്വാചാര്യരുടെയും ശ്രീശങ്കരാചാര്യരുടേയും ശ്രീരാമാനുജാചാര്യരുടേയും ഉപദേശങ്ങൾകൊണ്ടും വ്യാഖ്യാനങ്ങൾകൊണ്ടും, ഹിന്ദുമതത്തിൽ നിന്നും ജൈനമതത്തിലേക്കും ബുദ്ധമതത്തിലേക്കും പരിവർത്തനം ചെയ്ത അനേകായിരം ഹിന്ദുക്കൾ, ഹിന്ദുമതത്തിലേക്കു വീണ്ടും മടങ്ങിപ്പോരുന്നതിനിടയായി. തൻനിമിത്തം ബുദ്ധജൈനമതങ്ങൾ അതിന്റെ ജന്മനാടായ ഇൻഡ്യയിൽ അധഃപതിക്കുന്നതിനും കാരണമായിതീർന്നു.

ഹിന്ദുക്കളിൽ തന്നെ ശൈവന്മാർ, അഥവാ ശിവഭക്തന്മാർ എന്നും, വൈഷ്ണവന്മാർ അഥവാ വിഷ്ണുഭക്തന്മാർ എന്നും രണ്ടു വിഭാഗക്കാർ ഉണ്ടു്. ദക്ഷിണേന്ത്യയിൽ ശൈവന്മാരായിരുന്നു ഭൂരിപക്ഷം ഹിന്ദുക്കളും എന്നാൽ മധ്വാചാര്യരാകട്ടെ വൈഷ്ണവനായിരുന്നു. വൈഷ്ണവർക്കു് അദ്ദേഹം ആദ്ധ്യാത്മികമായ ഒരു നവോത്ഥാനം നല്കി. ശൈവന്മാരെ തർക്കത്തിൽ പരാജിതന്മാരാക്കി. ദക്ഷിണഭാഗത്തിൽ

വൈഷ്ണവന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുകയും അവരുടെ നില സുരക്ഷിതമാക്കുകയും ചെയ്തു.

ഗുരു നാനാക്ക്.

ആദിമകാലത്തു വിദേശിയരായ പലരും ഇൻഡ്യയെ ആക്രമിച്ചു എങ്കിലും, ഇന്ത്യയുടെ സംസ്ക്കാരത്തിൽ അവർ ക്രമേണ ലയിക്കയാണുണ്ടായതു്. ഗ്രീക്കുകാർ, സാകന്മാർ, ഹൂണന്മാർ മുതലായവർ ഇപ്രകാരം ഇന്ത്യൻ സംസ്ക്കാരത്തിൽ ലയിച്ചുപോയവരാണു്.

എന്നാൽ മുസ്ലിം ആക്രമണം ഉണ്ടായതോടെ അവരുടെ മതവിശ്വാസങ്ങൾ ഹിന്ദുമതത്തിൽനിന്നും പാടെ വ്യത്യസ്തപ്പെട്ടവയാകയാൽ മതപരമായി അവർ തമ്മിൽ മൈത്രി ഉണ്ടായില്ല. ആദ്യഘട്ടത്തിൽ പരസ്പരം ശത്രുക്കളായി വർത്തിച്ചു. കാലാന്തരത്തിൽ ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ പരസ്പരം മതസഹിഷ്ണുത പ്രദർശിപ്പിച്ചുവന്നു. ഹിന്ദുമതപണ്ഡിതന്മാരെ മുസ്ലിംകളും, മുസ്ലിം മൗലവിമാരെ ഹിന്ദുക്കളും പരസ്പരം ബഹുമാനിച്ചും ആദരിച്ചും വന്നു. പരസ്പരധാരണ വർദ്ധിക്കുന്നതിനുവേണ്ടി സംസ്കൃതത്തിലുള്ള ഹിന്ദുമതഗ്രന്ഥങ്ങൾ മുസ്ലിംകൾ പഠിക്കുകയും തർജ്ജിമ ചെയ്യുകയും ചെയ്തു. വേദങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള യോഗം, വേദാന്തം, വൈദ്യം, ജ്യോതിഷം മുതലായവ മുസ്ലിം പണ്ഡിതന്മാരുടെ

ശ്രദ്ധയെ ആകർഷിക്കുകയും ആ വിഷയങ്ങളെക്കുറിച്ചു അറബിയിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു.

മിശ്രവിവാഹങ്ങൾ നടന്നു. മുസ്ലിംരാജാക്കന്മാർ ഉയർന്ന സ്ഥാനങ്ങളിൽ ഹിന്ദുക്കളെ നിയമിച്ചു. അതുപോലെ ഹിന്ദുരാജാക്കന്മാർ മുസ്ലിംകളേയും നിയമിച്ചു. ഇപ്രകാരം ഹിന്ദുമുസ്ലിം മൈത്രി ക്രമേണ വർദ്ധിച്ചുവന്നു.

ഹിന്ദുക്കളിൽ ഒരു വിഭാഗം ഇസ്ലാംമതത്തിലേയും ഹിന്ദുമതത്തിലേയും മൗലിക തത്വങ്ങളെ സ്വീകരിച്ചു, യഥാർത്ഥഭക്തിയാണു് ശരിയായ മുക്തിമാർഗ്ഗം എന്നുൽഘോഷിച്ചു. എല്ലാ മതങ്ങളും ഏക ലക്ഷ്യത്തെ കുറിക്കുന്നു എന്നും, ഒരു ദൈവമേ ഉള്ളൂ എന്നും, മനുഷ്യന്റെ മേന്മ അവന്റെ ജനനത്തിലല്ല നേരേമറിച്ചു് അവന്റെ പ്രവൃത്തിയിലാണു് സ്ഥിതിചെയ്യുന്നതു് എന്നും മതത്തിന്റെ പേരിൽ നടത്തപ്പെടുന്ന അമിതമായ ബാഹ്യചടങ്ങുകളേയും ആചാരങ്ങളേയും എതിർക്കണമെന്നും ഉൽഘോഷിച്ച പല മഹാന്മാരും ഉണ്ടായിരുന്നു.

ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മഹാനായ ഒരു ധർമ്മോപദേഷ്ടാവാണു നാനാക്കു്. ഉപനിഷത്തുകളിലെ പരബ്രഹ്മസിദ്ധാന്തത്തിലവലംബിയായിരുന്ന ഇദ്ദേഹം. ക്രി. വ. 1469—ാമാണ്ടു് ലാഹ്വർ പട്ടണത്തിൽ നിന്നു് ഉദ്ദേശം 35 മൈൽ തെക്കുപടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്നതും ഇപ്പോൾ നങ്കാന എന്നറിയപ്പെടുന്നതുമായ സ്ഥലത്തു് കത്രിവംശത്തിൽ അദ്ദേ

ഹം ജനിച്ചു. ഇസ്ലാംമതത്തിലും ഹിന്ദുമതത്തിലും ഉള്ള സാരാംശങ്ങളെ ആസ്പദമാക്കി പരസ്പരം സഹനശക്തി കാണിക്കണമെന്നുള്ള സിദ്ധാന്തം പ്രചരിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. യഥാർത്ഥത്തിൽ ഭിന്നമതാവലംബികളും തമ്മിലുള്ള മാത്സര്യം നിർത്തുന്നതിനാണ് അദ്ദേഹം ശ്രമിച്ചതു്. അദ്ദേഹത്തിന്റെ വചനങ്ങളും നോക്കുക. "വെറും വാക്കുകളല്ല മതം, എല്ലാ മനുഷ്യരേയും ഒരുപോലെ സമഭാവനയോടെ വീക്ഷിക്കുന്നവനാണ് യഥാർത്ഥ മതഭക്തൻ. ശവകുടീരങ്ങളിലും, ശ്മശാനങ്ങളിലും അലഞ്ഞുനടക്കുന്നതിലോ, ധ്യാനത്തിൽ മുഴുകിയിരിക്കുന്നതിലോ അല്ല മതം; ഈ ലോകത്തിലെ മാലിന്യങ്ങളുടെയിടയിൽ നിർമ്മലനായിരിക്കുക, എന്നാൽ നിങ്ങളുടെ യഥാർത്ഥ മതത്തിനുള്ള വഴി തെളിയും."

കഠിന തപസ്സിനും, വെറും ബാഹ്യമായ ലൌകികസുഖങ്ങളുമാത്രം ആരായുന്നതിനും, ഇടയ്ക്കുള്ള ഒരു മാർഗ്ഗത്തേയാണ് ഗുരു നാനാക്ക് അവലംബിച്ചിരിക്കുന്നതു്. കാപട്യം, സ്വാർത്ഥത, വഞ്ചന ഇതുകളെ ത്യജിക്കുന്നതിനു് അദ്ദേഹം ഉപദേശിച്ചു. ജാതിവ്യത്യാസം ഇതിൽ ഇല്ല.

അനേകംപേർ അദ്ദേഹത്തെ അനുകരിക്കയും ശിഷ്യന്മാരായിത്തീരുകയുംചെയ്തു. ഗുരു നാനാക്കു് 1538–ൽ നിര്യാണംപ്രാപിച്ചു. ഇദ്ദേഹം സ്ഥാപിച്ച മതമാണ് സിക്കുമതം.

ഗുരു നാനാക്കിനു ശേഷം, ആ മതാദ്ധ്യക്ഷന്മാക്ക് "ഗുരുക്കന്മാർ" എന്നു പറഞ്ഞുവരുന്നു. അങ്ങനെ പത്തു ഗുരുക്കന്മാർ ഉണ്ടായിരുന്നു. പത്താമത്തേതും അവസാനത്തേതുമായ ഗുരുവാണ് ഗുരു ഗോവിന്ദസിംഗ്.

ഗുരു ഗോവിന്ദസിംഗിന്റെ കാലത്തു്, സിക്കു മതത്തിൽ ചില ആചാരങ്ങളും ക്രമങ്ങളും നടപ്പിലായി. സിക്കുമതത്തിലുള്ളവരെല്ലാം ഈ ആചാരക്രമങ്ങൾ സ്വീകരിക്കണമെന്നു നിർബന്ധമുണ്ട്. 1. തല മുടിയും താടിയും വളർത്തണം. 2 കൈയിൽ ഇരുമ്പുകൊണ്ടുള്ള ഒരു വള ഇടണം. 3. മുടിയിൽ ഒരു ചീപ്പുവേണം. 4. നിക്കർ ധരിക്കണം. 5. കൃപാണം ധരിക്കണം.

സിക്കുകാർ ഓരോരുത്തരുടേയും പേരിനോടു് സിംഗ് (സിംഹം) എന്നുകൂടി ചേക്കാറുണ്ട്. സിക്കു സമുദായത്തിനു പൊതുവേ 'ഖൽസ' എന്നു പറഞ്ഞുവരുന്നു.

ഇന്ത്യയിലെ മതങ്ങൾ.

ഇന്ത്യയിൽ മേൽവിവരിച്ച പല ആത്മീയ ഗുരുക്കന്മാരുടേയും മതസിദ്ധാന്തങ്ങൾ പ്രചരിച്ചിട്ടുണ്ട്. അവയിൽ ചിലതു് പിൽക്കാലത്തു് പ്രചാരം കുറഞ്ഞുവന്നതായും നാം കണ്ടുവല്ലോ. ഇന്നു് ഇന്ത്യയിൽ പ്രധാനമായി നിലവിലുള്ള മതങ്ങൾ ഹിന്ദുമതവും ഇസ്ലാംമതവും ക്രിസ്തുമതവും സിക്കുമതവും

ജൈനമതവും ബുദ്ധമതവും സൗരാഷ്ട്രമതവും യഹൂദമതവും ആകുന്നു. ഇന്ത്യയിൽ അവരുടെ സംഖ്യയെ കാണിക്കുന്ന പട്ടിക ആറാം അദ്ധ്യായത്തിന്റെ ചുവട്ടിൽ ചേർത്തിരിക്കുന്നതു നോക്കുക.

ആവർത്തന ചോദ്യങ്ങൾ.

1. ഇന്ത്യയിൽ ആര്യന്മാരുടെ കാലത്തിനു മുൻപുതന്നെ പരിഷ്കാരം ഉണ്ടായിരുന്നുവെന്നതിനുതെളിവുകൾ ഏവ?

2. ദ്രാവിഡന്മാരുടെ വീടുനിർമ്മാണത്തെപ്പറ്റി ചുരുക്കി എഴുതുക.

3. ആര്യന്മാരുടെ ജീവിതരീതി എങ്ങിനെ ആയിരുന്നു?

4. ബുദ്ധമതത്തിന്റെ പ്രധാന തത്വങ്ങൾ എന്തെല്ലാം?

5 ജൈനമതസിദ്ധാന്തങ്ങളേവ?

6. ശ്രീയേശു ജനനം; അദ്ദേഹത്തിന്റെ ഏതെങ്കിലും രണ്ടു അത്ഭുതകൃത്യങ്ങൾ എന്നിവ വിവരിക്കുക.

7. ശ്രീയേശുവിനെ എന്തിനു് കുരിശിൽ തറച്ചു?

8. ഇസ്ലാം മതതത്വങ്ങൾ എന്തെല്ലാം?

9. ഇസ്ലാംമത പ്രചരണത്തിൽ മുഹമ്മദിനു ബിക്കു് സഹിയ്ക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം?

10. ശ്രീശങ്കരാചാര്യരുടെ ജനനസ്ഥലം ഏതു്?

11. ബുദ്ധമത പ്രചരണം തടയുന്നതിനു് അദ്ദേഹം എങ്ങിനെ പ്രവത്തിച്ചു.

12. ജ്ഞാനസമ്പാദനത്തിൽ ശ്രീ രാമാനുജനു് സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം?

13. രാമാനുജാചാര്യർ എന്തുകൊണ്ടു് മൈസൂർ രാജാവിനെ അഭയം പ്രാപിച്ചു?

14. ശ്രീമധ്വാചാര്യരുടെ മതസിദ്ധാന്തം എന്തായിരുന്നു?

15. ഗുരുനാനാക്കു് സ്ഥാപിച്ചമതം ഏതു്? അതിലെ സിദ്ധാന്തങ്ങൾ എന്തെല്ലാം?

അദ്ധ്യായം 8.

വിശ്വവിഖ്യാതരായ ചില മഹാന്മാർ.

നാം ഇന്നു അനുഭവിക്കുന്ന പല സുഖസൗകര്യങ്ങളും പെട്ടെന്നു ഉണ്ടായിട്ടുള്ളവയല്ല. പണ്ടില്ലാതിരുന്ന പല സൗകര്യങ്ങളും സുഖങ്ങളും നാം ഇന്നു അനുഭവിക്കുന്നു. യാത്ര ചെയ്യുന്നതിനു ഇപ്പോൾ ഏ

ന്തെല്ലാം സൗകര്യങ്ങളാണ് നമുക്കുള്ളതെന്ന് ആലോചിക്കുക. ആ സൗകര്യങ്ങളും കണ്ടുപിടിച്ചവർ നമുക്കുവേണ്ടി യഥാർത്ഥത്തിൽ സേവനം ചെയ്തവരാണ്. അമേരിക്കയെക്കുറിച്ചും അവിടെ നടക്കുന്ന സംഭവങ്ങളെക്കുറിച്ചും നാം നിത്യവും പത്രങ്ങളിൽ വായിക്കുന്നു. ആ രാജ്യം കണ്ടുപിടിച്ച മഹാനും മനുഷ്യസമുദായത്തിനുവേണ്ടി സേവനമനുഷ്ഠിച്ച ആളുതന്നെ. ആടുമാടുകളെപ്പോലെ മനുഷ്യരെ ക്രയവിക്രയം ചെയ്തുവന്ന സമ്പ്രദായം നിറുത്തലാക്കിയ ആളും മഹാനല്ലയോ? അടിമത്വത്തിൽ നിന്നു് സ്വരാജ്യത്തെ വീണ്ടെടുത്തവരും മനുഷ്യനുവേണ്ടി ത്യാഗം അനുഭവിച്ചവരും മഹാന്മാരാണെന്നുള്ളതിനു സംശയമില്ല.

ഇങ്ങനെ നോക്കുമ്പോൾ പൊതുനന്മയേയും രാജ്യനന്മയേയും വിജ്ഞാനാഭിവൃദ്ധിയേയും ലാക്കാക്കി പ്രവർത്തിച്ചവരെല്ലാം ലോകസേവനം ചെയ്തവരാണെന്നു നിസ്സംശയം പറയാം.

ഈ അദ്ധ്യായത്തിൽ ഇപ്രകാരമുള്ള ഏതാനും മഹാന്മാരുടെ ജീവചരിത്രം ചുരുക്കമായി പ്രതിപാദിച്ചിരിക്കുന്നു.

അവർ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും യാതനകളും അവർണ്ണനീയങ്ങളാണെന്ന് ഓരോരുത്തരുടേയും ജീവചരിത്രം നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. എളിയ ജീവിതംകൊണ്ടു ആരംഭിച്ച്, ലോകവന്ദ്യന്മാരായിത്തീർന്നിട്ടുള്ളവരാ

ണിവരിൽ പലരും. നിരന്തര പരിശ്രമവും ആഭ ശ്രദ്ധയും ആത്മവിശ്വാസവും നിഷ്കളങ്കമായ ജീവിതവും, ഈ മഹാന്മാരുടെ ജീവിതത്തിൽ വിള ങ്ങിക്കാണാവുന്നതാണ്.

സോക്രട്ടീസ്.

2500 വർഷങ്ങൾക്കു മുൻപ് ഗ്രീസിലുള്ള ഏ തൻസ് പട്ടണത്തിലെ തെരുവീഥികളിൽ കഷണ്ടി ത്തലയോടും ഉയന്ന മൂക്കോടും കൂടിയ ഒരാൾ മന്ദം മന്ദം നടക്കുന്നതായി കാണാം. ഈ വിചിത്ര മനു ഷ്യൻ എന്താണു പറയുന്നതെന്നു് അറിയുവാനും പ ഠിക്കുവാനുമായി യുവാക്കന്മാർ അദ്ദേഹത്തെ സമീ പിക്കുന്നു. ക്രമേണ അദ്ദേഹത്തിന്റെ സംസാരത്തി ൽ അവർ ഔത്സുക്യം പ്രദർശിപ്പിച്ചു. അവർ അ ദ്ദേഹത്തിൽ ആകൃഷ്ടരും ശ്രദ്ധാലുക്കളുമായിത്തീന്നു. അദ്ദേഹമാണ് തത്വജ്ഞാനിയായ സോക്രട്ടീസ്.

തത്വജ്ഞാനി എന്ന ഭാവത്തിൽ പ്രസംഗിച്ചുന ടക്കുകയല്ലായിരുന്നു അദ്ദേഹത്തിന്റെ പതിവു്. നി സ്സാരങ്ങളായ ചോദ്യങ്ങൾകൊണ്ടു് അദ്ദേഹം ആരം ഭിക്കുന്നു. അങ്ങനെ ചോദ്യങ്ങൾ ചോദിക്കയും കിട്ടു ന്ന ഉത്തരങ്ങളിൽ നിന്നും വീണ്ടും ചോദ്യങ്ങൾ ചോ ദിക്കയും ആണ് അദ്ദേഹത്തിന്റെ പതിവു്.

ലോകസുഖങ്ങളെ വിസ്മരിച്ചു് ശാശ്വതമായ സുഖം നേടണമെന്നാണു് അദ്ദേഹത്തിന്റെ ഉപദേ

ശം. വിലപിടിച്ച ഉടുപ്പുകളും സുഖലോലുപമായ ജീവിതവുമല്ല യഥാർത്ഥസുഖമെന്നു് അദ്ദേഹം പഠിപ്പിച്ചു. മതപണ്ഡിതന്മാരെന്നും, ജ്ഞാനികളെന്നും ഉള്ള ഭാവത്തിൽ നടന്നവരെ ലഘുവായ ചോദ്യങ്ങൾ മൂലം അദ്ദേഹം പരാജിതരാക്കി ലജ്ജിപ്പിച്ചുവന്നു.

തത്വജ്ഞാനിയായ സോക്രട്ടീസു് രാജ്യസേവനത്തിൽ നിന്നു പിന്മാറിയിരുന്ന ഒരാളല്ല. പത്തു കൊല്ലക്കാലം അദ്ദേഹം ഒരു പട്ടാളക്കാരനെന്ന നിലയിൽ സ്വരാജ്യത്തിനു സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. പാടരക്ഷ ക്രടാതെ ഒറ്റവസ്ത്രവുമായി ചൂടും തണുപ്പും സഹിച്ചു് പോക്കളത്തിൽ സമരംചെയ്തു് ധീരത പ്രകടിപ്പിക്കയും അനുസരണ കാണിക്കയും ചെയ്തിട്ടുണ്ടു്. ഡീലിയം എന്ന യുദ്ധത്തിൽ പടയാളികളെല്ലാം പരാജയം സമ്മതിച്ചു ഓടിക്കളഞ്ഞ അവസരത്തിൽ, സോക്രട്ടീസു് സ്വസ്ഥാനത്തുനിന്നും അനങ്ങിയില്ല. അദ്ദേഹത്തിന്റെ സ്ഥിരതയും ധീരതയും മൂലം സേനാനായകനായിരുന്ന ആത്സിബിയാഡിസിനെ രക്ഷിക്കുവാൻ കഴിഞ്ഞു. മരണഭയം എന്നൊന്നു് അദ്ദേഹത്തിനില്ലായിരുന്നു. സ്വരാജ്യസേവനത്തിൽ ആവശ്യമുള്ള സമയങ്ങളിലെല്ലാം വേണ്ടത്ര ശ്രദ്ധയും ശ്രുഷ്കാന്തിയും കാണിച്ചിട്ടുണ്ടു്. ഏതൻസിലെ യുവാക്കന്മാരിൽ വളരെപേർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. അക്കൂട്ടത്തിൽ അനീറ്റസു് എന്ന ഒരു തോൽവ്യാപാരിയുടെ പുത്രനുമുണ്ടായിരുന്നു. ഈ ദേഹം വംശത്തൊഴിൽ ഉ

പേക്ഷിച്ച് സോക്രട്ടീസിന്റെക്രൂടെ നടന്നു. അന്നു് ഏതൻസിൽ സ്വാധീനശക്തിയുള്ള ഒരാളായിരുന്നു അനീറ്റസ്. ഏതെങ്കിലും വിധത്തിൽ സോക്രട്ടീസിനെ അകറ്റണമെന്നു അദ്ദേഹം തീരുമാനിച്ചു.

ജനായത്തഭരണമായിരുന്നു, അന്നു് ഏതൻസിൽ. അഞ്ഞൂറു ജനപ്രതിനിധികളം അടങ്ങിയ ജനസഭ നീതിന്യായങ്ങളം തീരുമാനിച്ചുവന്നു. യുവാക്കന്മാരെ നിലവിലുള്ള നീതിയിൽനിന്നു സോക്രട്ടീസ് വഴിതെറ്റിച്ചു വഷളാക്കുന്നുവെന്നും, ഏതൻസുകാർ ആരാധിക്കുന്ന ദൈവത്തെ അദ്ദേഹം ആരാധിക്കുന്നില്ലെന്നും ആയിരുന്നു സോക്രട്ടീസിന്റെമേൽ ചുമത്തപ്പെട്ട ആരോപണങ്ങളം.

ക്രിസ്തുവിനുമുമ്പു് 487–ാമാണ്ടു ജനസഭ (സെനറ്റ്)യുടെ മുമ്പിൽ സോക്രട്ടീസിന്റെ വിസ്താരം ആരംഭിച്ചു. അദ്ദേഹത്തിനു അന്നു് എഴുപതു വയസ്സു പ്രായമായിരുന്നു. സമാധാനത്തോടും ശാന്തതയോടുംകൂടി അദ്ദേഹം വിസ്താരം അഭിമുഖീകരിച്ചു. തന്റെ വാത്സല്യശിഷ്യന്മാരും സ്നേഹിതന്മാരുമായി അനേകംപേർ അവിടെ തടിച്ചുകൂടി. സെനറ്റംഗങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു് സോക്രട്ടീസ്സു് അന്നുചെയ്ത പ്രസംഗത്തിൽ ധീരതയും അടിയുറച്ച വിശ്വാസവും തുളുമ്പിക്കൊണ്ടിരുന്നു.

വിസ്താരത്തിനുശേഷം വോട്ടെടുത്തു തീരുമാനിക്കയായിരുന്നു അന്നവിടത്തെ പതിവു്. 220 പേർ സോക്രട്ടീസിനു അനുകൂലമായും, 280 പേർ പ്രതികൂ

ലമായും വോട്ടുചെയ്തു. അങ്ങനെ, സോക്രട്ടീസിനെ കൊല്ലുവാൻ തന്നെ സെനറ്റു തീരുമാനിച്ചു.

വിഷംകൊടുത്തു കൊല്ലുകയായിരുന്ന അന്നു് അവിടെ പതിവു്. ഏതൻസിൽനിന്നു കച്ചവടത്തിനു പോയിട്ടുള്ള കപ്പലുകൾ, തിരിച്ചെത്തിയതിനുശേഷമേ വധശിക്ഷ നടത്താവൂ എന്നായിരുന്ന നാട്ടുനടപ്പു്. തന്മൂലം, സോക്രട്ടീസ് കാരാഗൃഹത്തിൽ ഒരു മാസത്തോളം താമസിക്കേണ്ടിവന്നു.

ആ കാലമത്രയും സോക്രട്ടീസ് പ്രസന്നവദനനായി കാണപ്പെട്ടു. ശിഷ്യഗണങ്ങൾ അനുദിനം അദ്ദേഹത്തെ സന്ദർശിക്കയും ആ മഹാന്റെ തത്ത്വോപദേശങ്ങൾ ശ്രവിക്കയും ചെയ്തുവന്നു. പ്രധാന ശിഷ്യനായ പ്ലേറോ സദാസമയത്തും ഗുരുവിന്റെ സമീപം ഉണ്ടായിരുന്നുവെന്നു തന്നെ പറയാം.

ഏതൻസിലെ കച്ചവടക്കപ്പലുകൾ തിരിച്ചെത്തിയതോടെ, സോക്രട്ടീസിന്റെ അന്ത്യസമയവും ആസന്നമായി. അസാധാരണമായ പ്രസന്നതയും ശാന്തിയുമാണു് അന്നു ശിഷ്യന്മാർ ഗുരുവിൽ കണ്ടതു്. സായാഹ്നമായപ്പോൾ, ജയിലധികാരി വിഷപാത്രവുമായി വന്നുചേർന്നു. തന്നത്താൻ വിഷംവാങ്ങികുടിക്കണമെന്നാണു നിയമം. കരഞ്ഞുകൊണ്ടു നിന്ന ജയിലധികാരിയോടു സുസ്മേരവദനനായി അദ്ദേഹം വിഷം വാങ്ങികുടിച്ചു് മുറിയിൽ അങ്ങുമിങ്ങും നടന്നു. വിഷം ശരീരത്തിലാകെ വ്യാപിച്ചതോടെ അദ്ദേഹം കിടന്നു. സ്നേഹിതനായ ക്രിറ്റോ അടുത്തുണ്ടാ

യിരുന്നു. "ക്രിറ്റോ, അസിലി പിയസിനു ഞാൻ ഒരു കോഴി കൊടുക്കുവാനുണ്ട്. അതു കടം കൊടുത്തു തീർത്തേക്കാമോ?" "കൊടുത്തേക്കാം, മറ്റുവല്ലതുമുണ്ടോ?" എന്നു ക്രിറ്റോ വീണ്ടും ചോദിച്ചു. മറുപടിയില്ല. നിത്യസുഷുപ്തിയിൽ അദ്ദേഹം എത്തിച്ചേർന്നു കഴിഞ്ഞു.

സോക്രട്ടീസ് പുസ്തകങ്ങളൊന്നും എഴുതിയിട്ടില്ല. പ്ലേറ്റോ എന്ന പ്രധാന ശിഷ്യൻ സദ്ഗുരുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ തത്വചിന്തകളെക്കുറിച്ചും എഴുതിയിട്ടുള്ള ഗ്രന്ഥത്തിൽ നിന്നുമാണ് സോക്രട്ടീസിനെക്കുറിച്ചു നാം അറിയുന്നതു്.

മഹാനായ അലക്സാണ്ടർ

ഇന്ത്യയിലെ ഫലസമൃദ്ധിയും ധനസമൃദ്ധിയും ഒട്ടുവളരെ വിദേശിയരെ ആകർഷിക്കയുണ്ടായിട്ടുണ്ടു്. ഇവിടെനിന്നു വടക്കുപടിഞ്ഞാറു മാറിക്കിടക്കുന്ന പേർഷ്യാരാജ്യം ആക്രമിച്ച വിദേശിയരിൽ പലരും ഇന്ത്യയേയും ആക്രമിക്കയുണ്ടായി. പേർഷ്യാക്കാർ ക്രിസ്തുവിനു മുന്നൂറുകൊല്ലങ്ങൾക്കുമുമ്പു്, ഇന്ത്യയെ ആക്രമിച്ചു. അതിനുശേഷം ഗ്രീക്കുകാർ പേർഷ്യയെ ആക്രമിച്ചപ്പോൾ ഇന്ത്യയേയും ആക്രമിക്കയുണ്ടായി. ഗ്രീക്കുകാരുടെ രാജാവും നായകനുമായ അലക്സാണ്ടറുടെ നേതൃത്വത്തിലാണ് ഇന്ത്യയെ ആക്രമിച്ചതു്.

മാസിഡോണിയായിലെ രാജാവും സേനാനായകനുമായ അലക്സാണ്ടർ പേർഷ്യയെ ക്രി.മു. 334-ൽ ആക്രമിക്കയുണ്ടായി. അന്നറിയപ്പെട്ടിരുന്ന സേനാനായകന്മാരിൽ രണവീരനും പരാക്രമശാലിയും ആയിരുന്ന അലക്സാണ്ടർ. ലോകം മുഴുവനും തന്റെ അധീനതയിൽ ആക്കിത്തീർക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി അദ്ദേഹം ദിഗ്വിജയത്തിനു പുറപ്പെട്ടു.

അക്കാലത്തു് ഇന്ത്യയിൽ അനവധി ചെറുരാജ്യങ്ങളുണ്ടായിരുന്നു. അവിടത്തെ രാജാക്കന്മാർ അന്യോന്യം ശത്രുതയിൽ കഴിഞ്ഞുകൂടിയിരുന്നതിനാൽ വിദേശികൾക്കു രാജ്യം കൈവശപ്പെടുത്തുന്നതിനു പ്രയാസമുണ്ടായില്ല.

ക്രി. മു. 326-ൽ സിന്ധുനദികടന്നു് അലക്സാണ്ടർ തക്ഷശില എന്ന പ്രദേശത്തു് എത്തി. അവിടത്തെ രാജാവായ അംബി, അലക്സാണ്ടർക്കു കീഴടങ്ങി. അവിടെനിന്നും ജലം നദി കടന്നു പൊരവന്റെ രാജ്യം ആക്രമിക്കണമെന്നായിരുന്നു അലക്സാണ്ടറുടെ ആഗ്രഹം. പക്ഷെ ജലം നദിയിൽ വെള്ളപ്പൊക്കമുണ്ടായിരുന്നതിനാൽ, പെട്ടെന്നു കടക്കുവാൻ സാധിച്ചില്ല. ഭയങ്കരമായ വെള്ളപ്പൊക്കം അലക്സാണ്ടർക്കു രാജ്യാക്രമണത്തിനു പ്രതിബന്ധമായിരുന്നില്ല. കൊടുങ്കാറ്റും മഴയുമുള്ള ഒരു രാത്രിയിൽ, അലക്സാണ്ടർ തന്റെ സൈന്യത്തെ നയിച്ചുകൊണ്ടു് നദിയുടെ മറ്റൊരു ഭാഗത്തുകൂടി മറുകര കടക്കുകയും, പ്രഭാ

തമായപ്പോൾ പൌരവന്റെ സൈന്യത്തെ ആക്രമിക്കയും ചെയ്തു. ഗജവീരന്മാർ അണിതെറ്റി പൌരവന്റെ സൈന്യത്തിനു വലിയ നാശമുണ്ടാക്കിത്തീർത്തു. പരാജിതനായ പൌരവൻ അലക്സാണ്ടറുടെ മുമ്പിൽ രാജോചിതമായ പൌരുഷം കാണിച്ചതിനാൽ, അലക്സാണ്ടർ അദ്ദേഹത്തിനു മാപ്പു നൽകുകയും രാജ്യംതിരിച്ചു കൊടുക്കുകയും ചെയ്തു. അടുത്തതായി ചിനാബ് നദി കടന്നു്, പൌരവൻ രണ്ടാമന്റെരാജ്യം ആക്രമിച്ചു. അലക്സാണ്ടറുടെ ആഗമനത്തെക്കുറിച്ചു കേട്ടപ്പോൾ തന്നെ, അദ്ദേഹം രാജ്യംവിട്ടോടി. അദ്ദേഹത്തെ പിന്തുടന്നു മഗധയെ ആക്രമിക്കണമെന്നു് അലക്സാണ്ടർക്കു ഉദ്ദേശമുണ്ടായിരുന്നുവെങ്കിലും, സൈന്യം വിസമ്മതിക്കയാൽ തിരിച്ചുപോകേണ്ടിവന്നു. സ്വദേശത്തേക്കു പോകുംവഴി, ബാബിലോൺ എന്ന സ്ഥലത്തുവെച്ചു അദ്ദേഹം തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു.

ജോൻ ഓഫ് ആർക്കു്.

ലോകപ്രശസ്തി നേടി, പത്തൊൻപതാം വയസ്സിൽ വീരസ്വർഗ്ഗം പ്രാപിച്ച ഒരു വീരവനിതയാണു ജോൻ ഓഫ് ആർക്കു്. ഇന്ത്യയിലെ ജാൻസി റാണിയേയും ചാന്ദുബീബിയേയും അതിശയിക്കുന്ന കഥയാണു് ആ മഹതിയുടേതു്.

ജോൻ ഓഫ് ആർക്കു് 1412—ൽ ഫ്രാൻസി

ലെ ഡോംറമി എന്ന ഗ്രാമത്തിൽ ജനിച്ചു. ഒരു കൃഷീവലന്റെ പുത്രിയാണിവർ. ചെറുപ്പത്തിൽ ആടുകളെ മേയ്ക്കുകയായിരുന്നു ജോലി. അത്യദ്ധ്വാനം ചെയ്ത് നിത്യവൃത്തി കഴിച്ചുവന്ന മാതാപിതാക്കളെ ഈ ബാലിക ഗൃഹജോലികളിൽ സഹായിച്ചുവന്നു.

അക്കാലത്തു് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നു. ഒരു ശതാബ്ദക്കാലം നീണ്ടുനിന്ന ഈ സമരം ഫ്രാൻസിലെ ജനങ്ങളെ അത്യധികം പീഡിപ്പിച്ചു. അശക്തനായ രാജാവും ഭീരുക്കളായ യോദ്ധാക്കളും ഫ്രാൻസിനു് പരാജയം വരുത്തിവച്ചു. സ്വദേശാഭിമാനം നിറഞ്ഞ ജോൻ ആഫ് ആക്കിന്റെ ഹൃദയം സ്വജനങ്ങളുടെ പരാജയം കണ്ടു് നീറിക്കൊണ്ടിരുന്നു. മാതൃരാജ്യത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കണമെന്നായിരുന്നു, ആ മഹതിയുടെ ആശ.

ഒരു ദിവസം അവർക്കു ദിവ്യമായ ഒരു ദർശനം ഉണ്ടായി. ഫ്രാൻസിനെ ശത്രുക്കളിൽ നിന്നു രക്ഷിക്കുവാൻ തന്നെ നിയുക്തയാക്കിയിരിക്കുന്നുവെന്ന ഉൽബോധനം അവക്കു ലഭിച്ചു. ആദ്യമാദ്യം അവർക്കുതന്നെ ആത്മവിശ്വാസമുണ്ടായില്ല. കുതിരപ്പുറത്തു കയറി സൈന്യത്തെ നയിക്കുവാനും ശത്രുക്കളോടു് പടപൊരുതുവാനും ഗ്രാമീണയായ ആ കന്യകക്കു് എങ്ങിനെ കഴിയും? സൈന്യത്തെ നയിക്കുവാൻ വീണ്ടും വീണ്ടും അവർക്കു് ഉൽബോധനമുണ്ടായിക്കൊണ്ടിരുന്നു. ഇപ്രകാരം തുടരെത്തു

ടരെയുണ്ടായ പ്രേരണനിമിത്തം അവൾ ഫ്രാൻസി
ലെ രാജാവിനെ കാണുവാൻതന്നെ തീരുമാനിച്ചു.

പട്ടാളഉദ്യോഗസ്ഥന്മാരും ഗവർണ്ണർമാരും ഈ
ഗ്രാമീണകന്യകയുടെ വാക്കുകൾ ആദ്യം ചെവിക്കൊ
ണ്ടില്ല. പിന്നീട് പല പരീക്ഷണങ്ങളും നടത്തിയ
പ്പോൾ, ജോൻ കേവലമൊരു സ്ത്രീയല്ലെന്നും, ദിവ്യമാ
യ ഏതോ ശക്തി അവൾക്കുണ്ടെന്നും ഫ്രാൻസിലെ
രാജാവിനും ഉദ്യോഗസ്ഥന്മാർക്കും മനസ്സിലായി.
ജോൻ സേനാനായികയായി നിയമിക്കപ്പെട്ടു.

ഓർലിയൻസ് നഗരം ഇംഗ്ലീഷുകാർ അവരോ
ധിച്ചിരിക്കുകയായിരുന്നു. ഫ്രഞ്ചുകാർ, നഗരത്തിന
കത്തു് നരകയാതന അനുഭവിച്ചുവന്നു. ഓർലിയൻ
സ് നഗരം ഏതുവിധമെങ്കിലും ഇംഗ്ലീഷുകാരിൽനി
ന്നു വീണ്ടെടുക്കണമെന്നായിരുന്നു ജോനിന്റെ നിശ്ച
യം. ഒരു വെള്ളക്കുതിരയുടെ പുറത്തുകയറി പതാക
ഒരു കൈയിലും വാൾ മറെറാരു കയ്യിലുമായി അവർ
സൈന്യത്തെ നയിച്ചു. യാത്രാമദ്ധ്യേ ഫ്രഞ്ചുജനത
ആഹ്ലാദപ്രകടനങ്ങൾകൊണ്ടും ആശീർവ്വാദങ്ങൾ
കൊണ്ടും സൈന്യത്തിനു ചുറുക്കും ചുറുചുറുപ്പും
നൽകി.

കിടങ്ങും കോട്ടയും ഭേദിച്ചു് അകത്തുകടക്കണമെ
ന്നായിരുന്നു അവരുടെ നിശ്ചയം. യുദ്ധത്തിൽ പ
രിചയവും പക്വതയുമുള്ള നായകന്മാരുടെ വാക്കുകളെ
അവഗണിച്ചുകൊണ്ടു് കോട്ടമതിലുകളിൽ നായിക
യുടെ ആജ്ഞാനുസരണം പട്ടാളക്കാർ അള്ളിക്കയറി.

പട്ടാളക്കാർക്ക് നൈരാശ്യമുണ്ടാകുന്ന അവസരങ്ങളിലെല്ലാം "മുന്നോട്ടുപോകുക. എന്നെ തുടരുക" എന്നു് ജോൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. പടയാളികൾക്കു ആ ശബ്ദം നവോന്മേഷം നൽകി. പെടിയുണ്ടകൾ ചൂളമിട്ടു പാഞ്ഞുവന്നിട്ടും, ശരങ്ങൾ പെരുമഴപോലെ വർഷിച്ചുകൊണ്ടിരുന്നിട്ടും സൈന്യം നായികയെ അനുഗമിച്ചുകൊണ്ടു മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നു. ഇംഗ്ലീഷുകാർകോട്ടയ്ക്കകത്തുനിന്നുകൊണ്ടു അവരെ പിന്തിരിക്കുവാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളൂ. ചുരുക്കത്തിൽ, ഏഴുമാസം അവരോധിച്ചു കൈവശം വച്ചുകൊണ്ടിരുന്ന പട്ടണം ഒരാഴ്ചക്കാലംകൊണ്ടു ജോൻ കൈവശപ്പെടുത്തി. ഓർലിയൻസ് പട്ടണം സ്വതന്ത്രയായി. അന്നുമുതൽ ഓർലിയൻസിലെ കന്യക എന്ന അപരനാമത്താലും കഥാനായിക അറിയപ്പെടുന്നു.

ഇംഗ്ലീഷുകാരുടെ കൈവശമിരുന്ന കോട്ടകൊത്തളങ്ങളും സ്ഥലങ്ങളും ഒന്നിനുപുറകേ മറെറാന്നായി ഫ്രഞ്ചുകാർ കൈവശപ്പെടുത്തി. ചാറൽസ് രാജാവിനെ ഫ്രാൻസിലെ രാജാവായി വാഴിച്ചശേഷം, ജോൻ തൻെറ ഗ്രാമത്തിലേയ്ക്കു തിരിച്ചുപോകുവാൻ ആശിച്ചു. എങ്കിലും ഫ്രഞ്ചുജനതയെ പൂർണ്ണമായി പാരതന്ത്ര്യത്തിൽനിന്നു മോചിപ്പിക്കണമെന്നുള്ള ആഗ്രഹം അവരെ വീണ്ടും രണാങ്കണത്തിലേക്കിറക്കിവിട്ടു.

ഇംഗ്ലീഷുകാരെ നിശ്ശേഷം ഫ്രാൻസ് രാജ്യത്തുനി

ന്നംതുരത്തണമെന്നായിരുന്നഅവരുടെദൃഢനിശ്ചയം. ഇംഗ്ലീഷുകാർ കൈവശപ്പെടുത്തിയ ഓരോ സ്ഥലവും അവർ കൈവശപ്പെടുത്തിക്കൊണ്ടിരുന്നു. അവസാനം ഒരു യുദ്ധംനടന്നുകൊണ്ടിരുന്നപ്പോൾ എങ്ങനെയോ, ജോൻ വധിക്കപ്പെട്ട എന്നൊരു വാർത്ത സൈന്യത്തിന്റെ ഇടയിൽ പരന്നു. അവർ നിരാശരായി പടക്കളത്തിൽനിന്നു് ഓടിക്കളഞ്ഞു. ജോനും ഏതാനും അനുയായികളുംമാത്രം അവശേഷിക്കുകയും അവരെ ഇംഗ്ലീഷുകാർ ബന്ധനസ്ഥരാക്കുകയും ചെയ്തു.

ജോൻ ഓഫ് ആർക്കിനെ ഒരു പ്രത്യേക കോടതിയിൽ വിസ്തരിക്കുവാനാണു തീർച്ചയാക്കിയതു്. തങ്ങളെ പരാജിതരാക്കിയതുമൂലം ഇംഗ്ലീഷുകാർക്കു് അവരോടു ക്രുദ്ധത്തൽ വൈരം ഉണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഏഴുമാസത്തോളം ജയിലിൽ ഇട്ടടച്ചതിനുശേഷം വിസ്താരംനടന്നു. മന്ത്രവാദവും അഭിചാരപ്രയോഗവും മൂലമാണു് ജോൻ വിജയം കരസ്ഥമാക്കിയതെന്നായിരുന്നു ആരോപണം. ജോനിന്റെ നിരപരാധിത്വം തെളിയിക്കുവാനുള്ള ശ്രമങ്ങളെല്ലാം വിഫലമായി. അവസാനം അവരെ ജീവനോടെ, തീകത്തിച്ചു ദഹിപ്പിക്കുകയാണുണ്ടായതു്.

തന്റെ രാജ്യത്തെ, ശത്രുക്കളിൽനിന്നും വീണ്ടെടുത്ത ഈ വീരവനിതയുടെ അന്ത്യം പരിതാപകരമായിരുന്നു. എങ്കിലും അവരുടെ നിരപരാധിത്വം പിൽക്കാലത്തു വെളിപ്പെടുകയുണ്ടായി. ഇന്നു് അവർ ഒരു പുണ്യവതിയായി കരുതപ്പെടുന്നു.

ജോഹാൻ ഗട്ടൻബർഗ്ഗ്.

പുരാതനകാലത്തു് അച്ചടിവിദ്യ നടപ്പുണ്ടായിരുന്നില്ല. ഗ്രന്ഥങ്ങളെല്ലാം കൈയ്യെഴുത്തു പ്രതികളായിരുന്നു. സ്വന്തമായി ഗ്രന്ഥങ്ങൾ വേണമെന്നാഗ്രഹിച്ചിരുന്നവർ, മൂലഗ്രന്ഥത്തിൽനിന്നും എഴുതി എടുത്തു സൂക്ഷിക്കയായിരുന്നു പതിവു്. കേരളത്തിൽ, പണ്ടു് പ്രസിദ്ധ കുടുംബങ്ങളോടുചേർന്നു ഗ്രന്ഥപ്പുരകൾ ഉണ്ടായിരുന്നു. അതിൽ താളിയോല ഗ്രന്ഥങ്ങൾ ഭദ്രമായി സൂക്ഷിക്കപ്പെട്ടുവന്നു. അത്തരം പല അപൂർവ്വ ഗ്രന്ഥങ്ങളും ഇപ്പോൾ ഗവണ്മെൻറിൽനിന്നും ശേഖരിച്ചു് സൂക്ഷിച്ചിട്ടുണ്ടു്.

അച്ചടി ഇല്ലാത്ത കാലത്തു്, ഒരു ഗ്രന്ഥത്തിൻറെ പല പ്രതികൾ എടുക്കുന്നതു് എത്ര വിഷമമാണെന്നു് ആലോചിക്കുക. അച്ചടിയന്ത്രങ്ങൾ കണ്ടുപിടിച്ചതുകൊണ്ടാണു് നിങ്ങളുടെ പാഠപുസ്തകങ്ങൾ വളരെ കുറഞ്ഞവിലയ്ക്കു നിങ്ങൾക്കു ലഭിക്കുന്നതു്. അച്ചടിയന്ത്രം ആദ്യമായി കണ്ടുപിടിച്ച മഹാനാണു് ജോഹാൻ ഗട്ടൻബർഗ്ഗ്.

ഗട്ടൻബർഗ്ഗ് ജർമ്മനിയിൽ മേൻസ്സു് എന്ന സ്ഥലത്തു ജനിച്ചുവളർന്നു. ചെറുപ്പത്തിൽതന്നെ യന്ത്രവിദ്യയിൽ തല്പരനായിരുന്നു. എന്നാൽ അതിൽ വേണ്ട പരീക്ഷണങ്ങൾ നടത്തുന്നതിനു് ആവശ്യമായ സാമ്പത്തിക സ്ഥിതി അദ്ദേഹത്തിനുണ്ടായിരുന്നില്ല. ജോഹാൻ ഫാസ്റ്റ് എന്ന ഒരു ധനികൻ, ഗട്ടൻ

ബർഗ്ഗുമായി പരിചയപ്പെട്ടന്നതിനിടയായി. അദ്ദേഹം ഗട്ടൻബർഗ്ഗിനു് പരീക്ഷണങ്ങളും നടത്തുവാൻ വേണ്ട ധനസഹായം ചെയ്തുകൊടുത്തു. കുറേനാളത്തെ അക്ഷീണപരിശ്രമത്തിന്റെ ഫലമായി, അദ്ദേഹം ജംഗമങ്ങളായ അച്ചടിയക്ഷരങ്ങളും കണ്ടുപിടിച്ചു. ഇതു വിജ്ഞാനവിതരണത്തിനിടയാക്കിയ ഏറ്റവും വലിയ ഒരു കണ്ടുപിടുത്തമായിരുന്നു.

1454–ൽ ബർഗ് പ്രഥമമായി ഒരു കല്പന അച്ചടിച്ചു. അതിന്റെ പേർ "നിക്കൊളാസ് അഞ്ചാമന്റെ കല്പന" എന്നായിരുന്നു. അതിൽ 31 വരി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

1456–ൽ വേദപുസ്തകം ആദ്യമായി ഗട്ടൻബർഗിന്റെ അച്ചടിശാലയിൽ മുദ്രണംചെയ്തു. ഇതിനു ഗട്ടൻബർഗ് വേദപുസ്തകം, അഥവാ, മസാറിൻ വേദപുസ്തകം എന്നു് പറഞ്ഞുവരുന്നു. മസാറിൻ ഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ടിരുന്നതുകൊണ്ടാണു് മസാറിൻ വേദപുസ്തകമെന്നു പേർ ലഭിച്ചതു്.

1468–ൽ ഗട്ടൻബർഗ് അന്തരിച്ചു. അതിനു ശേഷം ഇറ്റലിയിലും ഇംഗ്ലണ്ടിലും അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങി. ഇംഗ്ലണ്ടിൽ ആദ്യം അച്ചടിയന്ത്രം സ്ഥാപിച്ചതു് വില്യം കാക്സ്റ്റൺ എന്ന മഹാനാണു്.

ഇന്നു ലോകത്തിന്റെ എല്ലാഭാഗത്തും അച്ചടിയന്ത്രങ്ങൾ ഉണ്ടു്. വിജ്ഞാനവിതരണത്തിനു് അച്ചടിയന്ത്രം എത്രത്തോളം ഉപകരിക്കുന്നുവെന്നു നിങ്ങൾ

ക്കു് ഊഹിക്കാവുന്നതാണല്ലോ. ലക്ഷക്കണക്കിനുള്ള ഗ്രന്ഥങ്ങളും ലോകത്തുള്ള വിവിധ ഭാഷകളിൽ ഇന്നു നിമിഷംപ്രതി അച്ചടിച്ചു് പുറത്തുവന്നുകൊണ്ടിരിക്കുന്നു. ലോകത്തു്, സംസ്ക്കാരം വളർത്തും പ്രചരിപ്പിച്ചും കൊണ്ടിരിക്കുന്നതു് അച്ചടിശാലകളുടെ പ്രചാരംകൊണ്ടാണെന്നു പറയാം.

ക്രിസ്റ്റഫർ കൊളംബസ്സു്.

1451—ൽ ക്രിസ്റ്റഫർ കൊളംബസ്സു് ജനീവയിൽ ജനിച്ചു. പിതാവു് ഒരു തൊഴിലാളിയായിരുന്നു. പതിന്നാലുവയസ്സുവരെ അവിടെയുള്ള ഒരു വിദ്യാലയത്തിൽ വിദ്യാഭ്യാസംചെയ്തു. പഠിക്കുമ്പോൾതന്നെ ഒരു കപ്പലോട്ടക്കാരനാകുവാനായിരുന്നു കൊളംബസ്സിന്റെ അതിയായ മോഹം. ഏതാനുംകാലം കപ്പലിൽ ഒരു ജോലി സ്വീകരിച്ചു പലസ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കുകയുണ്ടായി. ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ പോർട്ടുഗൽ രാജ്യത്തു് ലിസ്ബൺ എന്ന നഗരത്തിൽ അദ്ദേഹം താമസമുറപ്പിച്ചു. ഭൂപടം വരയ്ക്കുകയായിരുന്നു അന്നത്തെ അദ്ദേഹത്തിന്റെ ജോലി.

നോക്കെത്താത്തെ പരന്നുകിടക്കുന്ന അത്ലാന്തികസമുദ്രത്തിന്റെ അങ്ങേയറ്റത്തു് എന്തായിരിക്കുമെന്നു് ഒരു ജിജ്ഞാസാ കൊളംബസ്സിനെ സദാ അലട്ടിക്കൊണ്ടിരുന്നു. ഭൂമി ഉരുണ്ടതാണെന്നും

നേരേ പടിഞ്ഞാറോട്ടുപോയാൽ ഇന്ത്യയിൽ ചെന്നെത്താമെന്നും അദ്ദേഹം ധരിച്ചിരുന്നു. പക്ഷേ, നിത്യാവശ്യങ്ങൾക്കു പണമുണ്ടാക്കുവാൻപോലും വിഷമിച്ചുകൊണ്ടിരുന്ന കൊളംബസ്സ് എങ്ങനെയാണ് ദൂരമായ യാത്രയ്ക്കു കപ്പലും പണവും ഉണ്ടാക്കുക!

അന്നത്തെ പോർട്ടുഗൽരാജാവായിരുന്ന ജോൺ ദ്വിതീയനെ കൊളംബസ്സ് സമീപിച്ചു. വമ്പിച്ച തോതിലുള്ള ഈ യാത്രയ്ക്കു വേണ്ടത്ര കപ്പലും പണവും നൽകുവാൻ അദ്ദേഹം സന്നദ്ധനായില്ല.

പിന്നീട് അദ്ദേഹം സ്പെയിൻ രാജാവിനെ സമീപിച്ചു. കൊളംബസ്സിന്റെ വിവരണങ്ങളും, വിശദീകരണങ്ങളും രാജാവു കേട്ടപ്പോൾ, സഹായിക്കുവാനുള്ള സന്മനോഭാവം ഉണ്ടായെങ്കിലും പല യുദ്ധങ്ങളിലും ഏർപ്പെട്ടിരുന്ന അദ്ദേഹത്തിനു പണം നൽകി സഹായിക്കുവാൻ സാധിക്കാതെവന്നു. കൊളംബസ്സ് നിരാശനായി തിരിച്ചുവന്നു് ആദ്യത്തെ ജോലി തുടർന്നു.

സ്പെയിൻരാജാവു് കൊളംബസ്സിനെക്കുറിച്ചും അദ്ദേഹത്തിന്റെ പരിപാടികളെക്കുറിച്ചും തീരെ വിസ്മരിച്ചില്ല. പോരെങ്കിൽ വിദേശത്തു ഒരു രാജ്യം കണ്ടുപിടിക്കുവാനിടവന്നെങ്കിൽ അതുകൊണ്ടുണ്ടായേക്കാവുന്ന രാജ്യാഭിവൃദ്ധിയും മുതലെടുപ്പും സ്പെയിൻ രാജാവിനെ വ്യാമോഹിപ്പിച്ചുകൊണ്ടിരുന്നു. കൊളംബസ്സിനെ അദ്ദേഹം വീണ്ടും വിളിച്ചുവരുത്തി സഹായവാഗ്ദാനം ചെയ്തു.

യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ നടന്നു. മൂന്നു കപ്പൽ തയ്യാറാക്കി. അപകടകരമായ യാത്രയ്ക്കു സന്നദ്ധരായ കപ്പലോട്ടക്കാരും ഉണ്ടായി. 1492 ആഗസ്റ്റ് 3–ാം തീയതി പാലോസ് എന്ന തുറമുഖത്തുനിന്നും അവർ പുറപ്പെട്ടു. ഇന്നത്തേപ്പോലുള്ള ആവിക്കപ്പലുകളല്ലായിരുന്നു അവരുടേത്.

ആ കപ്പലുകളിൽ ഏറ്റവും വലുതിനു 90 അടി നീളവും നൂറടൻ കേവു ഭാരവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏതു രാജ്യത്തേക്കു പോകുന്നുവെന്നോ, എപ്പോഴാണു തിരിച്ചുവരാൻ സാധിക്കുന്നതെന്നോ ആർക്കും ഒരു നിശ്ചയവും ഉണ്ടായിരുന്നില്ല. എങ്കിലും ഏതെങ്കിലും ഒരു കരയിൽ എത്തിച്ചേരുവാൻ കഴിയുമെന്നു കൊളംബസ്സിനു ധൈര്യമുണ്ടായിരുന്നു. യാത്രയാരംഭിച്ചു് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ കപ്പലോട്ടക്കാരിൽ ചിലർക്കു ആശ നശിച്ചുതുടങ്ങി. കൊളംബസ്സ് അവരെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. തുടർച്ചയായി കടലല്ലാതെ കരയൊന്നും കാണാതെ, എങ്ങോട്ടെന്നറിയാതെ യാത്രചെയ്യുകൊണ്ടിരുന്നവർക്കു് ഭയവും നിരാശയും ഉണ്ടാകുന്നതിൽ അത്ഭുതമില്ലല്ലോ.

ഒരു ദിവസം രാത്രി ദൂരത്തു് അവർ വെളിച്ചം കാണുകയുണ്ടായി. ഏതോ ഒരു കരയിൽ മനുഷ്യവാസമുള്ളിടത്തു നിന്നല്ലാതെ ആ വെളിച്ചം ഉണ്ടാകയില്ലെന്നു് അവരൂഹിച്ചു. പിറ്റേന്നു രാവിലെ അവർ കരകണ്ടു നക്കുരമിട്ടു. ആനന്ദംകൊണ്ടു അവർ കൂതി

ച്ചു ചാടി. സന്തോഷപ്രകടനങ്ങൾക്കിടയിൽ അവർ ഈശ്വരസ്തോത്രം മുഴക്കി.

അമേരിക്കയുടെ കിഴക്കേ തീരത്തുള്ള ഭാമാദ്വീപുകളിലൊന്നിലാണവരിറങ്ങിയതു്. സ്പെയിൻ രാജ്യത്തെ കൊടി അവിടെ നാട്ടിക്കൊണ്ടു വീണ്ടും ആ ദ്വീപസമൂഹങ്ങളിൽ ചിലതു കണ്ടുപിടിച്ചു. ഇൻഡ്യയുടെ ഒരു ഭാഗമാണതെന്നായിരുന്നു അവരുടെ അന്നത്തെ വിശ്വാസം.

കൂടെയുണ്ടായിരുന്നവരിൽ ഏതാനും പേരെ അവിടെത്തന്നെ താമസിപ്പിച്ചശേഷം, കൊളംബസ്സ് സ്പെയിനിലേക്കു തിരിച്ചു. പുതിയ ഒരു രാജ്യം കണ്ടുപിടിച്ചു എന്നുള്ളതിനു ലക്ഷ്യമായി അവിടത്തെ ആദിമനിവാസികളിൽ കുറെപ്പേരെ കപ്പലിൽ കയറ്റിക്കൊണ്ടുപോരികയുണ്ടായി. 1493 മാർച്ചു് 15–ാംതീയതി "പാലോസ്" തുറമുഖത്തു് കൊളംബസ്സ് വീണ്ടും നങ്കൂരമിട്ടു. രാജോചിതമായ ഒരു സ്വീകരണമാണു കൊളംബസ്സിനു ലഭിച്ചതു്. രാജാവും രാജ്ഞിയും പ്രഭുക്കന്മാരും പൗരപ്രമാണികളും ഒന്നിച്ചുകൂടി അദ്ദേഹത്തെ സ്വീകരിച്ചു.

വീണ്ടും കൊളംബസ്സ് പല പ്രാവശ്യം താൻ കണ്ടുപിടിച്ച രാജ്യത്തേക്കു പോകുകയും മറ്റു പല പ്രദേശങ്ങളും കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ടു്.

പ്രയത്നശീലവും നിരന്തരമായ പരിശ്രമവുമാണു ജീവിത വിജയത്തിനു കാരണമെന്നും, പരാജയങ്ങളെ വകവയ്ക്കാതെ മുന്നോട്ടു പൊയ്ക്കൊണ്ടിരു

ന്നാൽ അവസാനം വിജയം കരസ്ഥമാകുമെന്നും കൊളംബസ്സിന്റെ ജീവചരിത്രം തെളിയിക്കുന്നു.

ജോർജ്ജ് സ്റ്റീഫൻസൺ.

തീവണ്ടി കണ്ടുപിടിച്ച ജോർജ്ജ് സ്റ്റീഫൻസൺ എന്ന മഹാൻ 1871 ജൂൺ 9–ാംനു- ഇംഗ്ലണ്ടിൽ വടക്കുകിഴക്കേ ഭാഗത്തു ജാതനായി. പിതാവായ റാബർട്ടസ്റ്റീഫൻസൺ വളരെ അദ്ധ്വാനിച്ചു കുടുംബം പുലർത്തിവന്നു. ആറു കുട്ടികളുള്ള ആ കുടുംബത്തിൽ രണ്ടാമത്തെയാളായിരുന്നു സ്റ്റീഫൻസൺ. ദാരിദ്ര്യത്തിന്റെ ക്രൂരതൽകൊണ്ടു് കുട്ടികൾക്കൊന്നും വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള സൌകര്യം ലഭിച്ചില്ല.

ചെറുപ്പത്തിൽതന്നെ കുടുംബകാര്യങ്ങൾ നോക്കുന്നതിൽ സ്റ്റീഫൻസൺ ശ്രദ്ധപതിച്ചിരുന്നു. ഇളയ കുട്ടികളെ നോക്കുന്നതും, പിതാവിനു് ഉച്ചഭക്ഷണം കൊണ്ടുപോയി കൊടുക്കുന്നതും ഈ ബാലനായിരുന്നു. പക്ഷിമൃഗാദികളോടുള്ള ആദ്ദേഹത്തിന്റെ ചെറുപ്പകാലത്തെ സ്നേഹം ജീവിതകാലമത്രയും നിലനിന്നു. സമ്പന്നനും വിഖ്യാതനുമായിത്തീർന്ന കാലത്തു് അദ്ദേഹത്തിന്റെ പുരയിടത്തിൽ നിന്നു ഒരു പക്ഷിക്കൂടു് എടുക്കുവാൻ ഒരു കുട്ടി ശ്രമിച്ചു. കണ്ടുനിന്ന സ്റ്റീഫൻസൺ ആ കുട്ടിയെ അടുത്തു വിളിച്ചു പറഞ്ഞു:–"കുട്ടീ! പക്ഷിക്കൂടു് എടുത്തുക

ളയരുതു്. പക്ഷികൾക്കു് എന്തു സങ്കടമായിരിക്കും! വന്നുനോക്കിക്കൊള്ളുക. അതെടുത്തുകൊണ്ടുപോകരുതു്. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ അങ്ങനെ നോക്കുകമാത്രമേ ചെയ്തിട്ടുള്ളു."

ഒരിക്കൽ സ്റ്റീഫൻസണും സഹോദരിയുംകൂടി ചന്തയിൽ പോയി. സഹോദരിക്കു് ഒരുടുപ്പുവാങ്ങി. അല്പം തുക പോരാതെ വന്നപ്പോൾ, ചന്തയിൽ ഒരു മാന്യനു ചില്ലറജോലി ചെയ്യകൊടുത്തു. അതിനു കിട്ടിയ കൂലികൊണ്ടു സഹോദരിക്കു് ഉടൻ ഉടുപ്പുവാങ്ങിക്കൊടുത്തു തിരിച്ചുപോന്നു. ജോലിചെയ്തു ജീവിക്കുന്നതിൽ അഭിമാനക്കുറവുള്ളതായി അദ്ദേഹത്തിനു ഒരിക്കലും തോന്നിയിട്ടില്ല. എട്ടാമത്തെ വയസ്സിൽ, ദിവസം രണ്ടണ കൂലിനിരക്കിൽ ഒരു വിധവയുടെ പശുക്കളെ മേയിക്കുന്ന ജോലി സ്വീകരിച്ചു.

പതിന്നാലാമത്തെ വയസ്സിൽ, ദിവസം പന്ത്രണ്ടണ കൂലിക്കു, പിതാവിന്റെ കീഴിൽ ഒരു ജോലിയിൽ അദ്ദേഹം ഏർപ്പെട്ടു. കൽക്കരി ഖനികളുടേയും ചില്ലറയന്ത്രങ്ങളുടെയും മദ്ധ്യത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന സ്റ്റീഫൻസൺ, കൈയിൽകിട്ടുന്ന സാധനങ്ങൾകൊണ്ടു യന്ത്രങ്ങൾ നിർമ്മിക്കുന്ന ഭാവം കാണിച്ചു കാണികളെ വിനോദിപ്പിച്ചിരുന്നു.

പതിനേഴാമത്തെ വയസ്സിൽ, കൽക്കരിഖനിയിലെ വെള്ളം വറ്റിക്കുന്ന ഒരു യന്ത്രത്തിന്റെ മേൽനോട്ടം സ്റ്റീഫൻസൺ വഹിച്ചു. ആ യന്ത്രത്തി

ന്റെ എല്ലാ കേടുപാടുകളും നീക്കുന്നതിനു അദ്ദേഹത്തിനു കഴിയുമായിരുന്നു. ഇതിനിടയിൽ, അല്പം എഴുത്തും വായനയും ശീലിക്കുന്നതിലും ശ്രദ്ധപതിപ്പിച്ചിരുന്നു. ഒരു നിശാപാഠശാലയിൽ, പ്രായംകുറഞ്ഞ കുട്ടികളൊന്നിച്ചിരുന്നു പഠിക്കുന്നതിൽ സ്റ്റിഫൻസനിനു യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല.

അടുത്ത പ്രദേശങ്ങളിലുള്ള യന്ത്രങ്ങൾക്കു കേടു സംഭവിച്ചാൽ, സ്റ്റിഫൻസിനെ അന്വേഷിക്കുകപതിവായിത്തീർന്നു. 'ക്ലോക്കു ഡാക്ടർ' 'എൻജിൻ ഡാക്ടർ' എന്നെല്ലാം അദ്ദേഹം അയൽപ്രദേശത്തു അറിയപ്പെട്ടിരുന്നു.

കല്ക്കരിഖനികളിൽ, സാധാരണ വിളക്കുകൊണ്ടുപോയാൽ പെട്ടെന്നു അഗ്നിബാധയുണ്ടാകുകപതിവായിരുന്നു. പല അപകടങ്ങളും മരണങ്ങളും ഖനികളിൽ ഉണ്ടായിക്കൊണ്ടിരുന്നു. ഇപ്പ്രകാരമുള്ള അപകടത്തെ തടയുവാൻ ഒരുതരം വിളക്കു സ്റ്റിഫൻസൻ കണ്ടുപിടിച്ചു. ഇങ്ങനെ യന്ത്രങ്ങളോടും കൽക്കരിഖനികളോടും സദാ സമയം ഇടപഴകിക്കൊണ്ടിരുന്ന ആ മഹാൻ, ഓരോ ആവശ്യാനുസരണം പല യന്ത്രങ്ങളും കണ്ടുപിടിച്ചുകൊണ്ടേയിരുന്നു.

ആവിയുടെ ശക്തികൊണ്ടു് ഓടുന്ന വണ്ടികൾ ഉണ്ടാക്കുവാനായിരുന്നു. അദ്ദേഹത്തിന്റെ പിന്നത്തെ ശ്രമം. പടിപടിയായി, കണ്ടുപിടിത്തങ്ങൾ നടന്നുകൊണ്ടിരുന്നു. തീവണ്ടി കണ്ടുപിടിക്കുക, അതോടുവാൻതക്കവണ്ണം പാളങ്ങൾ ഉണ്ടാക്കുക മുതലായവ

യിൽ അദ്ദേഹം ബധിരശ്രദ്ധനായിക്കഴിഞ്ഞു. 1825 സെപ്തംബർ 27–ാംതീയതി, പാളത്തിൽക്കൂടി ഓടുന്ന ആദ്യത്തെ തീവണ്ടി ഉൽഘാടനം ചെയ്യപ്പെട്ടു. അതിൽ 450 പേർ യാത്രചെയ്തു. എട്ടേമുക്കാൽ മൈൽ ദൂരം അരപത്തിഅഞ്ചു മിനിട്ടുകൊണ്ടാണ് അതു് ഓടിയതു്. തുടർന്നു പരീക്ഷണങ്ങളും നടക്കുകയും, സുഖമായി കൂടുതൽ വേഗത്തിൽ യാത്രചെയ്യുന്നതിനു തീവണ്ടികളും അദ്ദേഹം നിർമ്മിക്കയും ചെയ്തു.

സ്ഥാനമാനാദികളും കൊണ്ടു ഇംഗ്ലണ്ടിലെ ജനങ്ങളും അദ്ദേഹത്തെ ബഹുമാനിച്ചു. സ്ഥിരോത്സാഹം വിജയത്തിൽതന്നെ കലാശിക്കുമെന്നു അദ്ദേഹത്തിന്റെ ജീവചരിത്രം പഠിപ്പിക്കുന്നു.

സ്റ്റിഫൻസൺ 67–ാമത്തെ വയസ്സിൽ നിര്യാതനായി.

അബ്രഹാം ലിങ്കൺ.

മനുഷ്യരെ, ആടുമാടുകളേപ്പോലെ വിറ്റുവന്ന സമ്പ്രദായം പണ്ടുകാലത്തു് പല രാജ്യങ്ങളിലും നടപ്പുണ്ടായിരുന്നു. അടിമക്കച്ചവടം എന്നാണിതിനു പേർ. അടിമകളെ ചങ്ങലകൊണ്ടു് ബന്ധിച്ചു്, നിർബന്ധിച്ചു ജോലി ചെയ്യിക്കുന്ന ഏർപ്പാടു് എത്രയോ നീചവും ഭയങ്കരവുമായിരുന്നു. മാതാപിതാക്കളിൽനിന്നു ബലമായി പിടിച്ചെടുത്തു്, കുട്ടികളേപ്പോലും ക്രയവിക്രയം ചെയ്തിരുന്നതു്, ഇക്കാലത്തു് നമുക്കു ചി

ന്തിക്കുവാൻപോലും വയ്യ. ഇപ്രകാരമുള്ള അടിമക്കച്ചവടം അമേരിക്കയിൽ നിർത്തലാക്കിയമഹാനാണ് അബ്രഹാം ലിങ്കൺ.

വടക്കേ അമേരിക്കയിലുള്ള കെൻറക്കി എന്ന ഗ്രാമത്തിൽ 1809 ഫെബ്രുവരി 12–ാംതീയതി കഥാനായകൻ ജനിച്ചു. ഇന്നത്തേപ്പോലെ വിദ്യാഭ്യാസത്തിനു അവിടെ സൗകര്യങ്ങളില്ലായിരുന്നു. ഏഴുവയസ്സായപ്പോൾ വീട്ടിനടുത്തുള്ള ഒരു കുടിപ്പള്ളിക്കൂടത്തിൽ ബാലൻ അക്ഷരാഭ്യാസം തുടങ്ങി. തുടർച്ചയായുള്ള വിദ്യാഭ്യാസസൗകര്യങ്ങൾ ഉണ്ടായില്ല. വല്ലപ്പോഴുമൊക്കെ വന്നും പോയും കൊണ്ടിരുന്ന ആശാന്മാരുടെ കീഴിൽ വിദ്യാഭ്യാസം തുടരുവാൻ എളുപ്പമല്ലല്ലോ. എങ്കിലും കിട്ടിയ സമയം വേണ്ടപോലെ അദ്ദേഹം ഉപയോഗപ്പെടുത്തി. പുസ്തകപാരായണത്തിൽ ചെറുപ്പത്തിലേതന്നെ ലിങ്കൺ അതീവതല്പരനായിരുന്നു.

ഒരിക്കൽ, ഒരു കോടതിയിൽ പോകുന്നതിനിടയായ ലിങ്കൺ, വക്കീലന്മാർ വാദപ്രതിവാദം നടത്തുന്നതു കണ്ടു. ലിങ്കണ് ഇതു വളരെ ഇഷ്ടപ്പെട്ടു. വളർന്നുവരുമ്പോൾ ഒരു വക്കീലായിത്തീരണമെന്നു് അദ്ദേഹം നിശ്ചയിച്ചു. അതിനുവേണ്ടി ആദ്യമായി ഒരു നല്ല പ്രാസംഗികനായിത്തീരണമെന്നു് തീരുമാനിച്ചു. അദ്ദേഹം കാട്ടിൽപോയി വൃക്ഷങ്ങളെ അഭിസംബോധനചെയ്തു പ്രസംഗിച്ചു പരിശീലിച്ചുവന്നു. ശ്രോതാക്കളെ ഇഷ്ടാനുസരണം നയിക്കുവാൻ കഴിയുമായിരുന്ന നല്ല ഒരു പ്രാസംഗികനായിത്തീരുകയുംചെയ്തു.

ഒരിക്കൽ ഒരു കച്ചവടക്കാരന്റെകൂടെ അബ്രഹാം ലിങ്കൺ അകലെയുള്ള ന്യൂഓർലിയൻസ് പട്ടണത്തിൽ പോകുന്നതിനിടയായി. അവിടെ, തോട്ടങ്ങളിൽ അടിമകളേക്കൊണ്ടു് അത്യദ്ധ്വാനം ചെയ്യിക്കുന്നതും അവരെ ക്രയവിക്രയം ചെയ്യുന്നതും കാണുവാൻ ഇടവന്നു. ലിങ്കന്റെ മനസ്സു് ഇതുകണ്ടപ്പോൾ അലിഞ്ഞുപോയി. സർവ്വശക്തികളും ഉപയോഗിച്ചു് ഈ സാധു അടിമകളെ സഹായിക്കുമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തിക്കഴിഞ്ഞു.

ഏതാനുംനാൾ കഴിഞ്ഞു് ലിങ്കൺ വീണ്ടും ന്യൂ ഓർലിയൻസിൽ പോകയുണ്ടായി. ഇത്തവണ അടിമസ്ത്രീകളെ അവരുടെ യജമാനന്മാർ ചമ്മട്ടികൊണ്ടു അടിക്കുന്നതുപോലും അദ്ദേഹം കണ്ടു. അടിമവ്യാപാരത്തോടുള്ള വെറുപ്പു് ഇങ്ങനെ വർദ്ധിച്ചുവന്നു. എങ്കിലും അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാനുള്ള കഴിവു് അന്നദ്ദേഹത്തിനില്ലായിരുന്നു.

1832-ൽ നിയമനിർമ്മാണസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയായിനിന്നു ലിങ്കൺ മത്സരിച്ചു. എങ്കിലും പരാജിതനായി. രണ്ടുകൊല്ലം കഴിഞ്ഞുണ്ടായ തെരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ചു. അതുവരെ, ഒരു കച്ചവടക്കാരനായിട്ടാണു കഴിഞ്ഞുകൂടിയതു്.

കച്ചവടത്തിൽ വേണ്ടത്ര അഭിവൃദ്ധി ഇല്ലായ്കയാൽ അതുപേക്ഷിച്ചു ഒരു അഭിഭാഷകനായി ലിങ്കൺ ജീവിതം തുടർന്നു. 1846-ൽ അമേരിക്കൻ ജനസഭയുടെ ഒരു പ്രതിനിധിയായി അദ്ദേഹം തെരഞ്ഞെടുക്ക

പ്പെട്ട. അന്നുമുതൽ, അടിമകളെ മോചിപ്പിക്കാനുള്ള മാർഗ്ഗം ആരായുകയായിരുന്നു. 1860–ൽ അദ്ദേഹം അമേരിക്കയിലെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട. അടിമവ്യാപാരം നിൎത്തലാക്കുന്നതിനുള്ള പരിപാടികൾ ഉടൻ തയാറാക്കിത്തുടങ്ങി.

ഐക്യസംസ്ഥാനത്തിൻെറ തെക്കുഭാഗത്തുള്ളവർ അടിമവ്യാപാരത്തിനു് അനുകൂലികളല്ലായിരുന്നതിനാൽ അവർ ലിങ്കനോടു് എതിൎത്തു് യുദ്ധപ്രഖ്യാപനം ചെയ്തു. വടക്കുഭാഗക്കാർ അടിമവ്യാപാരം നിൎത്തലാക്കുന്നതിനു് ലിങ്കൺെറ നേതൃത്വത്തിൽ അണിനിരന്നു. അങ്ങനെ ഐക്യനാട്ടിൽ അടിമക്കച്ചവടം നിൎത്തലാക്കുന്നതു സംബന്ധിച്ചു ആഭ്യന്തരകലഹം ഉളവായി.

ഈ യുദ്ധം മൂന്നുവർഷക്കാലം നീണ്ടുനിന്നു. തൻെറ സർവ്വ ശക്തികളും ഉപയോഗിച്ചു് ലിങ്കൺ ദക്ഷിണഭാഗക്കാരെ ചെറുത്തുനിന്നു. 1862 സെപ്തംബർ 22–ാം തീയതി ഐക്യനാട്ടിലുള്ള എല്ലാ അടിമകൾക്കും സ്വാതന്ത്ര്യം നല്കുന്നതായ പ്രഖ്യാപനം അദ്ദേഹം വിളംബരപ്പെടുത്തി. എങ്കിലും യുദ്ധം തുടൎന്നുകൊണ്ടേ ഇരുന്നു. 1865 ഏപ്രിൽ 9–ാം തീയതി ദക്ഷിണഭാഗക്കാർ കീഴടങ്ങി.

അന്നു തലസ്ഥാനമായ വാഷിംഗ്ടണിൽ വലിയ ഒരുത്സവമായിരുന്നു. ആഹ്ലാദചിഹ്നമായി അന്നു നടത്തപ്പെട്ട ഒരു നാടകം സന്ദർശിക്കുന്നതിനു് ലിങ്കണും ഭാൎയ്യയും സന്നിഹിതരായി. അല്പ സമയം കഴിഞ്ഞപ്പോൾ ഒരു ഘാതകൻ ഒളിച്ചുവന്നു

ലിങ്കനെ വെടിവച്ചു വീഴ്ത്തി. പ്രഭാതമായപ്പോഴേക്കും ആ മഹാൻ കാലധർമ്മം പ്രാപിക്കയുംചെയ്തു.

ഒരു കുടിലിൽ വളർന്നു നിരന്തരമായ പരിശ്രമവും അക്ഷീണയത്നവും മൂലം അമേരിക്കയിലെ ഏറ്റവും ഉയർന്ന സ്ഥാനത്തെത്തിയ മഹാനാണ് അബ്രഹാംലിങ്കൺ. മൃഗതുല്യരായി കരുതപ്പെട്ട അടിമകൾക്കു ശാശ്വതമായ മോചനം നൽകിയ അദ്ദേഹം ലോകചരിത്രത്തിൽ എന്നെന്നും സ്മരിക്കപ്പെടുന്നു.

മഹാത്മ ഗാന്ധി.

മോഹൻദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2—ാം തീയതി പോർബന്തർ എന്ന സ്ഥലത്തു ജാതനായി. ഗാന്ധിജിയുടെ അച്ഛൻ പോർബന്തറിൽ ദിവാനായിരുന്നു. വിദ്യാർത്ഥിജീവിതകാലത്തു് പഠനത്തിലും മറ്റും അസാമാന്യമായ മിടുക്കു പ്രദർശിപ്പിച്ചതായി അദ്ദേഹം തന്നെ അവകാശപ്പെടുന്നില്ല. സാമാന്യം ഒരു നല്ല വിദ്യാർത്ഥിയായിരുന്നു എന്നു മാത്രമേയുള്ളൂ. ഗുരുഭക്തിയിലും മാതാപിതാക്കന്മാരോടുള്ള ഭക്തിബഹുമാനങ്ങളിലും അദ്വിതീയൻ തന്നെയായിരുന്നു ആ ബാ



ലൻ ചെറുപ്പത്തിലെ അദ്ദേഹത്തിൽ കണ്ടുവന്ന മറെറാരു വിശേഷം ചെയ്തുപോയ കുറ്റം സ്വയം സമ്മതിക്കുകയും ആത്മാർത്ഥമായി പശ്ചാത്തപിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു! ബാല്യകാലത്തു പോലും സാധാരണ കുട്ടികൾക്കുണ്ടാകാവുള്ള ചില ചില്ലറത്തെറ്റുകൾ പിതാവിൻെറ സന്നിധിയിൽ അദ്ദേഹം ഏറ്റുപറകയും മാപ്പിനപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. സത്യമേ പറയാവൂ, നല്ലതേ ചെയ്യാവൂ എന്നു ദൃഢനിശ്ചയം ചെയ്തിരുന്ന ഗാന്ധിജി, ജീവിതാവസാനംവരെ അതു നിഷ്കർഷയോടെ പാലിച്ചതായി കാണാം.

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം, അഭിഭാഷകനായിത്തീരുവാനാണ് അദ്ദേഹം ഇച്ഛിച്ചതു്. ബാരിസ്റ്റർ പരീക്ഷയ്ക്കു പഠിക്കുന്നതിനു ഇംഗ്ലണ്ടിൽ പോകുവാൻ തീർച്ചയാക്കി. പക്ഷേ, മാതാവിനു് അതത്ര ഇഷ്ടമായിരുന്നില്ല. അവിടെ പോയാൽ, മദ്യം സേവിക്കയും മാംസം ഭക്ഷിക്കയും ചെയ്യുമെന്നുള്ളതായിരുന്നു അമ്മ മഹതിയുടെ വിശ്വാസം. അവ ഉപയോഗിക്കയില്ലെന്നു ദൃഢമായി വാഗ്ദാനം ചെയ്തിട്ടേ ഇംഗ്ലണ്ടിലേക്കു പോകുവാൻ മാതാവു് അനുവദിച്ചുള്ളൂ.

അമ്മയോടു ചെയ്ത വാഗ്ദാനം, അക്ഷരംപ്രതി പാലിച്ചുകൊണ്ടാണ് അദ്ദേഹം ഇംഗ്ലണ്ടിൽ ജീവിച്ചതു്. വെള്ളക്കാർ ഇന്ത്യാക്കാരോടും മറ്റും ചെയ്യുവന്ന വർഗ്ഗീയമായ അസമത്വം അദ്ദേഹത്തിനു അനുഭ

വിച്ചറിയുന്നതിനിടയായി. വെള്ളക്കാരുടെ ഉയന്ന വർഗ്ഗമനോഭാവത്തെ അമർഷത്തോടെ അദ്ദേഹം വീക്ഷിച്ചുവന്നു.

ബാരിസ്റ്റർ പരീക്ഷ പാസ്സായി ഇന്ത്യയിൽ വന്നപ്പോഴാണ് മാതാവിന്റെ മരണവൃത്താന്തം അദ്ദേഹം അറിഞ്ഞതു്. പഠനത്തിനു വിഘ്നമായിത്തീരുമെന്നു വിചാരിച്ചു്, ആ ദുഃഖവിവരം അതുവരെ അദ്ദേഹത്തെ അറിയിച്ചില്ല.

ഇന്ത്യയിൽ തിരിച്ചെത്തിയ ഉടൻ, ഒരഭിഭാഷകനായി ഗാന്ധിജി സന്നദ്ധനായി. അക്കാലത്തു്, തെക്കേ ആഫ്രിക്കയിൽ ഏതാനും ഇന്ത്യാക്കാരുടെ കേസ്സുനടത്തുന്നതിനു അവർ അദ്ദേഹത്തെ അങ്ങോട്ടു ക്ഷണിച്ചു. ഗാന്ധിജി ക്ഷണം സ്വീകരിച്ചു.

തെക്കേ ആഫ്രിക്കയിൽ, ഇന്ത്യാക്കാരോടു വെള്ളക്കാർ അന്നു അനുവർത്തിച്ചുവന്ന നയം, ക്രൂരവും മനുഷ്യോചിതമല്ലാത്തതുമായിരുന്നു. ദുസ്സഹമായ പല അനുഭവങ്ങളും ഉണ്ടായി. തീവണ്ടിയിൽ ഒന്നാം ക്ലാസ്സിൽ യാത്രചെയ്തിരുന്ന അദ്ദേഹത്തെ ഇറക്കിവിട്ടു. തലപ്പാവുധരിച്ചു കോടതിയിൽ ഹാജരായപ്പോൾ, അതു ഊരിവെയ്ക്കുവാൻ അവർ നിർബന്ധിച്ചു. ഇത്തരം സംഭവങ്ങൾക്കു പുറമെ, അവിടെ താമസിച്ചിരുന്ന ഇന്ത്യാക്കാരോടു് അടിമകളോടെന്നവണ്ണം വെള്ളക്കാർ പെരുമാറിവന്നു. ഇത്തരം ഹീനമായ പെരുമാറ്റങ്ങളെ ചെറുത്തുനില്ക്കുവാൻ, "നത്താൽ ഇന്ത്യൻകോൺഗ്രസ്സു്" എന്ന ഒരു സംഘടന അവിടെ

സ്ഥാപിച്ച പ്രവത്തനം തുടങ്ങി. ഇന്ത്യാക്കാരുടെ അവകാശ സമ്പാദനാത്ഥം സ്ഥാപിതമായ ഈ സംഘടനവഴി പല നേട്ടങ്ങളും ഉണ്ടായി. വെള്ളക്കാരുടെ പ്രേരണയാൽ, മഹാത്മജിയെ അവിടത്തെ ഇന്ത്യാക്കാരിൽ ചിലർ മർദ്ദിക്കപോലും ഉണ്ടായി. എന്നാൽ, പ്രതികാരബുദ്ധി നിശ്ശേഷമില്ലാതെ അവർക്ക മാപ്പുകൊടുത്തു അദ്ദേഹം അവരെ രക്ഷിച്ചു. അക്രമരാഹിത്യമാണ ബാപ്പുജിയുടെ പ്രമാണം.

തെക്കേ ആഫ്രിക്കയിൽ തന്റെറ ജോലി മിക്കവാറും പൂത്തിയാക്കിയശേഷം, അദ്ദേഹം ഇന്ത്യയിലേക്ക തിരിച്ചു.

'ഇന്ത്യൻ നാഷനൽ കാൺഗ്രസ്സ്' എന്ന ദേശീയ സംഘടന, ഭാരതത്തിന്റെറ സ്വാതന്ത്ര്യത്തിനുവേണ്ടി അന്നു പ്രവത്തിച്ചുകൊണ്ടിരുന്നു. വെള്ളക്കാരോടു സമരം ചെയ്യ നല്ല പരിചയമുണ്ടായിരുന്ന മഹാത്മജി, ഉടൻ ആ സംഘടനയിൽചേന്ന പ്രവത്തിക്കുവാൻ തുടങ്ങി. സമരം ചെയ്യുവാൻ അദ്ദേഹം ഉപയോഗിച്ച ആയുധം, അക്രമരഹിതമായ നിസ്സഹകരണമായിരുന്നു. ഇന്ത്യയിൽ ഇംഗ്ലീഷുകാർ നടത്തുന്ന ഭരണത്തോടു് അക്രമരഹിതമായി നിസ്സഹരിക്കുകയെന്നാണിതിന്റെറ അത്ഥം.

ഇങ്ങനെ, ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന ഇംഗ്ലീഷ് കാരോടു സമരം തുടങ്ങിയപ്പോൾ, അവർ മഹാത്മജിയേയും അനുയായികളായ മോട്ടിലാൽനെഹ്റു, ജവഹരിലാൽ നെഹ്റു, വല്ലഭായിപട്ടേൽ, അബുൽ-

കലാം ആസാദ്, സരോജിനായിഡു മുതലായവരേയും മറ്റനേകം പേരേയും അറസ്റ്റുചെയ്ത കാരാഗൃഹത്തിലടച്ചു. ഒരു പ്രാവശ്യമല്ല, പല പ്രാവശ്യം. ഇതുകൊണ്ടൊന്നും മഹാത്മജിയേയും അനുയായികളേയും പിന്തിരിക്കുവാൻ ഇംഗ്ലീഷുകാക്ക കഴിഞ്ഞില്ല. പലരേയും ലാത്തികൊണ്ടടിച്ചു മുറിവേല്പിച്ചു് പിന്തിരിക്കുവാൻനോക്കി. ഫലമുണ്ടായില്ല. ഇംഗ്ലീഷുകാരും ഉറച്ചനില കൈക്കൊണ്ടു.

മഹാത്മജി മറ്റൊരു സമരപരിപാടി നിർമ്മിച്ചു. ഉപ്പുസത്യഗ്രഹം എന്നാണതിനു പേർ. ഉപ്പുണ്ടാക്കുന്നതു് ഗവണ്മെൻറിൻെറ കുത്തകയാണു്. ആ നിയമം ലംഘിക്കുവാൻ വേണ്ടി കടലോരങ്ങളിൽവച്ചു് നേതാക്കന്മാർ ഉപ്പുണ്ടാക്കി. നാടൊട്ടുക്കു അറസ്റ്റുകളും ശിക്ഷകളും നടന്നു. എങ്കിലും ഇതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഇംഗ്ലീഷുകാർ ഇന്ത്യവിടണമെന്നു മഹാത്മജി പറഞ്ഞു.

ഇംഗ്ലീഷ് ഭരണം ഇവിടെ തുടർന്നുകൊണ്ടുപോകുന്നതു് സാദ്ധ്യമല്ലെന്നു അവർക്കുതന്നെ തോന്നി. 1947 ആഗസ്റ്റു് 15–ാംതീയതി ഇന്ത്യക്കു സ്വാതന്ത്ര്യം നൽകിക്കൊണ്ടു ഇംഗ്ലീഷുകാർ ഇന്ത്യവിട്ടു. സ്വാതന്ത്ര്യം ലഭിച്ചയുടനെ ഇന്ത്യയിൽ മുസ്ലീംകളും ഹിന്ദുക്കളും തമ്മിൽ വലിയ ബഹളങ്ങൾ ഉണ്ടായി. ലഹളകളും രക്തച്ചൊരിച്ചിലും പല സ്ഥലത്തും നടന്നു. ആ സ്ഥലങ്ങളിലെല്ലാം മഹാത്മജി ചുറ്റിനടന്നു സദുപദേശംചെയ്തു ലഹളകൾ ശമിപ്പിച്ചു. എല്ലാ ജ

നങ്ങൾക്കും അദ്ദേഹത്തോട് അത്ര ഭക്തിയും, ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നു.

മഹാത്മജി സാധാരണയായി പ്രാർത്ഥനായോഗങ്ങൾ നടത്തുകയും പ്രാർത്ഥനയ്ക്കുശേഷം കുറേസമയം പ്രസംഗിക്കുകയും ചെയ്ക പതിവായിരുന്നു. 1948 ജനുവരി 30-ാംനു- വൈകുന്നേരം ഡൽഹിയിൽവച്ചു പ്രാർത്ഥനായോഗത്തിൽ പങ്കുകൊള്ളുവാൻ മഹാത്മജി വന്നു പീഠത്തിൽ കയറി. ആ അവസരത്തിൽ നാഥുറാം വിനായക ഗോഡ്സെ എന്ന ഘാതകൻ ആ മഹാത്മാവിന്റെ നേരെ വെടിവച്ചു. ഏതാനും മണിക്കുറുകൾക്കുള്ളിൽ ആ പുണ്യാത്മാവു് ഇഹലോകവാസം വെടിഞ്ഞു. അല്പ നിമിഷങ്ങൾക്കുള്ളിൽ ഈ ദു:ഖവാർത്ത റേഡിയോ വഴി ലോകമെങ്ങും വ്യാപിച്ചു

ഭാരതത്തിനു സ്വാതന്ത്ര്യം നേടിത്തന്ന രാഷ്ട്രപിതാവാണു മഹാത്മജി. ലളിതമായ ജീവിതമായിരുന്നു അദ്ദേഹത്തിന്റേതു്. അഹിംസാതത്വം അദ്ദേഹം ലോകത്തിനു കാണിച്ചുകൊടുത്തു. വാക്കു്, വിചാരം, പ്രവർത്തി ഇവയിലൊന്നിലും അന്യർക്കു ഉപദ്രവമോ വേദനയോ ഉണ്ടാവാത്ത വിധത്തിൽ ജീവിക്കണമെന്നാണു ബാപ്പുജി ഉപദേശിച്ചതു്.

ആവർത്തനചോദ്യങ്ങൾ.

1. സോക്രട്ടീസ് ജനങ്ങളെ വിജ്ഞാനികളാക്കിത്തീർക്കുവാൻ സ്വീകരിച്ച മാർഗ്ഗമേതു്?

2. ആപത്തിൽ ധൈര്യം, മരണത്തിൽ ഭയമില്ലായ്മ എന്നീ ഗുണങ്ങൾ സോക്രട്ടീസിൽ തെളിഞ്ഞുകാണുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നിന്നും ഇതുകാണിക്കുന്ന രണ്ടു സംഭവം പറയുക.

3. അലക്സാണ്ടർ ഇന്ത്യയെ ആക്രമിച്ചപ്പോൾ അദ്ദേഹത്തെ എതിർത്ത രാജാവാരു്?

4. "ധീരന്മാർ ആപത്തുകളെ ഭയപ്പെടാറില്ല" എന്നതിനു് അലക്സാണ്ടറുടെ ഇന്ത്യാ ആക്രമണത്തിൽ നിന്നും ഒരുദാഹരണം കാണിക്കുക.

5. യുദ്ധം ചെയ്യുവാൻ ജോൻ ഓഫ് ആർക്കിനു പ്രേരണ നൽകിയ കാര്യങ്ങളേവ?

6. ജോൻ ഓഫ് ആർക്കിനു് നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ എന്തെല്ലാം? അവയെ ആ യുവതി എങ്ങിനെ തരണംചെയ്തു.

7. അച്ചടി അക്ഷരങ്ങൾ ആദ്യമായി കണ്ടുപിടിച്ച മഹാൻ ആരു്?

8. ആദ്യമായി അച്ചടിച്ച കല്പന ഏതു്?

9. കൊളംബസ്സിനെ അമേരിക്കാ കണ്ടുപിടിക്കാൻ പ്രേരിപ്പിച്ച സംഗതികൾ ഏവ?

10. ജോർജ്ജ് സ്റ്റീഫൻസണിന്റെ ബാല്യകാലജീവിതം വിവരിക്കുക.

11. തീവണ്ടി ഓടുവാൻ പാളമില്ലെങ്കിലുള്ള ദോഷമെന്ത്?

12. മോട്ടോർകാർ പാളം ഇല്ലാതെ ഓടുന്നതെന്തുകൊണ്ട്?

13. അബ്രഹാം ലിങ്കന്റെ പേരു് മനുഷ്യസമുദായം എന്നും ഓർമ്മിക്കും. എന്തുകൊണ്ട്?

14. മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവെന്നു പറയുന്നതു എന്തുകൊണ്ട്?

15. ബാപ്പുജിയുടെ ബാല്യകാലത്തേക്കുറിച്ചു് ചുരുക്കിയെഴുതുക.

അദ്ധ്യായം 9.

രാജ്യഭരണം

തെരഞ്ഞെടുപ്പു്

ഇന്ത്യാമഹാരാജ്യം ഈ അടുത്തകാലംവരെ അടക്കിഭരിച്ചിരുന്നതു് ഇംഗ്ലീഷുകാർ ആയിരുന്നു. ഭാരതീയർ ദീർഘകാലം അടിമത്തം അനുഭവിച്ചശേഷം, ദേശഭക്തരായ അനവധി മഹാന്മാരുടെ സേവനഫലമായി നാം സ്വതന്ത്രരായി. 1947 ആഗസ്റ്റു് 15–ാംനു- ഇംഗ്ലീഷുകാർ ഇന്ത്യ വിട്ടു.

ഇംഗ്ലീഷുകാരുടെ ഭരണകാലത്തു് അവർ നമ്മുടെ അഭിലാഷങ്ങളെ ആദരിച്ചിരുന്നില്ല. നാം സ്വതന്ത്രരായതോടുകൂടി നമ്മെ ഭരിക്കുവാനുള്ള ചുമതല നമുക്കുതന്നെയാണുള്ളതു്.

റിപ്പബ്ലിക്കു് ഭരണരീതിയാണു് ഇന്നു് ഇന്ത്യയിൽ നിലവിലിരിക്കുന്നതു്. ജനായത്തഭരണം എന്നും ഇതിനു പേരുപറയാം. എന്താണു് റിപ്പബ്ലിക്കു്, അഥവാ, ജനായത്തഭരണം എന്നു പറയുന്നതു്? ജനങ്ങളെ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തന്നെ ഭരിക്കുന്നതാണീരീതി. അതായതു് ഭരണസംബന്ധമായ എല്ലാ കാര്യങ്ങളുടേയും ഉത്തരവാദിത്വം ജനങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു. ജനങ്ങളെല്ലാംകൂടി ഭരണം നടത്തുന്നു എന്നു പറയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കാം. വാസ്തവം അങ്ങനെതന്നെയാണു്. പക്ഷെ, ഓരോ പൗരനും ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നില്ല. അതിനുപകരം അവർ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും, പ്രതിനിധികളെല്ലാംകൂടിയിരുന്നു ഭരണകാര്യങ്ങളെക്കുറിച്ചു് ആലോചിച്ചു് തീരുമാനിക്കുകയും ചെയ്യുന്നു.

ആരാണു് തെരഞ്ഞെടുക്കേണ്ടതു്? തെരഞ്ഞെടുക്കുവാനുള്ള അവകാശം എല്ലാവർക്കും ഇല്ല. തെരഞ്ഞെടുക്കുവാൻ അവകാശമുള്ളവരെ 'വോട്ടർമാർ' എന്നു പറയുന്നു. അവരുടെ അവകാശമത്രെ വോട്ടവകാശം അല്ലെങ്കിൽ, സമ്മതിദാനാവകാശം.

ഇരുപത്തിഒന്നു വയസ്സു പ്രായപൂർത്തിവന്ന ഓ

രോ പൗരനും വോട്ടവകാശമുണ്ട്. ജാതി, മത, വർ ഗ്ഗഭേദമെന്യേ പ്രായപൂർത്തിവന്ന ഏതൊരു പൗരനേയും തെരഞ്ഞെടുക്കാവുന്നതാണ്. തെരഞ്ഞെടുപ്പിന്റെ സൗകര്യത്തിനുവേണ്ടി രാജ്യത്തെ ഒട്ടാകെ പല നിയോജകമണ്ഡലങ്ങളായിത്തിരിച്ചിരിക്കുന്നു. ഓരോ നിയോജകമണ്ഡലത്തിലും സ്ഥാനാർത്ഥികളായി മത്സരിക്കുന്നവരിൽ ആർക്കുവേണമെങ്കിലും നമ്മുടെ വോട്ടനൽകാവുന്നതാണ്. കൂടുതൽ വോട്ട ലഭിക്കുന്നയാൾ തെരഞ്ഞെടുക്കപ്പെടുന്നു. ഒരു നിയോജകമണ്ഡലത്തിൽ മത്സരിക്കുവാൻ മറ്റാരുമില്ലാതെ, ഒരു സ്ഥാനാർത്ഥിമാത്രം നില്ക്കുമ്പോൾ അവിടെ വോട്ടെടുക്കേണ്ട ആവശ്യമില്ല. ആ വ്യക്തി, സർവ്വസമ്മതമായി തെരഞ്ഞെടുക്കപ്പെട്ട എന്നു കണക്കാക്കാം.

തെരഞ്ഞെടുപ്പിൽ മറ്റാരുടേയും പ്രേരണയോ, ഇച്ഛയോ നാം നോക്കേണ്ടതില്ല. നമുക്ക് ഇക്കാര്യത്തിൽ, പൂർണ്ണസ്വാതന്ത്ര്യവും രക്ഷയും നൽകുന്നതിനുവേണ്ടി രഹസ്യമായി വോട്ടചെയ്യുന്നതിനുള്ള ഏർപ്പാടുകളും ഉണ്ട്.

പൌരന്റെ ചുമതലകൾ.

ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഓരോ പൗരനും ചില അധികാരങ്ങളും അവകാശങ്ങളും ഉള്ളതായി കണ്ടുവല്ലൊ. അതോടുകൂടിത്തന്നെ പൗരനും ചില ചുമതലകളുണ്ട്.

പൗരൻ സ്വതന്ത്രനായിരിക്കണം. ഭാരതത്തിനു

സ്വാതന്ത്ര്യം കിട്ടിയതോടുകൂടി ഇന്ത്യയിൽ ജീവിക്കുന്ന ഓരോരുത്തനും സ്വതന്ത്രനാണ്. അവനിഷ്ടമുള്ള മതം സ്വീകരിക്കുവാനും തൊഴിൽ ചെയ്യുവാനും പൂർണ്ണസ്വാതന്ത്ര്യമുണ്ട്. ഇങ്ങനെ അവകാശങ്ങൾ അനുഭവിക്കുന്നവനു് ചില ചുമതലകളും ഉണ്ടായിരിക്കണമല്ലോ.

ഒരു പൗരന്റെ പ്രധാനപ്പെട്ട ചുമതല സ്വരാജ്യസ്നേഹമാണു്. തന്റെ രാജ്യത്തിന്റെ ഉയർച്ചക്കു വേണ്ടി ഓരോ പൗരനും ആത്മാർത്ഥമായി പരിശ്രമിച്ചെങ്കിൽ മാത്രമേ രാജ്യം അഭിവൃദ്ധിപ്പെടുകയുള്ളൂ. രാജ്യത്തിന്റെ അഭിവൃദ്ധിയിലാണു് പൗരന്റേയും അഭിവൃദ്ധി നിലകൊള്ളുന്നതെന്നു മനസ്സിലാക്കി പ്രവൃത്തിക്കണം.

ഒരു പൗരന്റെ ചുമതലകളെ രണ്ടായി തരംതിരിക്കാം. രാജ്യനിയമങ്ങളെ അനുസരിക്കുക. അതു് നിർബന്ധപൂർവ്വം നിറവേറേണ്ട ഒരു ചുമതലയാണു്. എല്ലാവക്കും സുഖമായും സ്വതന്ത്രമായും ജീവിക്കുന്നതിനാണു് നിയമങ്ങൾ. ശിക്ഷയെ ഭയന്നല്ല, നിയമം അനുസരിക്കേണ്ടതു്. ഒരു പൗരൻ നിയമം ലംഘിക്കുന്നതു് മറ്റൊരു പൗരന്റെ അവകാശത്തിൽ കൈകടത്തുന്നതിനു സമമാണു്. സാമൂഹ്യമായ അച്ചടക്കബോധം എല്ലാവക്കും ഉണ്ടായിരിക്കണം.

ഗവണ്മെൻറിൽ നിന്നു ചുമത്തുന്ന നികുതികൾ കൊടുക്കേണ്ടതും നിർബന്ധിത ചുമതലകളിൽ പെ

ടുന്നു. നികുതി പിരിക്കുന്ന പണം ജനങ്ങളുടേതാണ്. അതു ജനങ്ങളുടെ ആവശ്യത്തിനുവേണ്ടിയാണ് ചെലവാക്കുന്നതു്. പണമില്ലെങ്കിൽ ഭരണം മുൻപോട്ടു കൊണ്ടുപോകുക സാദ്ധ്യമല്ല. നികുതിയിൽ നിന്നു് ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്നതു് രാജ്യത്തോടു ചെയ്യുന്ന ദ്രോഹമായി കരുതണം.

ഓരോ പൗരനും സ്വമനസ്സാലെ പരപ്രേരണകൂടാതെ ചെയ്യേണ്ട സംഗതികളാണു് രണ്ടാമത്തെ ഇനത്തിൽ പെടുന്ന ചുമതലകൾ. ഓരോ പൗരനും കിട്ടിയിട്ടുള്ള രാഷ്ട്രീയസ്വാതന്ത്ര്യം അവൻ കർത്തവ്യബോധത്തോടുകൂടി ഉപയോഗിക്കണം. വോട്ടവകാശം ദുരുപയോഗപ്പെടുത്തുകയോ, ഉപയോഗിക്കാതിരിക്കുകയോ ചെയ്യാൻ പാടില്ല. പൊതുക്ഷേമത്തെ ഉദ്ദേശിച്ചു് നമ്മുടെ വോട്ടുകളുടെ ഫലമായി രൂപീകൃതമായ ഗവണ്മെൻറു് ആരംഭിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സംരംഭങ്ങൾക്കും നമ്മുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഓരോ പൗരനും ചെയ്യേണ്ടതാണ്.

സാമൂഹ്യസേവനം, വയോജനവിദ്യാഭ്യാസം മുതലായ കാര്യങ്ങളിൽ പ്രതിഫലം ആഗ്രഹിക്കാതെ നാം ശുഷ്കാലുക്കളായിരിക്കേണ്ടതാണ്.

രാജ്യത്തിൻറെ സമാധാനവും, അതുവഴി ലോകസമാധാനവും കൈവരുത്തുന്നതിൽ നാം നിരന്തരം ശ്രമിക്കേണ്ടതാകുന്നു. അശ്ലീലമായ സംഭാഷണങ്ങൾ, ദുർഗ്രഹണങ്ങൾ, ദുരാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ

മുതലായവ ഒരു യഥാർത്ഥ പൗരന്റെ യോഗ്യതയെ മലിനപ്പെടുത്തുന്നു. മറെറാരു പ്രധാന സംഗതി വർഗ്ഗീയതയാണ്. വർഗ്ഗീയത സമുദായവിദ്വേഷത്തെ ഇളക്കിവിടുകയും കലാപങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. സമത്വഭാവന ഇതുമൂലം നഷ്ടപ്പെടുന്നു.

നിയമനിർമ്മാണം.

പണ്ട് നിയമനിർമ്മാണം നടത്തിക്കൊണ്ടിരുന്നതു് അതാതു രാജ്യങ്ങളിലെ രാജാക്കന്മാരായിരുന്നു. അവർ ജനങ്ങളോടു് യാതൊന്നും ആലോചിച്ചിരുന്നില്ല. ഭരണാധികാരിയുടെ ഇഷ്ടംപോലെയുള്ള ഭരണത്തിനു സേച്ഛാഭരണം എന്നുപേർ.

സേച്ഛാഭരണം ജനങ്ങളുടെ ഹിതാഹിതം നോക്കിയായിരുന്നില്ല. എന്നാൽ ജനായത്തഭരണത്തിൽ അല്ലെങ്കിൽ റിപ്പബ്ലിക്കു് ഭരണത്തിൽ ജനപ്രതിനിധികൾ കൂടിയിരുന്നാലോചിച്ചു രാജ്യത്തിനാവശ്യമുള്ള നിയമങ്ങൾ ഉണ്ടാക്കുന്നു. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന വിധം പഠിച്ചുവല്ലോ.

പൊതുജനനന്മയെ ലാക്കാക്കി, ഒരു നിയമം ഉണ്ടാക്കണമെന്നു് ഒരു പ്രതിനിധി ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ അതു നിയമസഭയിൽ കൊണ്ടുവരുന്നു. ജനപ്രതിനിധികൾ അതിന്റെ ഗുണഗണങ്ങളെക്കുറിച്ചും ദോഷങ്ങളെക്കുറിച്ചും വിശദമായി ചർച്ചചെയ്യുന്നു. ഭൂരിപക്ഷമനുസരിച്ചു് അതു സ്വീകരിക്കയോ തള്ളുകയോ ചെയ്യുന്നു. നിയമങ്ങൾ ഉണ്ടാക്കുന്ന സ

ഭയായതുകൊണ്ടാണ് അതിനു നിയമസഭ എന്നുപേർ സിദ്ധിച്ചതു്.

ഇന്ത്യൻ യൂണിയനിൽ ജനപ്രതിനിധികളടങ്ങിയ രണ്ടു സഭകളുണ്ടു്. രാജ്യസഭയെന്നും ലോകസഭയെന്നുമാണു് അവയുടെ പേർ.

രാജ്യസഭയുടെ അദ്ധ്യക്ഷൻ ഇന്ത്യൻ വൈസ് പ്രസിഡൻറാണു്. ഈ സഭയിൽ 250 വരെ അംഗങ്ങൾ ഉണ്ടായിരിക്കാം. രണ്ടുവർഷം കൂടുമ്പോൾ ഇതിലെ അംഗങ്ങളിൽ മൂന്നിലൊരു ഭാഗംപേക്കു് അംഗത്വം നഷ്ടപ്പെടുന്നു.

ലോകസഭയിൽ പരമാവധി 500 അംഗങ്ങൾവരെ ആകാം. ഇതിൻെറ അദ്ധ്യക്ഷനെ 'സ്പീക്കർ' എന്നു പറയുന്നു. ലോകസഭയിലെ അംഗങ്ങളുടെ കാലാവധി അഞ്ചുവർഷമാകുന്നു. ഈ രണ്ടു സഭകളിലും പാസ്സാകുന്ന നിയമങ്ങൾ രാജ്യനിയമമായിത്തീരുന്നു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും രാജ്യങ്ങളും ക്രടിച്ചേർന്നതാണു് ഇന്ത്യൻ യൂണിയൻ. സംസ്ഥാനങ്ങൾക്കും പ്രവിശ്യകൾക്കും പ്രത്യേകമായ നിയമസഭകളുണ്ടു്. അതതു സ്ഥലങ്ങളിലെ പ്രത്യേക പരിതഃസ്ഥിതി അനുസരിച്ചുള്ള നിയമങ്ങൾ അവിടവിടെ പാസ്സാക്കുന്നു. അവ ഇന്ത്യ ഒട്ടാകെ ബാധിക്കുന്ന നിയമങ്ങളായിരിക്കയില്ല.

മന്ത്രിസഭ.

നിയമസഭയിലേക്കു് അംഗങ്ങളെ തെരഞ്ഞെടുക്കുന്നകാര്യം മുൻപു് പ്രസ്താവിച്ചുകഴിഞ്ഞു. രാജ്യകാ

രൃങ്ങളിൽ പൊതുവായി ഒരേ അഭിപ്രായം പാലിക്കു ന്നവരെ ഒരു പാർട്ടിയിൽ പെട്ടവരെന്നു പ റയുന്നു. ഒരു നിയമസഭയിൽ പല പാർട്ടി കളുണ്ടായിരിക്കും. ഭൂരിപക്ഷമുള്ള പാർട്ടിയിലെ നേതാവു്, പ്രധാനമന്ത്രിയായിത്തീരുന്നു. തന്നോ ടു് പൂർണ്ണമായി യോജിച്ചും സഹകരിച്ചും പ്രവ ത്തിക്കുമെന്നു അദ്ദേഹത്തിനു വിശ്വാസമുള്ള എട്ടപ ത്തുപേരെ അദ്ദേഹം തന്റെ സഹമന്ത്രിമാരായി തെ രഞ്ഞെടുക്കുന്നു. അവർക്കോരോരുത്തർക്കും ഒന്നോ അ തിലധികമോ ഡിപ്പാർട്ടുമെൻറുകളുടെ ഭരണച്ചുമതല യും കൊടുക്കുന്നു. പ്രധാനമന്ത്രിയും ഏതാനും ഡി പ്പാർട്ടുമെൻറുകളുടെ ഭരണം ഏറ്റെടുക്കുന്നു. ഇങ്ങനെ, പ്രധാനമന്ത്രിയും, സഹമന്ത്രിമാരും അടങ്ങിയ സഭ യാണു മന്ത്രിസഭ, അഥവാ, കൃാബിനറു്. മന്ത്രിസഭ, നിയമനിർമ്മാണസഭയോടു ഉത്തരവാദപ്പെട്ടിരിക്കുന്നു.

ഇന്ത്യയിൽ, ലോകസഭയോടു മന്ത്രിസഭ ഉത്തര വാദപ്പെട്ടിരിക്കുന്നു. ആ സഭയിലെ അംഗങ്ങളാണു മ ന്ത്രിസഭയിൽ.

ഓരോ സ്റ്റേറ്റുകളിലും പ്രത്യേകം നിയമസ ഭയുണ്ടു്. അവിടെയും മന്ത്രിസഭയുണ്ടായിരിക്കും.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പരമാധികാരം ഇന്ത്യൻ പ്രസിഡണ്ടിനാണു്. അദ്ദേഹവും തെര ഞ്ഞെടുക്കപ്പെട്ട ആളാണു്. 35 വയസ്സിൽ കുറയാത്ത ഏതൊരു ഇന്ത്യൻ പൗരനും ഇന്ത്യൻ പ്രസിഡ ണ്ടായി തെരഞ്ഞെടുക്കപ്പെടാം.

സെക്രട്ടേറിയറ്റ്

മന്ത്രിസഭാംഗങ്ങൾ ചിലപ്പോളെല്ലാം മാറി എന്നുവരാം. എന്നാൽ, മന്ത്രിസഭ മാറുന്നതോടുകൂടി ഭരണനിർവ്വഹണം മാറുവാൻ നിർവ്വാഹമില്ല. പോരെങ്കിൽ, ഓരോവകുപ്പിനും ആവശ്യമുള്ള സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ളവരായിരിക്കണമെന്നില്ല മന്ത്രിമാർ. തന്മൂലം ഭരണനിർവ്വഹണത്തിന് കാലവിളംബമോ പക്ഷപാതമോ വരാതിരിക്കുന്നതിനും മന്ത്രിസഭയെ സഹായിക്കുന്നതിനാവശ്യമായ വേണ്ടവിവരങ്ങൾ നല്കുന്നതിനും വകുപ്പദ്ധ്യക്ഷന്മാർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും ഓരോ വകുപ്പുകളിലേയും കാര്യങ്ങൾ പരിഗണിക്കുന്നതിനും ആയി, ഓരോ വകുപ്പിന്റേയും ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു സെക്രട്ടേറിയറ്റ് ഓരോ സംസ്ഥാനത്തിലും കേന്ദ്രത്തിലും ഉണ്ട്. മന്ത്രിസഭാംഗങ്ങൾ മാറിയാലും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ മാറുന്നില്ല. തന്മൂലം, പുതിയ മന്ത്രിമാർ വരുമ്പോൾ അതുവരെയുള്ള കാര്യങ്ങൾ അവക്കു പെട്ടെന്ന് ഗ്രഹിക്കുവാൻ സാദ്ധ്യമാകുന്നു. ചീഫ് സെക്രട്ടറി ആണ് സെക്രട്ടേറിയറ്റിലെ പ്രധാന ഉദ്യോഗസ്ഥൻ. അദ്ദേഹത്തെ സഹായിക്കുവാനായിഓരോവകുപ്പിന്റേയും ചുമതല വഹിക്കുന്ന സെക്രട്ടറിമാരുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റിനേയും സംബന്ധിച്ച എഴുത്തുകുത്തുകൾ അതതു സെക്രട്ടറിയും അദ്ദേഹത്തിന്റെ കീഴ്സിൽബന്ധികളും മുഖേനയാണ് മന്ത്രിസഭയിൽ സമർപ്പിക്കുന്നത്.

ഡിപ്പാർട്ടുമെൻറ്

ഒരു രാജ്യത്തിൻെറ ഭരണം ശരിയായി നടക്കുന്നതിനും നടത്തുന്നതിനും ഓരോ വിഷയത്തെ സംബന്ധിച്ചും പ്രത്യേകമായി അറിവും സാമർത്ഥ്യവും ഉള്ള ഉദ്യോഗസ്ഥന്മാർ ആവശ്യമാണ്. പാലം പണിയുന്നതിനെ സംബന്ധിച്ച പ്രത്യേക പരിജ്ഞാനമുള്ളയാളിനെ അതു സംബന്ധമായ നിർദ്ദേശങ്ങളും നൽകുവാൻ കഴികയുള്ളു. അയാൾക്കു ഒരു രോഗിയെ പരിശോധിച്ചു ദീനം കണ്ടുപിടിച്ചു ചികിത്സിക്കുന്നതിന് സാമ്ഥ്യമല്ലല്ലോ. ഇങ്ങനെ നോക്കുമ്പോൾ, ഒരു രാജ്യത്തു് ഭരണസംബന്ധമായും മറും ഓരോ കാര്യങ്ങളും നോക്കുന്നതിനു് പ്രത്യേകമായ ഡിപ്പാർട്ടുമെൻറുകളും ആവശ്യമാണെന്നു വന്നുകൂടുന്നു.

ഏതാനും ഡിപ്പാർട്ടുമെൻറുകളെക്കുറിച്ചുള്ള സാമാന്യ വിവരണം താഴെ കൊടുക്കുന്നു.

വിദ്യാഭ്യാസവകുപ്പ്.

പൌരന്മാർക്കു വിദ്യാഭ്യാസം ശരിയായ വിധത്തിൽ നൽകേണ്ടതു് ഏതു ഗവണ്മെൻറിൻേറയും കടമയാകുന്നു. എഴുത്തും വായനയും ബാലികാബാലന്മാർക്കു സൌജന്യമായിട്ടാണു നല്കിവരുന്നതു്. തന്നിമിത്തം പ്രാഥമിക വിദ്യാലയങ്ങളിൽ നിന്നും ഫീസ്സിനങ്ങൾ വഴി യാതൊരു വരുമാനവും ഇല്ല. അതിനുവേണ്ടിവരുന്ന എല്ലാ ചിലവുകളും ഗവണ്മെൻറു വഹിക്കുന്നു. ഇതിനും പുറമേ നിർബന്ധ പ്രാഥമി

ക വിദ്യാഭ്യാസം ചില താലൂക്കുകളിൽ നടപ്പാക്കീട്ടുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസമായി. ഇതും സൗജന്യമാണ്. ഇതിനുശേഷമുള്ള ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ഫീസു കൊടുക്കേണ്ടതുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ഉപരി പഠനത്തിനുള്ള സൗകര്യമാണു കോളേജുകൾ നൽകുന്നതു്. തിരു-കൊച്ചി സംസ്ഥാനത്തു പല കോളേജുകളും ഗവണ്മെൻറു വകയായും മാനേജുമെൻറു വകയായും ഉണ്ടു്. ഇവയുടെ മേൽനോട്ടം വഹിക്കുന്നതു് തിരുക്കൊച്ചി സർവ്വകലാശാലയാണു്. ഇതിലേക്കു വേണ്ടിവരുന്ന ഭീമമായ ചെലവും ഗവണ്മെൻറു വഹിക്കുന്നു.

സാഹിത്യപരമായും കലാപരമായും ഉള്ള വിദ്യാഭ്യാസത്തിനു പുറമേ സാങ്കേതികവിഷയങ്ങളിലും തൊഴിൽപരമായ വിഷയങ്ങളിലും വേണ്ടത്ര പരിശീലനവും പഠിപ്പും നൽകുന്നതിനു സാങ്കേതിക വിദ്യാലയങ്ങളും കലാശാലകളും ഉണ്ടു്. ഇൻജിനീയറിംഗ് കോളേജു്, മെഡിക്കൽകോളേജു്, ആയുർവ്വേദകോളേജു്, പോളിടെക്നിക്കൽ വിദ്യാലയം മുതലായവ ഇതിനുത്തിൽപ്പെട്ടവയാണു്.

ജ്ഞാനോൽക്കർഷത്തിനു ഗ്രന്ഥപാരായണം അത്യാവശ്യമാകുന്നു. ഗ്രന്ഥങ്ങൾ എല്ലാം സ്വന്തം പ

ണം കൊടുത്തുവാങ്ങി വായിക്കുവാൻ കഴിയുന്നവർ വളരെ ചുരുക്കമായിരിക്കുമല്ലൊ. ഈ വിഷമതയെ പരിഹരിക്കുന്നതിനുവേണ്ടിയാകുന്നു രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും വായനശാലകളും നടത്തപ്പെട്ടുന്നതു്. ശരിയായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്ന വായനശാലകൾക്കു ഗവണ്മെൻറിൽ നിന്നു ഗ്രാൻറു നൽകിവരുന്നു. ഗവണ്മെൻറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ഒരു മഹാഗ്രന്ഥാലയമാകുന്നു തിരുവനന്തപുരത്തെ പബ്ലിക്കു ലൈബ്രറി.

പൊതുജനാരോഗ്യം.

പൊതുജനങ്ങൾക്കു വൈദ്യസഹായം നൽകുകയും അവരുടെ ആരോഗ്യം സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതു ഗവണ്മെൻറിന്റെ ഒരു പ്രധാന കർത്തവ്യമാകുന്നു. രോഗികളെ പരിശോധിച്ചു മരുന്നു നിർണ്ണയിക്കുന്നതിനും ആവശ്യമെന്നു തോന്നുന്നപക്ഷം ശസ്ത്രക്രിയകളും നടത്തുന്നതിനും താമസിപ്പിച്ചു ചികിത്സിക്കുന്നതിനും ആയി ധാരാളം ആശുപത്രികളും രാജ്യത്തിന്റെ പലഭാഗങ്ങളിലുമായി ഉണ്ടു്. സൗജന്യമായ ചികിത്സയാണു് അവിടങ്ങളിൽ നടത്തിവരുന്നതു്. വിദ്യാലയങ്ങളിലും കലാശാലകളിലും ഉള്ള വിദ്യാർത്ഥീ വിദ്യാർത്ഥിനികളെ പരിശോധിക്കുന്നതിനും വേണ്ട വ്യവസ്ഥകളുണ്ടു്.

പകർച്ചവ്യാധികളെ തടയുന്നതിനു് ആവശ്യമായ മുൻകരുതലുകളും ഗവണ്മെൻറിൽ നിന്നു് ചെയ്തി

ട്ടുണ്ട്. എല്ലാ വിദ്യാർത്ഥികളും ഗോവസൂരിപ്രയോഗം ചെയ്തിരിക്കണമെന്നു നിർബന്ധമുണ്ട്. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ വേണ്ട മുൻകരുതലുകളും പ്രതിവിധികളും ഗവണ്മെൻറു ചെയ്തുവരുന്നു. ഇങ്ങനെ നോക്കുമ്പോൾ പൊതുജനാരോഗ്യസംരക്ഷണാർത്ഥം ഗവണ്മെൻറിനു വൻതുകകൾ ചിലവാക്കേണ്ടതായിട്ടുണ്ട്.

പൊതുമരാമത്തു്.

വൻചിലവുള്ള ഒരു വകുപ്പാണു പൊതുമരാമത്തു വകുപ്പു്. റോഡുകൾ, പാലങ്ങൾ, ഗവണ്മെൻറു കെട്ടിടങ്ങൾ മുതലായവ നിർമ്മിക്കുന്നതും അവയ്ക്കുണ്ടാകുന്ന സംരക്ഷണവേലകൾ നടത്തുന്നതും ഈ വകുപ്പിൻറെ മേൽനോട്ടത്തിലാണു്. ഇതുകൂടാതെ ജലസേചനപദ്ധതി, തോട്ടു്, വിദ്യുച്ഛക്തിവിതരണം മുതലായവയും ഈ വകുപ്പിൻറെ കീഴിലാകുന്നു.

ആവർത്തനചോദ്യങ്ങൾ.

1. രഹസ്യമായി വോട്ടു ചെയ്യുവാൻ അവകാശം നൽകിയിരിക്കുന്നതെന്തിനാണു്?

2. ഒരു പൗരൻറെ മൗലികങ്ങൾ എന്തെല്ലാം?

3. ലോകസഭ രാജ്യസഭ എന്നിവയുടെ അദ്ധ്യക്ഷന്മാർക്കുള്ള പേരെന്തു്?

4. സെക്രട്ടേറിയറ്റിന്റെ ആവശ്യമെന്ത്?

5. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ ചുമതലകളെന്തെല്ലാം?

6. പകർച്ചവ്യാധികളെ തടയുന്നതിനു പൊതുജനാരോഗ്യവകുപ്പിൽ നിന്നു എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിരിക്കുന്നു?

അദ്ധ്യായം 10.

രാഷ്ട്രം.

ഒരു പൗരന്റെ ചുമതലകളേക്കുറിച്ചു നാം പഠിച്ചുകഴിഞ്ഞുവല്ലോ. ഗവണ്മെൻറു പാസ്സാക്കുന്ന നിയമങ്ങൾ അനുസരിക്കുക, നികുതി കൊടുക്കുക മുതലായ കാര്യങ്ങൾ പൗരന്റെ കടമകളിൽപ്പെടുന്നു. പൗരന്മാർക്കു ആവശ്യമായ വിദ്യാഭ്യാസം നൽകുക, അവരുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിക്കുക, സഞ്ചാരസൗകര്യങ്ങൾ ഉണ്ടാക്കിത്തരിക മുതലായ കാര്യങ്ങൾ ഗവണ്മെൻറു ചെയ്തുതരുന്നു. അവയേക്കുറിച്ച് മുൻഅദ്ധ്യായത്തിൽ പഠിച്ചുകഴിഞ്ഞു.

മേല്പറഞ്ഞവയ്ക്കുപുറമെ, മറ്റു ചില കർത്തവ്യങ്ങളും ഒരു രാഷ്ട്രത്തിനുണ്ട്. രാജ്യത്തെ ശത്രുക്ക

ളിൽനിന്നു രക്ഷിക്കേണ്ടതു ഗവണ്മെൻറിൻെറ കർത്തവ്യമാകുന്നു. ക്രൂരാതെ രാജ്യത്തിനകത്തു് പൗരന്മാർ തമ്മിലുണ്ടാകുന്ന വഴക്കുകളെ പറഞ്ഞുതീർക്കയും, അവരുടെ വസ്തുവകകളും ജീവനും രക്ഷിക്കയും ചെയ്യുവാൻ വേണ്ട വ്യവസ്ഥകളും ചെയ്തിരിക്കേണ്ടതും ഗവണ്മെൻറിൻെറ കടമയത്രെ.

വിദേശീയാക്രമണത്തിൽനിന്നും
രാജ്യത്തെ രക്ഷിക്കുന്നതു്.

അന്യരാജ്യക്കാർ നമ്മുടെ രാജ്യത്തെ ആക്രമിച്ചു കീഴ്പെടുത്തുവാൻ ശ്രമിക്കുമ്പോൾ അതിനെ തടയേണ്ടതു് ആവശ്യമാകുന്നു. പണ്ടു് ഇംഗ്ലീഷുകാർ ഇന്ത്യയെ കൈവശപ്പെടുത്തിയപ്പോൾ നമ്മുടെ രാജ്യത്തെ രക്ഷിക്കുവാൻ പൊതുവായി ഒരു സൈന്യം ഇന്ത്യയ്ക്കൊട്ടാകെ ഇല്ലാതെപോയി. ഇന്നാകട്ടെ, സുശക്തമായ സൈന്യം നമുക്കുണ്ടു്.

സൈന്യത്തെ പലതായി തരംതിരിക്കാം. കരസൈന്യം, കടൽസൈന്യം, വിമാനസൈന്യം.

കരയിൽക്കൂടി വന്നു രാജ്യത്തെ ആക്രമിക്കുന്നതിനെ തടയുവാനാണു കരസൈന്യം. കപ്പലിൽ സൈന്യത്തെ കൊണ്ടുവന്നിറക്കിയുദ്ധം ചെയ്യുവാൻ കഴിയുന്നതാണല്ലോ. അങ്ങനെ വരുമ്പോൾ കടലിൽ വച്ചതന്നെ അവരെ തടഞ്ഞുനിർത്തേണ്ടതത്യാവശ്യമാകുന്നു. അതിനാണു കടൽസൈന്യം. ഇക്കാലത്തു വിമാനങ്ങളിൽക്കൂടിവന്നു ബോംബിട്ടും മറ്റും രാജ്യങ്ങളെ ആക്രമിക്കാറുണ്ടു്. വിമാനംവഴി സൈന്യ

ങ്ങളെ ഇറക്കിവിടുവാനും കഴിയുന്നതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിമാനസൈന്യം രാജ്യരക്ഷയ്ക്കുപകരിക്കുന്നു. ഇതിനുപുറമെ, ശത്രുക്കളുടെ നിലയെക്കുറിച്ചും ഗതിയെക്കുറിച്ചും അറിയുന്നതിനും വിമാനസൈന്യം ഉപകരിക്കുന്നു.

രാജ്യരക്ഷാർത്ഥം, സൈന്യങ്ങളിലും മറ്റും ചേർന്നു രാജ്യസേവനം അനുഷ്ഠിക്കേണ്ടതും പൗരന്റെ കർത്തവ്യങ്ങളിൽ പെട്ടതാണ്.

നീതിന്യായ പരിപാലനം

രാജ്യത്തിനകത്തു് ജനങ്ങൾ തമ്മിലുണ്ടാകുന്നവഴക്കുകളെയും തർക്കങ്ങളെയും തീർത്തു്, ജനങ്ങളുടെ ജീവനും വസ്തുവകകളും കാത്തുരക്ഷിക്കേണ്ടതു രാഷ്ട്രത്തിന്റെ മുമതലയാണല്ലൊ. അടിപിടി, അക്രമം, മോഷണം മുതലായവ ഉണ്ടാകാതെ സൂക്ഷിക്കുകയും ഓരോരുത്തരുടെയും സ്വത്തു അന്യാധീനപ്പെട്ടുപോകാതെ സൂക്ഷിക്കുകയും ചെയ്യുന്നതിനു പോലീസുവകുപ്പും ക്രിമിനൽ കോടതികളും ഉണ്ടു്. അക്രമം ചെയ്യുകയോ സമാധാനലംഘനമുണ്ടാക്കുകയോ ചെയ്യുന്നവരെ പോലീസു വകുപ്പുമുഖേന പിടിച്ചു് ക്രിമിനൽ കോടതികളിൽ വിസ്തരിച്ചു ശിക്ഷിക്കുന്നു. അടിപിടി മോഷണം മുതലായവയെ സംബന്ധിക്കുന്ന കേസുകൾ വിചാരണ ചെയ്യുന്ന കോടതികളാണു് ക്രിമിനൽ കൊടതികൾ.

പണസംബന്ധമായും, വസ്തുവകകൾ സംബന്ധമായും ഉള്ള പരാതികൾ വിചാരണചെയ്തു തീരുമാനിക്കുന്നതിനു സിവിൽ കോടതികൾ ഉണ്ടു്.

സിവിലായും ക്രിമിനലായുമുള്ള കീഴ്ക്കോടതികളിലെ വിധികളിന്മേൽ അപ്പീൽ കേൾക്കുന്നതിനു ജില്ലാക്കോടതികൾക്കു അധികാരമുണ്ട്. വീണ്ടും തക്കമുണ്ടായാൽ ഓരോ സംസ്ഥാനത്തും, അവ തീർക്കുന്നതിനായി ഓരോ ഹൈക്കോടതിയും ഉണ്ട്. എല്ലാ ഹൈക്കോടതികളിലെയും തീരുമാനത്തിന്മേൽ പുനഃപരിശോധന നടത്തി അവസാനതീരുമാനം കൈക്കൊള്ളുന്നതിനു ഇന്ത്യയ്ക്കാട്ടാകെ ഒരു സുപ്രീം കോടതിയുണ്ട്. ഇതു് ഡൽഹിയിൽ സ്ഥിതിചെയ്യുന്നു. ഇങ്ങനെ എല്ലാത്തരത്തിലുമുള്ള സങ്കടങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ രാഷ്ട്രം മാർഗ്ഗം നിർദ്ദേശിക്കുകയും ഏർപ്പാടുകൾ ചെയ്കയും ചെയ്തിട്ടുണ്ട്.

ആവർത്തനചോദ്യങ്ങൾ.

1. ക്രിമിനൽ കോടതികളേയും, സിവിൽ കോടതികളേയും അധികാരവൃത്തങ്ങൾ വിവരിക്കുക.

2. വിദേശീയാക്രമണത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുവാൻ എന്തെല്ലാം ഏർപ്പാടുകളാണുള്ളതു്?

3. പോലീസുകാരുടെ ചുമതലകളെന്തെല്ലാം?

4. ഇന്ത്യയിൽ പരമാധികാരമുള്ള കോടതിയുടെ പേരെന്താണു്? അതു് എവിടെ സ്ഥിതിചെയ്യുന്നു?
